بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 6

വാർഷിക വരിസംഖ്യ 500 രൂപ

ലക്കം 11-12

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2021 മാർച്ച് 18–25/ഹി.ശം. 1400 അമാൻ 18–25 /1442 ശഅ്ബാൻ 04–11

## അല്ലാഹുവിന്റെ വചനം

يٰۤاَيُّهَا النَّاسُ قَدۡ جَآءَكُمُ الرَّسُوۡلُ بِالۡحَـقِّ مِنۡ رَّبِّكُمۡ فَاٰمِنُوۡا خَيۡرًا لَّـكُمۡ‌ ؕ وَاِنۡ تَكۡفُرُوۡا فَاِنَّ لِلّٰهِ مَا فِى السَّمٰوٰتِ وَالۡاَرۡضِ (النساء:171)

'ജനങ്ങളേ! ഈ ദൈവദൂതൻ നിങ്ങളുടെ നാഥനിൽനിന്നുള്ള സത്യവുമായി നിങ്ങളുടെയടുക്കൽ വന്നിരിക്കുന്നു; അതുകൊണ്ട് നിങ്ങൾ വിശ്വസിക്കുക. അത് നിങ്ങൾക്ക് ഗുണകരമായിരിക്കും. എന്നാൽ, നിങ്ങൾ അവിശ്വസിക്കുന്ന പക്ഷം(ഓർക്കുക) തീർച്ചയായും ആകാശങ്ങളിലും ഭൂമിയിലുമുള്ളതൊക്കെയും അല്ലാഹുവിനുള്ളതാണ്.'(4:171)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബി(സ)യുടെ സാരോപദേശം:

### മനുഷ്യൻ മിക്ക കാര്യങ്ങളിലും വഴക്കിടുന്നു

(1127)ഹദ്റത്ത് അലി(റ) നിവേദനം. ഒരു രാത്രി നബി(സ)തിരുമേനി അദ്ദേഹത്തിന്റേയും ഫാത്വിമയുടേയും വാതിലിൽമുട്ടിക്കൊണ്ടു ചോദിച്ചു: നിങ്ങൾ രണ്ടുപേരും (തഹജ്ജുദ്)നമസ്കരിക്കാറില്ലേ? ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളുടെ ആത്മാക്കൾ അല്ലാഹുവിന്റെ കൈയിലാണ്. അല്ലാഹു ഞങ്ങളെ എഴുന്നേല്പിക്കാൻ ഉദ്ദേശിക്കുമ്പോൾ എഴുന്നേല്പിക്കുന്നു. ഞാനിത് പറഞ്ഞപ്പോൾ മറുപടിയൊന്നും പറയാതെ അവിടന്ന് മടങ്ങിപ്പോയി. പിന്നീട് അവിടന്ന് മടങ്ങിപ്പോകുമ്പോൾ തന്റെ തുടയിൽ കൈയടിച്ചുകൊണ്ട് 'മനുഷ്യൻ മിക്ക കാര്യങ്ങളിലും വഴക്കിടുന്നവനാണെന്ന് പറയുന്നത് ഞാൻ കേട്ടു.

### റമളാനിൽ ജമാഅത്തായി നഫ്ൽ നമസ്കാരം

(1129) ഹദ്റത്ത് ആഇശ(റ) നിവേദനം. നിശ്ചയം നബി(സ)തിരുമേനി ഒരു രാത്രി മസ്ജിദിൽവച്ച് നമസ്കരിച്ചു. അപ്പോൾ ആളുകളും നബിയെ പിന്തുടർന്ന് നമസ്കരിച്ചു. അടുത്ത ദിവസവും നബി(സ)തിരുമേനി അപ്രകാരം നമസ്കരിച്ചു. ആ നമസ്കാരത്തിൽ കൂടുതൽ ആളുകൾ പങ്കെടുത്തു. മൂന്നാം ദിവസം അല്ലെങ്കിൽ നാലാം ദിവസവും അവർ ഒരുമിച്ചുകൂടി. എന്നാൽ, നബി(സ)തിരുമേനി അവരുടെ അടുക്കൽ വരികയുണ്ടായില്ല. പ്രഭാതമായപ്പോൾ അവിടന്ന് പറഞ്ഞു: നിങ്ങൾ ചെയ്തുകൊണ്ടിരുന്നത് ഞാൻ കണ്ടു. (തഹജ്ജുദ്) നിർബന്ധമാണെന്ന ധാരണയുണ്ടാകുമോ എന്നത് മാത്രമാണ് നിങ്ങളിലേക്ക് വരുന്നതിൽനിന്ന് എന്നെ തടുത്തത്. ഇത് റമളാനിലായിരുന്നു.(സ്വഹീഹ് ബുഖാരി, വാല്യം 2, കിതാബുത്തഹജ്ജുദ്, പ്രസാധകർ ഖാദിയാൻ 2006)

## ഒരിക്കലും അസ്തമിച്ചുപോകാത്തതും അപകടങ്ങളുടെ നേരത്ത് അവനെ സംരക്ഷിക്കുന്നതുമായ മനുഷ്യന്റെ വലിയ സന്തോഷം അല്ലാഹുവിലുള്ള വിശ്വാസമാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

### അല്ലാഹുവിലുള്ള വിശ്വാസം

അല്ലാഹുവിലുള്ള വിശ്വാസമാണ് ഇസ്‌ലാമിന്റെ പ്രത്യേകത. സ്വദഖകളിലും ദുആകളിലും വിശ്വസിക്കുന്നവൻതന്നെയാണ് മുസ്‌ലിം. ക്രിസ്ത്യാനികൾക്ക് ഇക്കാര്യത്തിൽ വിശ്വാസമില്ല. എന്തുകൊണ്ട്? അവർ ശരീരധാരിയായ ദൈവത്തെ ഉണ്ടാക്കി. ഒരിക്കലും അസ്തമിച്ചുപോകാത്തതും അപകടങ്ങളുടെനേരത്ത് അവനെ സംരക്ഷിക്കുന്നതുമായ മനുഷ്യന്റെ വലിയ സന്തോഷം അല്ലാഹുവിലുള്ള വിശ്വാസമാണ്. അല്ലാഹുവിൽ വിശ്വസിക്കുക എന്നത് ഇസ്‌ലാമിന്റെ മാത്രം അധ്യാപനമാണ്.

### മാതാവിനെ സേവിക്കൽ

സൗശീലമാണ് മനുഷ്യന്റെ ആദ്യത്തെ അവസ്ഥ. അതായത് മാതാവിനെ ബഹുമാനിക്കുക. ഉവയ്സ് ഖർണിയെ കുറിച്ച് ചിലനേരത്ത് നബി(സ)തിരുമേനി യമനിലേക്ക് മുഖം തിരിച്ചുകൊണ്ട് തനിക്ക് യമനിന്റെ ഭാഗത്തുനിന്ന് അല്ലാഹുവിന്റെ സുഗന്ധം വരുന്നുവെന്ന് പറയാറുണ്ടായിരുന്നു. അദ്ദേഹം തന്റെ മാതാവിന്റെ അനുസരണത്തിൽ ഏർപ്പെട്ടിരിക്കുകയാണെന്നും അവിടന്ന് പറയാറുണ്ടായിരുന്നു. അക്കാരണത്താൽ എന്റെയടുത്ത് വരാനും അദ്ദേഹത്തിന് കഴിയുന്നില്ല. ബാഹ്യമായി നോക്കുമ്പോൾ ഇതെങ്ങനെയുള്ള കാര്യമാണെന്നാൽ, നബി(സ)തിരുമേനി ജീവിച്ചിരിപ്പുണ്ട്, എന്നാൽ, തന്റെ മാതാവിനെ സേവിക്കുന്നതിലും അനുസരിക്കുന്നതിലും തികച്ചും ഏർപെട്ടിരിക്കുന്ന കാരണത്താൽ മാത്രം അദ്ദേഹത്തിന് വന്നു സിയാറത്ത് ചെയ്യാൻ കഴിയുന്നില്ല. എന്നാൽ, നബി(സ)തിരുമേനി തന്റെ ജിവിതത്തിൽ രണ്ടേരണ്ട് ആളുകൾക്ക് മാത്രമാണ് സലാം പറയണമെന്ന് പ്രത്യേകമായും വസ്വിയ്യത്ത് ചെയ്തതായി ഞാൻ കാണുന്നത്; ഉവയ്സിനും(റ) മസീഹിനും(അ). മറ്റുള്ളവർക്ക് ഒരു പ്രത്യേകതയോടുകൂടി ഇതു കിട്ടിയില്ല എന്നത് അത്ഭുതകരമായ കാര്യമാണ്. എഴുതിയിരിക്കുന്നു, ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തെ കാണാൻ പോയി. അപ്പോൾ ഉവയ്സ്(റ) പറഞ്ഞു: മാതാവിന്റെ സേവനത്തിൽ ഏർപെട്ടിരിക്കുകയാണ്. എന്റെ ഒട്ടകങ്ങളെ മലക്കുകളാണ് മേയ്ക്കുന്നത്. മാതാവിന്റെ സേവനത്തിൽ ഇത്രമാത്രം ശ്രമിക്കുകയും പിന്നീട് സ്വീകാരവും ആദരവും പ്രാപിക്കുകയും ചെയ്ത ഇവരാണ് ഒരു കൂട്ടർ. പണത്തിന്റെ അത്യാഗ്രഹത്തിൽ കേസുകൾ നടത്തുന്നവരാണ് ഒരുകൂട്ടർ. അവർ മാതാവിന്റെ പേര് ഏത്രമാത്രം മോശമായ രീതിയിൽ പറയുന്നുവെന്നാൽ അപരിഷ്കൃതരായ ആളുകൾ പോലും അങ്ങനെ വിരളമായെ പറയുകയുള്ളൂ. നമ്മുടെ അധ്യാപനമെന്താണ്? അല്ലാഹുവിന്റേയും റസൂലിന്റേയും പരിശുദ്ധമായ സന്മാർഗം പറയുക എന്നതു മാത്രം. എന്നോടുള്ള ബന്ധം പ്രകടിപ്പിച്ച് അതംഗീകരിക്കാൻ ആഗ്രഹിക്കാത്തവർ നമ്മുടെ ജമാഅത്തിൽ എന്തിനാണ് ചേരുന്നത്? ഇത്തരം മാതൃകകൾകൊണ്ടു മറ്റുള്ളവർക്ക് വഞ്ചന പറ്റുന്നു. മാതാപിതാക്കളെ പോലും ആദരിക്കാത്തവരാണെന്ന് അവർ ആക്ഷേപം ഉന്നയിക്കുന്നു.' **(മൽഫൂദാത്ത് വാല്യം 1, പേജ് 269–270, ഖാദിയാൻ 2018)**

★★★★

## സ്വന്തം ജനതയിലെ ആളുടെമേൽ ഒരു പരിധിവരെ നിർബന്ധം ചെലുത്താവുന്നതാണ്. ഉദാഹരണത്തിന് അഹ്മദി എന്ന് പറയപ്പെടുന്ന ഒരാൾ നമസ്കാരം ഉപേക്ഷിച്ചിരിക്കുന്നു, അതുമുഖേന മുഴുവൻ ജമാഅത്തിനും ചീത്തപ്പേരുണ്ടാകുന്നതുകൊണ്ട് അയാളുടെ പരിഷ്കരണത്തിന് അയാളുമേൽ നിർബന്ധം ചെലുത്തുക എന്നത് നമ്മുടെ അവകാശമാണ്.

وَاِنۡ كَذَّبُوۡكَ فَقُلْ لِّىۡ عَمَلِىۡ وَلَـكُمۡ عَمَلُكُمۡ‌ ۚ اَنۡـتُمۡ بَرِيۡٓـئُوۡنَ مِمَّاۤ اَعۡمَلُ وَاَنَا بَرِىۡٓءٌ مِّمَّا تَعۡمَلُوۡنَ

സൂറ യൂനുസ് ആയത്ത് 42. ഇതിന്റെ വ്യാഖ്യാനത്തിൽ സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നിങ്ങളെന്നെ നിഷേധിക്കുകയും കളവാക്കുകയും ചെയ്യുന്നുവെങ്കിൽ അങ്ങനെ ചെയ്തുകൊള്ളുക. കാരണം നമ്മൾ തമ്മിൽ അഭിപ്രായ വ്യത്യാസമുണ്ട്. നിങ്ങൾ വെറെ ജോലികൾ ചെയ്യുന്നു. ഞാൻ വേറെ ജോലികൾ ചെയ്യുന്നു. ഭിന്നിപ്പുണ്ടാകുന്ന അവസ്ഥയിൽ ഓരോ കക്ഷിക്കും ഇതരൻ പറഞ്ഞത് തെറ്റാണെന്ന് സ്ഥാപിക്കുന്നതിന് ശ്രമിക്കാൻ അവകാശമുണ്ട്. പക്ഷേ, കാര്യം അതിൽതന്നെ ഒതുങ്ങി നിലക്കേണ്ടതാണ്. പരസ്പരം ഓരോരുത്തരുടേയും ഇഷ്ടത്തിനു വിരുദ്ധമായി താൻ പറഞ്ഞത് സമ്മതിപ്പിക്കുന്നതിന് നിർബന്ധിക്കാൻ പാടുള്ളതല്ല. ഞാൻ നിങ്ങളെ നിർബന്ധിക്കാതിരിക്കുമ്പോൾ നിങ്ങളെന്തിനാണ് എന്നെ നിർബന്ധിക്കുന്നത്.

ആദ്യത്തെ ആയത്തിൽ **അഅ്‌ലമു ബിൽമുഫ്സിദീൻ** എന്ന് പറഞ്ഞിരുന്നു. ഈ ആയത്തിൽ അതിലേക്കാണ് സൂചിപ്പിച്ചിട്ടുള്ളത്. പറഞ്ഞു, നിങ്ങളുടെ ജമാഅത്ത് വേറിട്ടതും എന്റെ ജമാഅത്ത് വേറിട്ടതുമാകുമ്പോൾ, എന്റെ ജോലി വേറിട്ടതും നിങ്ങളുടെ ജോലി വേറിട്ടതുമാകുമ്പോൾ എല്ലാ ഓരോരുത്തരും ഇക്കാര്യം അറിയുന്നവരാകുന്നസ്ഥിതിക്ക് കുഴപ്പങ്ങളിലേക്കും നിർബന്ധങ്ങളിലേക്കും സംഗതി കൊണ്ടെത്തിക്കുന്നതെന്തിനാണ്. കാരണം ഒരാൾ കാരണത്താൽ മറ്റെയാൾക്ക് കളങ്കമുണ്ടാകുമ്പോഴാണ് നിർബന്ധം ചെലുത്തുന്നതിനുള്ള സാധ്യത ഉണ്ടാകുന്നത്. പക്ഷേ, ഇവിടെ എന്റേയോ എന്റെ ജമാഅത്തിന്റേയോ പ്രവൃത്തികൾ കാരണത്താൽ നിങ്ങൾക്ക് ഒരു കളങ്കവുമുണ്ടാകുകയില്ല. അതിനാൽ നിർബന്ധം അനുവദനീയമല്ല.

ഇവിടെ മറ്റൊരു പ്രശ്നമുണ്ടാകുന്നുണ്ട്. സ്വന്തം ജനതയിലെ ആളുടെമേൽ ഒരു പരിധിവരെ നിർബന്ധം ചെലുത്താവുന്നതാണ്. കാരണം അയാൾ കാരണത്താൽ ജനതയ്ക്ക് ദുഷ്പേരുണ്ടാകുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ നാം നമ്മുടെ ജമാഅത്തിലെ ചിലയാളുകളുടെ തെറ്റിന് പിഴ തുടങ്ങിയ ശിക്ഷ നിശ്ചയിക്കുമ്പോൾ ചില അജ്ഞർ അതിനെ ഗുരുവാഴ്ച എന്നു പറയുന്നു. ബഹളം വെക്കുന്നു. വാസ്തവത്തിൽ ഈ ആയത്തിൽനിന്ന് സ്ഥാപിതമാകുന്നുണ്ട് സ്വന്തം ജമാഅത്തിലെ ആളുകളുടെമേൽ ഒരു പരിധിവരെ നിർബന്ധം ചെലുത്താമെന്ന്. ഉദാഹരണത്തിന് അഹ്മദി എന്ന് പറയപ്പെടുന്ന ഒരാൾ കൊള്ള

(ശേഷം പേജ് 16ൽ)

### ഈ ലക്കത്തിൽ

ജുമുഅ ഖുത്വ്ബ 15-01-2021 സമ്പൂർണ തർജമ

ജുമുഅ ഖുത്വ്ബ 22-01-2021 സമ്പൂർണ തർജമ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്ബ ജുമുഅ

നബി(സ)തിരുമേനി പറഞ്ഞു: ആരാണോ അലിയെ സ്നേഹിച്ചത് അയാൾ എന്നെ സ്നേഹിച്ചു. ആരാണോ എന്നെ സ്നേഹിച്ചത് അയാൾ അല്ലാഹുവിനെ സ്നേഹിച്ചു.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദും ജാമാതാവുമായ അബൂതുറാബ് ഹദ്റത്ത് അലിയ്യുൽമുർത്തളാ(റ)യുടെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

അദ്ദേഹം എല്ലാ വിശേഷ ഗുണത്തിലും സാഹിതീയ സൗന്ദര്യത്തിന്റേയും അർഥഗാംഭീര്യത്തിന്റേയും മാർഗങ്ങളിലും സമ്പൂർണനായിരുന്നു. അദ്ദേഹത്തിന്റെ ശ്രേഷ്ഠതയെ നിഷേധിച്ചവൻ നാണം കെട്ട വഴി സ്വീകരിച്ചിരിക്കുന്നു. (ഹദ്റത്ത് മസീഹ് മൗഊദ്)

ഹദ്റത്ത് അലി പറഞ്ഞു: ശ്രദ്ധിച്ചു കേൾക്കുക! എന്നെ സംബന്ധിച്ച് രണ്ടു തരമാളുകൾ നശിക്കുന്നതായിരിക്കും. ഒന്നു സ്നേഹത്തിൽ അതിവർണനനടത്തി എന്റേതല്ലാത്ത സ്ഥാനം എനിക്കു കല്പിക്കുന്നവൻ. രണ്ടാമത്തേത് എന്നോടു വിരോധം വെച്ചുപുലർത്തുകയും എന്നോടുള്ള ശത്രുതയിൽ എന്റെമേൽ അപരാധം പറയുകയും ചെയ്യുന്നവൻ.

കഴിയുന്നിടത്തോളം വിശുദ്ധ ഖുർആനിന്റെ കല്പനയനുസരിച്ച് കർമം ചെയ്യുക എന്നതായിരുന്നു സ്വഹാബാക്കളുടെ ശ്രമം.

നബി(സ)തിരുമേനി ഹദ്റത്ത് അലിയെ ഉപദേശിച്ചു: അലീ! നിന്റെ പ്രബോധനംകൊണ്ട് ഒരാളെങ്കിലും വിശ്വസിച്ചാൽ രണ്ടു മലകൾക്കിടയിൽ നിന്റെ കന്നുകാലികളുടെ ഒരു വലിയ പറ്റം നടന്നുപോകുകയും അതു കണ്ട് നീ സന്തോഷിക്കുകയും ചെയ്യുന്നതിനെക്കാൾ ഉത്തമമായിരിക്കും.

എം.ടി.എ യുടെ 24 മണിക്കൂർ സംപ്രേഷണം ചെയ്യുന്ന പുതിയ ചാനലായ 'എം.ടി.എ. ഘാന'യുടെ ആരംഭ വിളംബരം.

പാക്കിസ്താനിലേയും അൽജീരിയായിലേയും അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.

പാക്കിസ്താനിലെ അഹ്മദികൾ നഫ്ലുകളിലും ദുആകളിലും സ്വദഖകളിലും കൂടുതൽ ശക്തി ചെലുത്താൻ ഉപദേശം.

**ഖുത്ബ ജുമുഅ 2021 ജനുവരി 15/1399 സ്വുൽഹ് 15**
**മസ്ജിദ് മുബാറക് ഇസ്ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് അലി(റ)യെ കുറിച്ചാണ് പറഞ്ഞു വന്നിരുന്നത്. ഇന്നും അദ്ദേഹത്തെ കുറിച്ചാണ് വിവരിക്കുന്നത്. അദ്ദേഹത്തെക്കുറിച്ച് ഞാൻ ശേഖരിച്ചിരുന്ന വിഷയം ഇന്ന് പൂർണമാകുന്നതാണ്. ഇൻശാ അല്ലാഹ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'തന്നെ സ്നേഹിക്കുന്നുണ്ടോ? എന്ന് ഹദ്റത്ത് ഇമാം ഹുസയ്ൻ സാഹിബ്(റ) ഒരിക്കൽ ഹദ്റത്ത് അലിയോട് ചോദിച്ചു.' ഹദ്റത്ത് അലി പറഞ്ഞു: 'സ്നേഹിക്കുന്നുണ്ട്.' ഹദ്റത്ത് ഹുസയ്ൻ(റ) വളരെ ആശ്ചര്യപ്പെട്ടുകൊണ്ട് ചോദിച്ചു: 'ഒരു ഹൃദയത്തിൽ രണ്ട് സ്നേഹങ്ങൾ എങ്ങനെയാണ് ഒരുമിച്ചു കൂടുക?' ഹദ്റത്ത് ഇമാം ഹുസയ്ൻ പറഞ്ഞു: 'രണ്ടു സ്നേഹവും തമ്മിൽ ഏറ്റുമുട്ടുമ്പോൾ താങ്കളേതിനാണ് മുൻഗണന നൽകുക?' (ഹദ്റത്ത് അലി(റ) പറഞ്ഞു): 'അല്ലാഹുവിനോട്.' (മൽഫൂദാത്ത് വാള്യം 7, പേജ് 57) ഈ സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'തന്നോട് സ്നേഹമുണ്ടോ? എന്ന് ഹദ്റത്ത് അലിയോട്, ഹദ്റത്ത് ഹസൻ ചോദിച്ചു. ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഉണ്ട്.' ഹദ്റത്ത് ഹസൻ വീണ്ടും ചോദിച്ചു: 'അല്ലാഹുവിനോടും താങ്കൾക്ക് സ്നേഹമുണ്ടോ?' ഹദ്റത്ത് അലി പറഞ്ഞു: 'ഉണ്ട്.' ഹദ്റത്ത് ഹസൻ പറഞ്ഞു: 'അങ്ങനെയാണെങ്കിൽ താങ്കൾ ഒരു തരത്തിൽ ശിർക്കിൽ അകപ്പെട്ടിരിക്കുകയാണ്. ശിർക്ക് എന്നുപറഞ്ഞാൽ അല്ലാഹുവിനോടൊപ്പം അവനോടുള്ള സ്നേഹത്തിൽ മറ്റാരെയെങ്കിലും പങ്കാളിയാക്കുക എന്നാണ്.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഹസനേ! ഞാൻ ശിർക്കിൽ അകപ്പെട്ടിട്ടില്ല. ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടെന്നത് നേരുതന്നെ. എന്നാൽ, നിന്നോടുള്ള സ്നേഹം അല്ലാഹുവിന്റെ സ്നേഹവുമായി ഏറ്റുമുട്ടുമ്പോൾ ഞാൻ ഉടനെ നിന്റെ സ്നേഹത്തെ കൈവെടിയുന്നതാണ്.'(ഖുറൂനെ ഊലാ കി നാമ്വർ ഖാത്തീൻ ഔർ സ്വഹാബിയാത്ത് കെ ഈമാൻ അഫ്റോസ്..... അൻവാറുൽഉലൂം വാള്യം 21, പേജ് 623)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ), ഹദ്റത്ത് അലിയെ സംബന്ധിച്ച് ഒരു സ്ഥലത്ത് ഒരു സംഭവം വിവരിച്ചുകൊണ്ട് പറയുന്നു: 'എപ്പോഴെങ്കിലും ഹദ്റത്ത് അലിക്ക് വലിയ വിപത്ത് നേരിടുമ്പോൾ അദ്ദേഹം അല്ലാഹുവിനോടു ഇപ്രകാരം ദുആ ചെയ്യുമായിരുന്നു. **യാ! കാഫ് ഹാ യാ ഐൻ സ്വാദ് ഇഗ്ഫിർലീ കാഫ് ഹാ യാ ഐൻ** സ്വാദ് ആയിട്ടുള്ളവനേ! എനിക്ക് പൊറുത്തു ത ന്നാലും.'(തഫ്സീറെ കബീർ, വാള്യം 5, പേജ് 17)

ഉമ്മുഹാനിയുടെ ഒരു നിവേദനമനുസരിച്ച് ഈ കേവലാക്ഷരങ്ങളുടെ അർഥം ഇപ്രകാരമാണ്, നബി(സ)തിരുമേനി പറഞ്ഞു: കാഫി എന്ന സവിശേഷഗുണത്തിന്റെ പ്രതിനിധിയാണ് 'കാഫ്.' ഹാദീ എന്ന സവിശേഷഗുണ ത്തിന്റെ പ്രതിനിധിയാണ'ഹാഅ്.' 'ആലിം' അല്ലെങ്കിൽ 'അലീം' എന്ന സവിശേഷഗുണത്തിന്റെ പ്രതിനിധിയാണ് 'ഐൻ.' 'സ്വാദിഖ്' എന്ന സവിശേഷഗുണത്തിന്റെ പ്രതിനിധിയാണ് 'സ്വാദ്.'(തഫ്സീറെ കബീർ, വാള്യം 5, പേജ് 17)

അതായത് അല്ലാഹുവിനോട് ഇങ്ങനെ ദുആ ചെയ്യുമായിരുന്നു: 'അല്ലാഹുവേ! നീ മതിയായവനാണ്. നീ വഴികാട്ടിയാണ്. നീ നല്ലതുപോലെ അറിയുന്നവനാണ്. നീ സത്യവാനുമാണ്. ഈ ഗുണനാമങ്ങളെല്ലാം മുൻനിറുത്തിക്കൊണ്ട് 'എനിക്ക് നീ പൊറുത്തു തരേണമേ' എന്ന് ഞാൻ പ്രാർഥിക്കുന്നു.'

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഖുർആൻ വ്യാഖ്യാതാക്കൾ ഹദ്റത്ത് അലിയുടെ ഒരു സംഭവം ഇപ്രകാരം വിവരിക്കുന്നു: 'ഒരിക്കൽ അദ്ദേഹം തന്റെ ഭൃത്യനെ വിളിച്ചു. പക്ഷേ, ഭൃത്യൻ അതിന് ഉത്തരം നൽകിയില്ല. പലപ്രാവശ്യം വിളിച്ചെങ്കിലും ഉത്തരം നൽകിയില്ല. കുറച്ചു കഴിഞ്ഞപ്പോൾ യാദൃച്ഛികമായി അദ്ദേഹത്തിന്റെ മുമ്പിൽ ഭൃത്യൻ എത്തപ്പെട്ടു. അപ്പോൾ അദ്ദേഹം അയാളോട് ചോദിച്ചു: 'മാലിക്! നിനക്കെന്താണ് പറ്റിയത്? എത്ര പ്രാവശ്യം നിന്നെ ഞാൻ വിളിച്ചു. എന്നിട്ടും മറുപടിയൊന്നും പറഞ്ഞില്ല.' **ഖാല ലിഥിഖത്തീ ബിഹിൽമിക്ക വ അംനിൻ മിൻ ഉഖൂബത്തിക്ക ഫസ്തഹ്സന ജവാബഹു വ അഅ്തഖഹു** 'താങ്കളെന്നോട് മയത്തോടെ പെരുമാറുമെന്നും താങ്കളുടെ ശിക്ഷയിൽനിന്ന് ഞാൻ സുരക്ഷിതനായിരിക്കുമെന്നും എനിക്കറിയാം. അതിനാലാണ് മറുപടി പറയാതിരുന്നത്. ഹദ്റത്ത് അലിക്ക് ഭൃത്യന്റെ ഈ മറുപടി ഇഷ്ടപ്പെടുകയും അവനെ സ്വതന്ത്രനാക്കുകയും ചെയ്തു.' (തഫ്സീറെ കബീർ, വാള്യം 8, പേജ് 255)

ഏതെങ്കിലും ലൗകികനായിരുന്നെങ്കിൽ 'എന്റെ മൃദുഭാവം നീ മുതലാക്കി' എന്ന് പറഞ്ഞ് ആ ഭൃത്യനെ ശിക്ഷിക്കുമായിരുന്നു. എന്നാൽ, അദ്ദേഹം ആ ഭൃത്യന് സമ്മാനം നല്കി അനുഗ്രഹിക്കുകയാണ് ചെയ്തത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഹദ്റത്ത് അലിയുടെ മക്കളായ ഹസനേയും ഹുസയ്നേയും ഒരാൾ പഠിപ്പിക്കാറുണ്ടായായിരുന്നു. ഹദ്റത്ത് അലി തന്റെ മക്കളുടെ അടുത്തൂടെ ഒരിക്കൽ കടന്നു പോയപ്പോൾ അവരുടെ ഉസ്താദ് അവരെ 'ഖാത്തിമന്നബിയ്യീൻ' എന്ന് പഠിപ്പിക്കുകയായിരുന്നു. ഹദ്റത്ത് അലി(റ) പറഞ്ഞു: 'എന്റെ മക്കളെ 'ഖാത്തിമന്നബിയ്യീൻ' എന്ന് പഠിപ്പിക്കരുത്. അതായത് 'ത' യ്ക്ക് ഇകാരമായിട്ടല്ല അതിന് അകാരമായിട്ട് പഠിപ്പിക്കുക. ഈ രണ്ട് ഖിർഅത്തും ഉണ്ടെന്നത് ശരി തന്നെ. എന്നാൽ, ഞാൻ 'ഖാത്തമന്നബിയ്യീൻ' എന്ന ഖിറഅത്തിനെയാണ് ഏറെ ഇഷ്ടപ്പെടുന്നത്. കാരണം 'ഖാത്തമന്നബിയ്യീൻ' എന്നതിന്റെ അർഥം 'പ്രവാചന്മാരുടെ മുദ്ര' എന്നാണ്. 'ഖാത്തിമന്നബിയ്യീൻ' എന്നതിന്റെ അർഥം 'പ്രവാചകന്മാരെ അവസാനിപ്പിക്കുന്നവൻ' എന്നാണ്. എന്റെ മക്കളെ 'ത' ന് അകാരത്തോടെ പഠിപ്പിക്കുക.'(ഫരീളയെ തബ്ലീഗ് ഔർ അഹ്മദി ഖാ ത്തീൻ, അൻവാറുൽ ഉലൂം വാല്യം 18, പേജ് 404)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വീണ്ടും പറയുന്നു: 'ഹദ്റത്ത് അലി(റ) വിശുദ്ധ ഖുർആൻ ഹാഫിളായിരുന്നു (മനഃപാഠമാക്കിയ ആൾ) എന്ന് തെളിയുന്നുണ്ട്. വിശുദ്ധ ഖുർആന്റെ അവതരണക്രമം അനുസരിച്ച് അദ്ദേഹം വിശുദ്ധ ഖുർആൻ എഴുതുന്ന ജോലി നബി(സ) തിരുമേനി വഫാത്തായ ഉടനെ തുടങ്ങിയിരുന്നു.'(ദീബാച്ച തഫ്സീറുൽഖുർആൻ, അൻവാറുൽഉലൂം, വാല്യം 20, പേജ് 429)

ഒരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നബി(സ)തിരുമേനിയെ ഒരു സ്വഹാബി ഭക്ഷണത്തിന് ക്ഷണിച്ചു. ചില സ്വഹാബാക്കളും അവിടേക്ക് ക്ഷണിക്കപ്പെട്ടിരുന്നു. അതിൽ ഹദ്റത്ത് അലി മറ്റുള്ളവരെ അപേക്ഷിച്ച് പ്രായത്തിൽ ചെറുതായിരുന്നു. അതിനാൽ ചില സ്വഹാബാക്കൾ അദ്ദേഹത്തോട് അൽപം തമാശ കാണിക്കാമെന്ന് കരുതി. അവർ ഈത്തപ്പഴം തിന്നതിന്റെ കുരു ഹദ്റത്ത് അലിയുടെ മുമ്പാകെ കൂട്ടിവെച്ചു. നബി(സ)തിരുമേനിയും ഇതേപോലെ ചെയ്തു. ഹദ്റത്ത് അലി യുവാവായിരുന്നു. ഭക്ഷണം കഴിക്കുന്നതിൽ മുഴുകിയിരിക്കുകയായിരുന്നു. കുരുവിലേക്ക് അദ്ദേഹം നോക്കിയില്ല. പിന്നെ നോക്കിയപ്പോൾ അദ്ദേഹം കാണുന്നത് ഈത്തപ്പഴത്തിന്റെ കുരു മുഴുവൻ തന്റെ മുന്നിൽ കൂട്ടിയിട്ടിരിക്കുന്നതാണ്. സ്വഹാബത്ത് തമാശ രൂപേണ ഹദ്റത്ത് അലിയോട് ചോദിച്ചു: 'ഇത്രയും ഈത്തപ്പഴം തിന്നോ? കുരു മുഴുവൻ നിങ്ങളുടെ മുന്നിലാണല്ലോ?' ഹദ്റത്ത് അലിയും നല്ല തമാശക്കാരനായിരുന്നു. ദേഷ്യപ്പെടുന്ന ആളായിരുന്നില്ല. ദേഷ്യപ്പെടുന്ന ആളായിരുന്നെങ്കിൽ സ്വഹാബത്തിനോട് ദേഷ്യപ്പെട്ട് എന്റെ പേരിൽ ആരോപണം ഉന്നയിക്കുകയാണോ? എന്ന് ചോദിക്കുമായിരുന്നു. അദ്ദേഹം ഒന്നും അവരോടു ചോദിച്ചില്ല. ഇതു തന്നോട് തമാശ കാണിക്കുകയാണെന്ന് ഹദ്റത്ത് അലിക്ക് മനസ്സിലായി. ഞാനും ഇതിന് തമാശ രൂപത്തിൽ മറുപടി നൽകുകയാണ് വേണ്ടത്. അദ്ദേഹം പറഞ്ഞു: 'അല്ല! നിങ്ങളെല്ലാവരും കുരു അടക്കമാണോ കഴിച്ചത്? ഞാൻ കുരു എല്ലാം ഇവിടെ വെച്ചിരിക്കുകയാണ്. നിങ്ങളാണെങ്കിൽ കുരു അടക്കം എല്ലാം തിന്നുതീർത്തു. ഞാൻ കുരു ബാക്കി വെച്ചു. കുരു മൊത്തം ഞാൻ എന്റെ മുന്നിൽ കൂട്ടി വെച്ചിരിക്കുന്നത് അതിനുള്ള തെളിവാണ്. സ്വഹാബത്തിനുമേൽ ആ തമാശ മറിഞ്ഞുവീണു.'(ഖുത്ബാത്ത മഹ്മൂദ് വാല്യം 33, പേജ് 259-260)

ഒരു സ്ഥലത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഹദ്റത്ത് അലിയെ കുറിച്ച് വിവരിച്ചുകൊണ്ട് പറയുന്നു: 'ഹദീഥുകളിൽ വരുന്നുണ്ട്. ഒരിക്കൽ നബി(സ)തിരുമേനി വിശുദ്ധ ഖുർആൻ പാരായണം ചെയ്യുകയായിരുന്നു. ഹദ്റത്ത് അലി മറന്ന ഭാഗം ഓർമപ്പെടുത്തി. നമസ്കാരത്തിനുശേഷം ഹദ്റത്ത് അലിയോട് നബി(സ)തിരുമേനി പറഞ്ഞു: 'ഇത് താങ്കളല്ല ചെയ്യേണ്ടിയിരുന്നിത്. തെറ്റു തിരുത്താൻ ഞാൻ ആളെ നിശ്ചയിച്ചിട്ടുണ്ട്.'(ഖുത്ബാത്ത മഹ്മൂദ് വാല്യം 25, പേജ് 299)

നമസ്കാരത്തിൽ ഖുർആൻ ഓതുകയായിരുന്നു. ഓതുമ്പോൾ അല്പം മാറി പോയിട്ടുണ്ടാകും. അത് തിരുത്തിയപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: ഇതിനായി ഞാൻ ആളെ നിശ്ചയിച്ചിട്ടുണ്ട്. നിങ്ങളുടെ ജോലിയല്ലിത്. ഹദ്റത്ത് അലിയും വലിയ പണ്ഡിതനായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു സ്ഥലത്ത് പറയുന്നു: 'നബി(സ)തിരുമേനിയോട് വല്ലതും കൂടിയാലോചിക്കാൻ പോകുമ്പോൾ ആദ്യം സ്വദഖ നൽകണമെന്നത് വിശുദ്ധ ഖുർആനിന്റെ കല്പനയാണ്, ഈ കൽപന ഇറങ്ങുന്നതിനു മുമ്പേ ഹദ്റത്ത് അലി(റ) ഒരിക്കലും നബി(സ)തിരുമേനിയോട് ഒരു അഭിപ്രായവും ചോദിച്ചിരുന്നില്ല. എന്നാൽ, ഈ കല്പന ഇറങ്ങിയപ്പോൾ നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹദ്റത്ത് അലി(റ) ഹാജരാകുകയും അല്പം തുക സ്വദഖയായി നൽകിയതിന് ശേഷം ഇങ്ങനെ പറയുകയും ചെയ്തു: 'ചില കാര്യങ്ങളെ കുറിച്ച് കൂടിയാലോചിക്കാനാണ് ഞാൻ വന്നത്.' നബി(സ)തിരുമേനി മാറിനിന്ന് ഹദ്റത്ത് അലിയോട് കാര്യങ്ങൾ സംസാരിച്ചു. ഒരു സ്വഹാബി ഹദ്റത്ത് അലിയോട് ചോദിച്ചു: 'താങ്കൾ എന്ത് കാര്യത്തെ കുറിച്ചായിരുന്നു കൂടിയാലോചിച്ചത്? ഹദ്റത്ത് അലി മറുപടി പറഞ്ഞു: 'പ്രത്യേകമായൊരു കാര്യമൊന്നുമായിരുന്നില്ല. വിശുദ്ധ ഖുർആന്റെ ഈ കൽപനയും നടപ്പിൽ വരുത്താൻ ആഗ്രഹിച്ചുവെന്ന് മാത്രം.'(ഖുത്ബാത്ത മഹ്മൂദ് വാല്യം 25, പേജ് 752)

ഇതാണ് സ്വഹാബത്തിന്റെ രീതി. മറ്റൊരു സംഭവം ഇപ്രകാരം വരുന്നു: 'ഒരു സ്വഹാബി വീടുകൾ സന്ദർശിക്കും. ആരെങ്കിലും നിങ്ങളോട് വീട്ടിൽനിന്ന് തിരിച്ചു പോകാൻ പറഞ്ഞാൽ തിരിച്ചു പോകണമെന്ന് വിശുദ്ധ ഖുർആനിൽ ഒരു കല്പനയുണ്ട്. അദ്ദേഹം പറയുന്നു: 'ഞാൻ പലപ്പോഴായി ശ്രമിച്ചുനോക്കി. ചിലപ്പോൾ നിത്യേന ശ്രമിച്ചു. ഏതെങ്കിലും വീട്ടിൽ പോയാൽ അവർ തിരിച്ചു പോകാൻ പറഞ്ഞിരുന്നെങ്കിൽ എന്ന് ആഗ്രഹിച്ചു. അങ്ങനെയെങ്കിലും വിശുദ്ധ ഖുർആനിന്റെ ഈ കല്പന പ്രാവർത്തികമാക്കാൻ കഴിഞ്ഞല്ലോ എന്നോർത്ത് എനിക്ക് വളരെ സന്തോഷത്തോടെ തിരിച്ചുവരാമായിരുന്നല്ലോ! എന്നാൽ, എന്റെ ഈ ആഗ്രഹം ഒരിക്കലും സഫലമായില്ല. ഒരു വീട്ടുകാർ പോലും തിരിച്ചുപോകാൻ എന്നോട് പറഞ്ഞില്ല.'(തഫ്സീർ അൽജാമിഉ ലിഅഹ്ക്കാമിൽഖുർആൻ ലിൽഖുർത്വബീ, വാല്യം 15, പേജ് 199, സൂറത്തുന്നൂർ, ആയത്ത് 29, മുഅസ്സസത്തുർരിസാല, ബെയ്റുത്ത് 2006)

ഇക്കാലത്ത് ഞാൻ തിരക്കിലാണ്, അതുകൊണ്ട് തിരിച്ചു പോകുക എന്നു ആരോടെങ്കിലും പറഞ്ഞാൽ ആളുകൾ അത് മോശമായി കരുതും. എന്നാൽ, സ്വഹാബാക്കളുടെ തഖ്‌വയുടെ നിലവാരം എത്തരത്തിലായിരുന്നു. വിശുദ്ധ ഖുർആനിന്റെ കല്പനകൾ എല്ലാം നടപ്പിൽ വരുത്തുവാൻ അവർ ശ്രമിച്ചിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി ഏതോ കാര്യത്തിന് സ്വഹാബാക്കളോട് ചന്ദ ആവശ്യപ്പെട്ടു. ഹദ്റത്ത് അലി(റ) പുറത്തുപോയി പുല്ലരിഞ്ഞ് അത് വിറ്റു കിട്ടിയ കാശ് തന്റെ വിഹിതമായി നൽകി.' (ഖുത്ബാത്ത മഹ്മൂദ് വാല്യം 33, പേജ് 357)

ഒരു സംഭവം വിവരിച്ചുകൊണ്ട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്) തന്റെ ദറസിലാണെന്ന് തോന്നുന്നു, ഒരിക്കൽ പറയുകയുണ്ടായി: 'ഹദ്റത്ത് അല്ലാമ ഉബയ്ദുല്ലാഹ് സാഹിബ് ബിസ്മിൽ ഒരു വലിയ ശിയ പണ്ഡിതനായിരുന്നു. ഇദ്ദേഹം പാണ്ഡിത്യത്തിലും സ്ഥാനമാനത്തിലും ഉന്നതനായിരുന്നു. അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷവും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്തും ഇന്ത്യാ-പാക് വിഭജനത്തിനു ശേഷവും അദ്ദേഹത്തിന്റെ പുസ്തകങ്ങൾ ശിയ മദ്രസകളിൽ പഠിപ്പിക്കുന്നുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് പറയുന്നു: 'ഒരിക്കൽ എന്റെ അടുത്ത് ഒരു ശിയ സുഹൃത്ത് സംസാരിക്കാനായി വന്നിരുന്നു. അന്ന് ഞാൻ വഖ്ഫെ ജദീദിലായിരുന്നു. സംസാരം കഴിഞ്ഞപ്പോൾ വളരെ തൃപ്തിയായെന്ന് അദ്ദേഹം പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം അഹ്മദിയായി. ആ തീരുമാനത്തിനു ശേഷം അദ്ദേഹം പറഞ്ഞു: 'ഞാൻ താങ്കളോടു ആദ്യം പറഞ്ഞിരുന്നില്ല. ഞാൻ ഒരു ശിയ ആലിമാണ്.' അദ്ദേഹത്തിന്റെ പദവി എനിക്കോർമ ഉണ്ടായിരുന്നില്ല. അദ്ദേഹം ശെയ്ഖ്പുരയിലെ ഏതോ ഗ്രാമത്തിൽ അല്ലെങ്കിൽ ഫയ്സ്വലാബാദിലെ ഗ്രാമത്തിൽ അതിനോടു ചേർന്ന പ്രദേശത്തുകാരനാണ്. അദ്ദേഹം പറഞ്ഞു: 'ശിയാക്കളിൽ ഇന്ന സ്ഥാനമാണ് എനിക്കുള്ളത്. ആലിമാണ്.' അതായത് ബയ്അത്ത് ചെയ്ത ആളെ കുറിച്ച് ഖലീഫ റാബിഅ് പറയുന്നു, അദ്ദേഹം വലിയ ആലിമാണ്! ശിയാക്കളിൽ ഒരു പാട് സ്ഥാനമുള്ളയാളാണ്.' എന്നാൽ, ഇന്ന് ഞാൻ നിങ്ങളോടു പറയുകയാണ്, 'ഇന്നും ഉബയ്ദുല്ലാഹ് സാഹിബ് ബിസ്മിലിന്റെ ഗ്രന്ഥങ്ങൾ ഞങ്ങളുടെ മദ്രസകളിൽ പഠിപ്പിച്ചുവരുന്നു. അദ്ദേഹത്തിന്റെ അറിവിന് അത്ര വലിയ പ്രഭാവമായിരുന്നു.' നമ്മളോടു ഇവർ ഇതു പറയാറില്ല. ഖലീഫ റാബിഅ് പറയുന്നു, ബിസ്മിൽ സാഹിബിന്റെ ഗ്രന്ഥങ്ങൾ പഠിപ്പിച്ചുകൊണ്ടിരിക്കുന്നുണ്ടെന്ന് നമ്മളോടു ശിയാക്കൾ പറയാറില്ല. എന്നാൽ, ഇദ്ദേഹം മുഖേനയാണ് എനിക്ക് ഇതറിയാൻ കഴിഞ്ഞത്. എന്നാൽ, അവരും ഈ ഗ്രന്ഥങ്ങൾ പഠിപ്പിക്കുമ്പോൾ അദ്ദേഹം ആരാണെന്ന് പറയാറില്ല. ബിസ്മിൽ സാഹിബിന് പിന്നീട് എന്ത് സംഭവിച്ചുവെന്നും പറയാറില്ല. അദ്ദേഹം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കുകയും ശിയ പ്രസ്ഥാനത്തിൽനിന്നു അദ്ദേഹത്തിന് ലഭിച്ചിരുന്ന എല്ലാ ബഹുമതികളും പിൻപുറം തള്ളിക്കളയുകയും ചെയ്തു.

അദ്ദേഹത്തിന്റെ ഗ്രന്ഥത്തിലുള്ള ചില ഉദ്ധരണികളാണിത്. അതായത് ഏതെങ്കിലും സാധാരണക്കാരന്റേതല്ല. ഈ മുഖവുരയെല്ലാം പറഞ്ഞുകൊണ്ട് അൽബസാർ തന്റെ മുസ്നദിൽ എഴുതുന്നു: 'ഹദ്റത്ത് അലി(റ) ജനങ്ങളോട് ചോദിച്ചു: ഏറ്റവും വലിയ ധീരൻ ആരാണ്? താങ്കൾ ആണ് വലിയ ധീരൻ എന്ന് മറുപടി പറഞ്ഞു. അലി(റ) പറഞ്ഞു: ഞാൻ എന്റെ തുല്യശക്തിയുള്ളവരുമായാണ് പോരാടിയിട്ടുള്ളത്. അപ്പോൾ ഏറ്റവും വലിയ ധീരൻ ഞാൻ ആകുന്നതെങ്ങനെ? ഇനി പറയുക ഏറ്റവും വലിയ ധീരൻ ആരാണ്? ഹദ്റത്ത് അലി വീണ്ടും ചോദിച്ചു: ഇത് ബിസ്മിൽ സാഹിബ് ഒരു ഗ്രന്ഥം ഉദ്ധരിച്ച് തന്റെ ഗ്രന്ഥത്തിൽ എഴുതിയിട്ടുള്ളതാണ്. ജനങ്ങൾ പറഞ്ഞു: 'ജനാബ് ഞങ്ങൾക്കറിയില്ല, താങ്കൾ തന്നെ പറഞ്ഞാലും.' ഹദ്റത്ത് അലി(റ) പറഞ്ഞു: 'ഏറ്റവും വലിയ

ധീരനും പോരാളിയും ഹദ്റത്ത് അബൂബക്ർ(റ) ആണ്.' ബദ്ർ യുദ്ധാവസരത്തിൽ നബി(സ) തിരുമേനിക്കുവേണ്ടി ഞങ്ങൾ ഒരു തമ്പ് കെട്ടിയിരുന്നു. ഈ തമ്പിന് കാവൽ നിൽക്കാൻ ആരാണ് തയ്യാറാവുക എന്ന് ഞങ്ങൾ പരസ്പരം ചർച്ച ചെയ്തു. ഏതെങ്കിലും മുശ്രിക്ക് വന്നു നബി(സ)തിരുമേനിയെ ആക്രമിക്കാൻ സാധ്യതയുണ്ട്. എന്നാൽ, അല്ലാഹുവാണ! ഞങ്ങ ളിൽ ആരും അതിനു മുന്നോട്ടു വന്നില്ല. അപ്പോഴേക്കും ഹദ്റത്ത് അബൂബക്ർ(റ) ഊരിപ്പിടിച്ച വാൾ കൈയിലേന്തി നബി(സ)തിരുമേനിയുടെ അടുത്ത് നിലയുറപ്പിച്ചു. അതിനാൽ ഒരു മുശ്രിക്കും അതിന്റെ അടുത്തു വരാൻ ധൈര്യം കാണിച്ചില്ല. ആരെങ്കിലും അതിനുള്ള സാഹസം കാട്ടിയിരുന്നെങ്കിൽത്തന്നെ അദ്ദേഹം അവരെ ഉടനെ നേരിടുമായിരുന്നു. അതുകൊണ്ട് ഹദ്റത്ത് അബൂബക്ർ തന്നെയാണ് ഏറ്റവും വലിയ ധൈര്യശാലി.'

ഇത് ഹദ്റത്ത് അലി(റ) വിവരിക്കുകയാണ്.

ഹദ്റത്ത് അലി കർറമല്ലാഹു വജുഹഹൂ വിവരിക്കുന്നു: ഒരിക്കൽ മുശ്രിക്കുകൾ നബി(സ) തിരുമേനിയെ വളഞ്ഞു. അദ്ദേഹത്തെ അവർ വലിച്ചിഴയ്ക്കുന്നുണ്ടായിരുന്നു. ദൈവം ഒന്നാണെന്ന് പറയുന്ന ആൾ താങ്കൾ തന്നെയല്ലേ എന്നവർ ചോദിക്കുന്നുണ്ടായിരുന്നു. ഹദ്റത്ത് അലി പറയുന്നു: അല്ലാഹുവാണ! മുശ്രിക്കുകളെ നേരിടാൻ ആർക്കും ധൈര്യം വന്നില്ല. പക്ഷേ, ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) മുന്നോട്ടുവരികയും മുശ്രിക്കുകളെ അടിച്ചടിച്ചും ഉന്തിയും തള്ളിയും അവിടെ നിന്നു മാറ്റിക്കൊണ്ടിരിക്കുകയും 'നിങ്ങളുടെ കാര്യം കഷ്ടം തന്നെ. തന്റെ പരിപാലകൻ അല്ലാഹു മാത്രമാണെന്ന് പറയുന്ന വ്യക്തിയെയാണോ നിങ്ങൾ പീഢിപ്പിക്കുന്നതെന്ന് ചോദിച്ചുകൊണ്ടിരിക്കുകയും ചെയ്തു.' ഇതു പറഞ്ഞുകൊണ്ട് ഹദ്റത്ത് അലി(റ) തന്റെ പുതപ്പെടുത്ത് വായ പൊത്തിക്കൊണ്ട് ഏങ്ങലടിച്ചു കരയാൻ തുടങ്ങി. എത്ര മാത്ര മെ ന്നാൽ അദ്ദേഹത്തിന്റെ താടി കണ്ണീർ കൊണ്ടുകുതിർന്നു.' അദ്ദേഹം പറഞ്ഞു: അല്ലാഹു നിങ്ങൾക്ക് സന്മാർഗം കാണിക്കുമാറാകട്ടെ. ജനങ്ങളെ പറയൂ! ഫിർഔനിന്റെ കുടുംബത്തിലെ വിശ്വാസികളായിരുന്നോ നല്ലത്, അതല്ല അബൂബക്ർ ആയിരുന്നോ ഏറ്റവും നല്ലത്? ഫിർഔനിന്റെ കുടുംബത്തിൽനിന്ന് വിശ്വാസം കൈക്കൊണ്ടവർ തങ്ങളുടെ പ്രവാചകനെ, ഹദ്റത്ത് അബൂബക്ർ സഹായിച്ചതുപോലെ സഹായിച്ചിട്ടില്ല. ഇത്കേട്ട് ജനങ്ങൾ നിശബ്ദരായിരുന്നു. ഹദ്റത്ത് അലി(റ) പറഞ്ഞു: 'ജനങ്ങളെ! എന്തുകൊണ്ട് മറുപടി പറയുന്നില്ല? അല്ലാഹുവാണ! ഹദ്റത്ത് അബൂബക്ർ(റ)ന്റെ ഒരു നിമിഷം, ഫിർഔനിന്റെ കുടുംബത്തിലെ വിശ്വാസികളുടെ ആയിരം നിമിഷങ്ങളെക്കാൾ ഉത്തമമാണ്. അതിനേക്കാളും ശ്രേഷ്ഠമായിട്ടുള്ളതാണ്. കാരണം അവർ തങ്ങളുടെ വിശ്വാസം മറച്ചുവച്ചു കൊണ്ടിരുന്നു. എന്നാൽ, ഹദ്റത്ത് അബൂബക്ർ(റ) തന്റെ വിശ്വാസം പരസ്യമായി പ്രഖ്യാപിക്കുകയുണ്ടായി.'(ദറസുൽഖുർആൻ, ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്(റഹ്)1994 ഫെബ്രുവരി 16)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി ഹദ്റത്ത് അലിയെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: 'അലീ! നിന്റെ തബ്‌ലീഗ് മുഖേന ഒരാൾ വിശ്വസിക്കുകയാണെങ്കിൽ അത് നിന്റെ ആടുകളുടെ ഒരു വലിയ കൂട്ടം രണ്ട് പർവ്വതങ്ങൾക്കിടയിലൂടെ നടക്കുന്നത് നീ കണ്ട് സന്തോഷിക്കുന്നതിനേക്കാളും എത്രയോ ഉത്തമമാണ്.'(ഹമാരെ ദിമ്മ തമാം ദുൻയാ കൊ ഫത്ഹ് കർനെ ക കാമ് ഹെ, അൻവാറുൽഉലൂം വാള്യം 18, പേജ് 464)

ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഉമ്മു സലമ(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി ഇപ്രകാരം പറയുന്നതായി കേട്ടുവെന്ന് ഞാൻ സാക്ഷി പറയുകയാണ്: 'അലിയെ സ്നേഹിക്കുന്നവൻ എന്നെ സ്നേഹിച്ചു. എന്നെ സ്നേഹിക്കുന്നവൻ അല്ലാഹുവിനെ സ്നേഹിച്ചു. അലിയോട് ശത്രുത വെച്ചുപുലർത്തുന്നവൻ എന്നോട് ശത്രുത കാട്ടി. എന്നോട് ശത്രുത വെച്ചുപുലർത്തുന്നവൻ അല്ലാ ഹുവിനോട് ശത്രുത വെച്ചു പുലർത്തി.'

ഹദ്റത്ത് 'സർ' വിവരിക്കുന്നു: ഹദ്റത്ത് അലി(റ) പറഞ്ഞു: വിത്തുകളെ പിളർക്കുകയും ആത്മാവിനെ സൃഷ്ടിക്കുകയും ചെയ്ത അസ്തിത്വമാണ! നിരക്ഷരനായ പ്രവാചകൻ എന്നോട് ഇപ്രകാരം പറഞ്ഞിരുന്നു: 'എന്നോട് മുഅ്മിനീങ്ങൾ മാത്രമേ സ്നേഹം വെച്ചുപുലർത്തുകയുള്ളൂ. കപടവിശ്വാസികൾ മാത്രം എന്നോട് വെറുപ്പ് വെച്ച് പുലർത്തും.'(സ്വഹീഹ് മുസ്‌ലിം, കിതാബു ൽഈമാൻ, ഹദീഥ് നമ്പർ 240)

ഹദ്റത്ത് അലി(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി എന്നെ വിളിച്ചു, എന്നിട്ട് പറഞ്ഞു: 'നിന്റെ ഉദാഹരണം ഹദ്റത്ത് ഈസായെ പോലെയാണ്. യഹൂദികൾ അദ്ദേഹത്തോട് കഠിനമായ വിദ്വേഷം വെച്ചുപുലർത്തുകയും അദ്ദേഹത്തിന്റെ മാതാവിന്നെതിരിൽ അപരാധം പറയുകയും ചെയ്തു. എന്നാൽ, ക്രിസ്ത്യാനികൾ ഈസാ(അ)യോടുള്ള സ്നേഹത്തിൽ അതിരുകടന്ന് അദ്ദേഹത്തിന് ഇല്ലാത്ത സ്ഥാനം നൽകുകയും ചെയ്തു.' പിന്നീട് ഹദ്റത്ത് അലി പറഞ്ഞു: 'കേട്ടുകൊള്ളുക! എന്റെ കാര്യത്തിൽ രണ്ടു തരം ആളുകൾ നാശമടയുന്നതാണ്. ഒന്ന് സ്നേഹത്തിൽ അതിരുകടന്ന് എനിക്കില്ലാത്ത സ്ഥാനം നൽകുന്നവർ. രണ്ടാമത്തെ കൂട്ടർ എന്നോട് വിദ്വേഷം വെച്ചു പുലർത്തുകയും എന്നോടുള്ള ശത്രുത കാരണം എന്നിൽ ആരോപണം ഉന്നയിക്കുകയും ചെയ്യുന്നവർ.'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാള്യം 1, പേജ് 439, മുസ്നദ് അലി ബിൻ അബീ ത്വാലിബ്, ഹദീഥ് 1377, ആലമുൽകുതുബ് ബെയ്റൂത്ത് 1998)

ഹദ്റത്ത് അലി(റ) ശത്രുക്കളുടെ മുതൽ, അതായത് യുദ്ധം ചെയ്യാതെ ശത്രുക്കളിൽ നിന്നു ലഭിക്കുന്ന ധനം വിതരണം ചെയ്യുന്നതിൽ ഹദ്റത്ത് അബൂബക്ർ(റ)ന്റെ രീതിയാണ് അവലംബിച്ചിരുന്നത്. അദ്ദേഹത്തിന്റെ പക്കൽ ഇങ്ങനെയുള്ള സമ്പത്ത് വരുമ്പോൾ അതെല്ലാം മുഴുവനായും വിതരണം ചെയ്യുമായിരുന്നു. അതിൽ നിന്ന് ഒന്നും ബാക്കി വെക്കുമായിരുന്നില്ല; അന്ന് വിതരണം ചെയ്യാൻ കഴിയാത്തതൊഴികെ. അദ്ദേഹം പറയുമായിരുന്നു: 'ലോകമേ, നീ പോകൂ! എന്നെ വിട്ടു മറ്റാരെയെങ്കിലും നീ വഞ്ചിച്ചു കൊള്ളുക!' ശത്രുക്കളുടെ സമ്പത്തിൽനിന്ന് ഒന്നും തനിക്കായി മാറ്റിവെക്കാറുണ്ടായിരുന്നില്ല. തന്റെ അടുത്ത സുഹൃത്തുക്കൾക്കോ ബന്ധുക്കൾക്കോ അതിൽനിന്ന് നൽകാറുമില്ലായിരുന്നു.' അദ്ദേഹം ഗവർണർ സ്ഥാനവും പദവികളും വിശ്വസ്തരായ ആളുകളെ മാത്രമേ ഏൽപ്പിക്കാറുണ്ടായിരുന്നുള്ളൂ. അവരിലാരെങ്കിലും വിശ്വാസവഞ്ചന ചെയ്തുവെന്നറിഞ്ഞാൽ അവർക്ക് ഈ ആയത്തുകൾ എഴുതി അയക്കുമായിരുന്നു. **ഖദ് ജാഅത്ക്കും മൗയിളത്തുൻ മിൻ റബ്ബിക്കും**(യൂനുസ്:58) 'ജനങ്ങളേ! തീർച്ചയായും നിങ്ങളുടെ നാഥനിൽനിന്നുള്ള ഒരു തത്ത്വോപദേശവും വന്നു കഴിഞ്ഞിരിക്കുകയാണ്.'(10:58) **ഔഫുൽ മിക്‌യാല വൽമീസാന ബിൽഖിസ്ത്വി വലാ തബ്ഖസുന്നാസ അശ്‌യാഅഹും വലാ തഅ്ഥൗ ഫിൽഅർളി മുഫ്സിദീന ബഖിയ്യത്തുല്ലാഹി ഖയ്റുല്ലക്കും ഇൻകുൻതും മുഅ്മിനീന വമാ അന അലയ്ക്കും ബി ഹഫീളിൻ**.(ഹൂദ്:86,87)

അളവും തൂക്കവും നിങ്ങൾ നീതിപൂർവ്വം പൂർത്തിയാക്കിക്കൊടുക്കുക. ജനങ്ങൾക്ക് അവരുടെ വസ്തുക്കളിൽ കുറവു വരുത്തുകയുമരുത്. നാശകാരികളായി ഭൂമിയിൽ നിങ്ങൾ കുഴപ്പമുണ്ടാക്കുകയും അരുത്. നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹു നിങ്ങൾക്കു ബാക്കിത്തരുന്ന ധനമാണ് നിങ്ങൾക്ക് ഉത്തമമായിട്ടുള്ളത്. ഞാൻ നിങ്ങളുടെമേൽ ഒരു കാവൽക്കാരനല്ല.(11:86-87) തുടർന്ന് എഴുതുമായിരുന്നു: എന്റെ ഈ കത്ത് നിങ്ങൾക്ക് ലഭിച്ചാൽ നിങ്ങളുടെ കൈവശമുള്ള നമ്മുടെ സമ്പത്ത് സൂക്ഷിച്ചു വെക്കുക. നിങ്ങളുടെ അടുത്തേക്ക് നിങ്ങളിലുള്ള സമ്പത്ത് ശേഖരിക്കാനായി ഞാൻ ഒരാളെ അയക്കുന്നതാണ്. എന്നിട്ട് തന്റെ ദൃഷ്ടികൾ ആകാശത്തേക്ക് ഉയർത്തിക്കൊണ്ടു പറയും: 'അല്ലാഹുവേ! ഞാൻ അവരെ നിന്റെ സൃഷ്ടികളുടെമേൽ അക്രമം പ്രവർത്തിക്കുന്നതിനും നിന്റെ അവകാശം വിട്ടു കൊടുക്കുന്നതിനും കല്പിച്ചിട്ടില്ലെന്ന് നിനക്കറിയാമല്ലോ.'

അബ്ജർ ബിൻ ജുർമൂസ് തന്റെ പിതാവിൽ നിന്നു നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ അലി ബിൻ അബൂത്വാലിബിനെ കൂഫയിൽ നിന്നു പുറപ്പെടുന്നത് കണ്ടു. അദ്ദേഹത്തിന്റെ മേൽ രണ്ടു ഖിത്‌രീ പുതപ്പ് ഉണ്ടായിരുന്നു. ബഹ്റയ്നിലെ ഒരു നാടിന്റെ പേരാണ് ഖിത്ർ. അവിടെ ചെമന്ന കരകളോട് കൂടിയ പുതപ്പുകൾ നിർമിക്കാറുണ്ട്. ആ പുതപ്പുകളിൽ ഒന്ന് ഇദ്ദേഹം തുണിയായി ഉടുത്തിരുന്നു. ഒന്ന് പുതക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ തുണി നെരിയാണിവരെ എത്തിയിരുന്നു. അദ്ദേഹം ഒരു ചാട്ടവാറും പിടിച്ചു അങ്ങാടിയിലൂടെ നടന്നുകൊണ്ട് ജനങ്ങളെ അല്ലാഹുവിൽ തഖ്‌വയുള്ളവരായിരിക്കുന്നതിനും സത്യമായ കാര്യങ്ങൾ പറയുന്നതിനും കച്ചവടം നല്ല രീതിയിൽ നടത്തുന്നതിനും അളവും തൂക്കവും എല്ലാം ശരിയായ രീതിയിൽ നിർവഹിക്കുന്നതിനും ഉപദേശിച്ചു കൊണ്ടിരിക്കുകയും ചെയ്തു.'

മജമ്മിഅ് തയ്മി നിവേദനം. ഒരിക്കൽ ബയ്ത്തുൽ മാലിലുണ്ടായിരുന്ന സകലതും ഹദ്റത്ത് അലി(റ) മുസ്‌ലിമീങ്ങൾക്കിടയിൽ വിതരണം ചെയ്തു. എന്നിട്ട് അദ്ദേഹത്തിന്റെ കല്പനപ്രകാരം അതിൽ വെള്ള വലിപ്പിച്ചു. ഖിയാമത്തുന്നാളിൽ അദ്ദേഹത്തിന് അനുകൂലമായി സാക്ഷി പറയും എന്ന പ്രതീക്ഷയോടെ അതിൽ നമസ്കരിക്കുകയും ചെയ്തു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാള്യം 3, പേജ് 1111-1113, ദിക്ർ അലി ബിൻ അബീത്വാലിബ്, ദാറുൽജീൽ ബെയ്റൂത്ത് 1992) (ലുഗാത്തുൽഹദീഥ്, വാള്യം 3, പേജ് 575, നുഅ്മാനീ കുതുബ് ഖാന ലാഹോർ 2005)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), ഹദ്റത്ത് അലിയെ പരാമർശിച്ചുകൊണ്ട് ഒരു സ്ഥലത്ത് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) 1892 ഡിസംബർ 7 ന് തന്റെ ഒരു സ്വപ്നം വിവരിക്കുകയുണ്ടായി. ഞാൻ അലി കർറമല്ലാഹു വജ്ഹഹൂ ആയിരിക്കുന്നു. അതായത് ഞാൻ അലിയായിരിക്കുന്നതായി സ്വപ്നത്തിൽ കണ്ടു. സ്വപ്നത്തിൽ അത്ഭുത പ്രതിഭാസങ്ങളിൽ ചിലപ്പോൾ ഒരാൾ താൻ മറ്റൊരാളായി കരുതും. അപ്പോൾ ഞാൻ മനസ്സിലാക്കുന്നത്, ഞാൻ അലി മുർത്തളാ ആയി മാറിയിട്ടുണ്ടെന്നാണ്. ആ സമയത്ത് ഖാരിജികളുടെ ഒരു സംഘം എനിക്കെതിരിൽ എന്റെ ഖിലാഫത്തിനെ എതിർത്തുകൊണ്ട് രംഗത്ത് വന്നിരിക്കുന്നു. അതായത് അവർ എന്റെ ഖിലാഫത്തിനെ തടയാൻ

ഉദ്ദേശിച്ചിരിക്കുകയാണ്. അവർ ആകെ കുഴപ്പം പരത്തുകയാണ്. അപ്പോൾ നബി(സ)തിരുമേനി എന്റെ അടുത്തുള്ളതായി ഞാൻ കാണുന്നു. വളരെ വാത്സല്യത്തോടും സ്നേഹത്തോടും എന്നോട് പറയുകയാണ്, *യാ അലിയ്യു ! ദഅ്ഹും വ അൻസ്വാറഹും വ സിറാഅത്തഹും അലീ!* ഇവരോടും ഇവരുടെ ശിങ്കിടികളോടും ഇവരുടെ കൃഷിയിടങ്ങളോടും അകലം പാലിക്കുക. അവരെ വിട്ടു കളഞ്ഞേക്ക്. അവരിൽ നിന്നു മുഖം തിരിക്കുക. അപ്പോൾ എനിക്ക് മനസ്സിലായി ഇങ്ങനെയുള്ള ഫിത്നകളുടെ കാലത്ത് ക്ഷമ കൈക്കൊള്ളാനാണ് നബി(സ)തിരുമേനി എന്നോട് പറയുന്നതെന്ന്. അതിൽനി ന്നു മുഖം തിരിക്കാൻ എന്നോട് ഉപദേശിക്കുകയാണ്. നീയാണ് സത്യമാർഗത്തിൽ, അതിനാൽ ഇവരിൽ നിന്നു വിട്ടുനിൽക്കുന്നതാണ് ഉത്തമമെന്നും എന്നോട് പറയുകയാണ്.' (ബർക്കാത്തെ ഖിലാഫത്ത്, അൻവാറുൽഉലൂം വാല്യം 2, പേജ് 176)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഹദ്റത്ത് അലി(റ) ഖാരിജികളുടെ സൈന്യത്തിന്റെ എല്ലാ വസ്തുക്കളും പിടിച്ചെടുക്കുകയുണ്ടായി. അതിലെ ആയുധങ്ങളും യുദ്ധയാത്രാ വസ്തുക്കളും ജനങ്ങൾക്കിടയിൽ വിതരണം ചെയ്തു. പക്ഷേ, സാധനങ്ങളും അടിമകളുമെല്ലാം കൂഫയിൽ തിരിച്ചെത്തിയപ്പോൾ അതിന്റെ ഉടമസ്ഥർക്ക് തിരിച്ചുനൽകി.' (മസ്അലയെ വഹ്‌യ് വ നുബുവ്വത്ത് കെ മുത്തഅല്ലിഖ് ഇസ്ലാമീ നള്‌രിയ്യ, അൻവാറുൽഉലൂം വാല്യം 23, പേജ് 363)

മറ്റൊരു ഉദ്ധരണി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'ഹദ്റത്ത് ഉമറിന്റെ കാലം ഹദ്റത്ത് അബൂബക്റിന്റെ കാലത്തെക്കാളും നബി(സ)തിരുമേനിയിൽ നിന്നു അകലെയായിരുന്നു. ഇതേ അവസ്ഥയിലായിരുന്നു ഹദ്റത്ത് ഉഥ്മാന്റെയും ഹദ്റത്ത് അലിയുടെയും കാലം. അവരുടെയെല്ലാം സ്ഥാനപദവി മുമ്പേയുള്ള ഖലീഫമാരെക്കാളും കുറവായിരുന്നെങ്കിലും അവരുടെ കാലത്ത് തലപൊക്കിയ പ്രശ്നങ്ങൾക്കു കാരണം അവരുടെ പ്രധാന പദവിയിലുള്ള കുറവായിരുന്നില്ല. മറിച്ച് നബി(സ) തിരുമേനിയുടെ കാലഘട്ടത്തിൽ നിന്നുള്ള അകലമായിരുന്നു അതിൽ സ്വാധീനം ചെലുത്തിയിരുന്നത്. കാരണം ഹദ്റത്ത് അബൂബക്റിന്റെ കാലത്തും ഹദ്റത്ത് ഉമറിന്റെ കാലത്തും കൂടുതൽ പേരും നബി(സ)തിരുമേനിയുടെ സാമിപ്യവും സഹവാസവും ലഭിച്ചവരായിരുന്നു. എന്നാൽ, പിന്നീട് മറ്റുള്ളവരാണ് കൂടുതലും മുന്നോട്ടു വന്നത്. ഒരിക്കൽ ഹദ്റത്ത് അലിയോട് ആരോ ചോദിക്കുകയുണ്ടായി, ഹദ്റത്ത് അബൂബക്റിന്റെയും ഹദ്റത്ത് ഉമറിന്റെയും കാലത്ത് താങ്കളുടെ കാലത്തുണ്ടായതുപോലെയുള്ള ഫിത്നകളും കുഴപ്പങ്ങളും ഉണ്ടായിരുന്നില്ല. അദ്ദേഹം പറഞ്ഞു: അതിനുള്ള കാരണം ഹദ്റത്ത് അബൂബക്റിന്റെയും ഉമറിന്റെയും കീഴിൽ എന്നെ പോലെയുള്ള ആളുകളാണ് ഉണ്ടായിരുന്നത്. എന്നാൽ, എന്റെ കീഴിൽ നിങ്ങളെ പോലെയുള്ള ആളുകളാണുള്ളത്.'(ജമാഅത്ത് അഹ്മദിയ്യ ഔർ ഹമാരി ദിമ്മദാരിയാൻ അൻവാറുൽഉലൂം വാല്യം 5, പേജ് 95))

മറ്റൊരു സ്ഥലത്ത് ഒരു സംഭവം വിവരിച്ചു കൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: ഹദ്റത്ത് അലിയുടെയും മുആവിയായുടെയും ഇടയിൽ യുദ്ധം നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഒരാൾ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമറിന്റെ അടുത്തുവന്നു ചോദിച്ചു: 'താങ്കൾ ഹദ്റത്ത് അലിയുടെ കാലത്തുള്ള യുദ്ധത്തിലൊന്നും പങ്കെടുക്കാത്തതെന്തുകൊണ്ടാണ്? വാസ്തവത്തിൽ വിശുദ്ധ ഖുർആനിൽ **വഖാത്തിലൂഹും ഹത്താ ലാ തകൂന ഫിത്നത്തുൻ** എന്ന് വളരെ വ്യക്തമായ കല്പനയുണ്ട്. അപ്പോൾ അദ്ദേഹം മറുപടി നൽകി: 'ഞങ്ങൾ ഈ കല്പന നബി(സ)തിരുമേനിയുടെ കാലത്ത് പൂർത്തിയാക്കിയിട്ടുണ്ട്. അന്ന് ഇസ്‌ലാം വളരെ ചെറുതായിരുന്നു. മതം സ്വീകരിക്കുന്ന പേരിൽ അന്ന് ജനങ്ങളെ പരീക്ഷണത്തിൽ അകപ്പെടുത്തിയിരുന്നു. അതായത് ഒന്നുകിൽ അവരെ വധിക്കുകയോ അല്ലെങ്കിൽ പീഢിപ്പിക്കുകയോ ചെയ്തിരുന്നു. അങ്ങനെ ഇസ്‌ലാം വ്യാപിച്ചു. പിന്നീട് ഇങ്ങനെ പരീക്ഷണത്തിലിടാറുണ്ടായിരുന്നില്ല.'(തഫ്സീർ കബീർ, വാല്യം 2, പേജ് 427 –428)

അതായത് യുദ്ധങ്ങൾ ഉണ്ടായിരുന്നെങ്കിൽ ആദ്യകാലത്ത് മതം മാറിയതിന്റെ പേരിലായിരുന്നു. മതം മാറുന്നവർക്കെതിരിലായിരുന്നു യുദ്ധം നടന്നിരുന്നത്. ഇപ്പോൾ ഇവിടെ ഇസ്‌ലാം നടപ്പിൽ വന്നു കഴിഞ്ഞിരിക്കുന്നു. വിശ്വാസപരമായ ഒരു ഭിന്നതയും ഇപ്പോഴില്ല. ചില കാഴ്ചപ്പാടുകളിലുള്ള ഭിന്നതകളാണുള്ളത്. അതിനാൽ ഇങ്ങനെയുള്ള യുദ്ധങ്ങളിൽ ഞാൻ പങ്കെടുക്കുന്നില്ല. ഏതായാലും ഇത് അദ്ദേഹത്തിന്റെ ഒരു കാഴ്ചപ്പാടാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കു ന്നു: റോമൻ രാജാവ് ഹദ്റത്ത് അലിയും ഹദ്റത്ത് മുആവിയയും തമ്മിലുള്ള യുദ്ധത്തെ കുറിച്ച് അറിഞ്ഞപ്പോൾ ഇസ്‌ലാമിക സാമ്രാജ്യത്തെ ആക്രമിക്കാൻ തയ്യാറായി. ഇതറിഞ്ഞ മുആവിയ അദ്ദേഹത്തിന് കത്തെഴുതി. 'താങ്കൾ ജാഗരൂകരായിരിക്കുക. ഞങ്ങൾക്കിടയിൽ ഭിന്നതയുണ്ടെന്നോർത്ത് വഞ്ചനയിൽ അകപ്പെടേണ്ട. ഇനി താങ്കൾ ആക്രമിക്കുകയാണെങ്കിൽ നിങ്ങളെ നേരിടാനായി ഹദ്റത്ത് അലിയുടെ സൈന്യം പുറപ്പെടുമ്പോൾ അതിന്റെ ആദ്യത്തെ ജനറൽ ഞാനായിരിക്കും.'(തഫ്സീർ കബീർ, വാല്യം 4, പേജ് 430)

ഈ സംഭവത്തെ അവിടന്ന് ഇങ്ങനെ വിശദീകരിക്കുന്നു: 'ഒരു കാലമുണ്ടായിരുന്നു. റോമൻ രാജാവ് മുസ്‌ലിമീങ്ങളെ ആക്രമിക്കാനായി ഒരു സൈന്യത്തെ അയച്ചു.' റോമൻ സാമ്രാജ്യത്തിന്റെ പ്രതാപത്തിന്റെ അന്നത്തെ അവസ്ഥ ഇന്ന് അമേരിക്കയുടേത് പോലെയായിരുന്നു. 'രാജാവ് ഒരു സൈന്യത്തെ അയക്കുന്നുണ്ടെന്ന വാർത്ത അറിഞ്ഞ ബുദ്ധിമാനിയ ഒരു പാതിരി രാജാവിനോട് പറഞ്ഞു: 'രാജാവേ! എന്റെ ഒരു കാര്യം കേട്ടാലും! സൈന്യത്തെ അയക്കുന്നതിൽനിന്നു വിട്ടു നിന്നാലും! ഇവർ പരസ്പരം അഭിപ്രായ ഭിന്നതയുള്ളവരാണെങ്കിലും, താങ്കൾക്കെതിരിൽ ഇവർ ഒന്നിക്കും. പരസ്പരമുള്ള ഭിന്നത അവർ മറക്കുകയും ചെയ്യും പിന്നീട് ഒരുദാഹരണം പറഞ്ഞു:' ഇത് എന്തുദ്ദേശ്യത്തോടെയാണ് പറഞ്ഞതെന്നറിയില്ല. ഇകഴ്ത്തിക്കാണിക്കാനാണോ അതോ മറ്റോ? എന്തായലും പറഞ്ഞു: 'നിങ്ങൾ കുറെ നായ്ക്കളെ കൊണ്ടുവരിക! അവയെ കുറച്ചുകാലം പട്ടിണിക്കിടുക. പിന്നീട് അവർക്ക് മുമ്പിൽ മാംസം ഇട്ടുകൊടുക്കുക. അവർ പരസ്പരം കടിപിടികൂടുന്നതായി കാണാം. എന്നാൽ, ആ നായ്ക്കളെ ആക്രമിക്കാൻ സിംഹത്തെ അഴിച്ചുവിടുകയാണെങ്കിൽ ആ നായ്ക്കൾ പരസ്പരമുള്ള കടിപിടി ഉപേക്ഷിച്ച് സിംഹത്തെ ആക്രമിക്കുന്നതായിരിക്കും. ഹദ്റത്ത് അലിയും മുആവിയയും തമ്മിലുള്ള ഭിന്നത പ്രയോജനപ്പെടുത്താനാണ് താങ്കൾ ഇപ്പോൾ ഉദ്ദേശിക്കുന്നതെങ്കിൽ എനിക്ക് പറയാനുള്ളത്, പൊതു ശത്രുവിന്നെതിരിൽ ഇവർ രണ്ടുപേരും പരസ്പരമുള്ള എതിർപ്പുകൾ മറക്കുകയും ശത്രുക്കൾക്കെതിരിൽ ഒന്നിക്കുകയും ചെയ്യുന്നതാണ്. ഇതു തന്നെയാണ് സംഭവിച്ചതും. ഹദ്റത്ത് മുആവിയക്ക് റോമൻ രാജാവിന്റെ ദുരുദ്ദേശ്യത്തെ കുറിച്ച് അറിവ് ലഭിച്ചപ്പോൾ അദ്ദേഹം തന്റെ സന്ദേശം അയാൾക്ക് അയച്ചു കൊണ്ട് പറഞ്ഞു: 'ഞങ്ങൾക്കിടയിലുള്ള ഭിന്നതയിൽ നിന്ന് ഫലമെടുത്ത് മുസ്‌ലിമീങ്ങളെ ആക്രമിക്കാനുള്ള വല്ല പദ്ധതിയും നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ ഓർക്കുക, എനിക്കും ഹദ്റത്ത് അലിക്കുമിടയിൽ യുദ്ധം ഉണ്ടെന്ന കാര്യം സത്യം തന്നെ! എന്നാൽ, നിങ്ങളുടെ സൈന്യം ഞങ്ങളെ ആക്രമിക്കുകയാണെങ്കിൽ ഹദ്റത്ത് അലിയുടെ ഭാഗത്തുനിന്ന് ആ സൈന്യത്തെ നേരിടാനുള്ള സംഘത്തിന്റെ ആദ്യ ജനറൽ ഞാനായിരിക്കും.'(1956 ൽ നടന്ന മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ കെ സാലാന ഇജ്തിമായിലെ പ്രസംഗം. അൻവാറുൽ ഉലൂം വാല്യം 25, പേജ് 416 –417)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) നിവേദനം. ഹദ്റത്ത് ഉമർ(റ) പറയാറുണ്ടായിരുന്നു: 'ഞങ്ങളിൽ ഏറ്റവും നന്നായി വിശുദ്ധഖുർആൻ ഓതുന്നത് ഉബയ്യ് ബിൻ കഅബ്(റ) ആകുന്നു. ഞങ്ങളിൽ ഏറ്റവും നന്നായി തീർപ്പു കൽപ്പിക്കുന്ന വ്യക്തി അലി(റ) ആകുന്നു. (സ്വഹീഹുൽബുഖാരി, കിതാബുത്തഫ്സീർ സൂറ ബഖറ, ഹദീഥ് നമ്പർ 4481)

ഹദ്റത്ത് ഉമ്മു അത്വിയ(റ) വിവരിക്കുന്നു: 'നബി(സ)തിരുമേനി ഒരു സൈന്യത്തെ അയച്ചു. അതിൽ ഹദ്റത്ത് അലിയും ഉണ്ടായിരുന്നു.' അവർ പറയുന്നു: 'നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്യുന്നതായി കേട്ടു, 'അല്ലാഹുവേ! നീ എനിക്ക് അലിയെ കാണിച്ചുതരുന്നതുവരേയും മരണം നൽകരുതേ!'(ഉസുദുൽഗാബ ലി മഅ്രിഫത്തിസ്സ്വഹാബ, വാല്യം 4, പേജ് 100, ദികർ അലി ബിൻ അബീത്വാലിബ്, ദാറുൽഫിക്ർ ബെയ്റുത്ത് 2003)

നബി(സ)തിരുമേനി ഒരിക്കൽ ഹദ്റത്ത് അലിയെ ഒരു യുദ്ധത്തിൽ അയച്ചു. തിരിച്ചെത്തിയപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'അല്ലാഹുവും അവന്റെ റസൂലും ജിബ്‌രീലും നിന്നിൽ സന്തുഷ്ടരാകുന്നു.' (കൻസുൽഉമ്മാൽ, വാല്യം 13, പേജ് 107, ഹദീഥ് 36349, മുഅസ്സസത്തുർരിസാല ബെയ്റുത്ത് 1985)

ഒരിടത്ത് ഒരു സംഭവം വരുന്നുണ്ട്. അമീർ മുആവിയ, ളിറാർ സ്വുദായിയോട് പറഞ്ഞു: 'എനിക്ക് ഹദ്റത്ത് അലിയുടെ മേന്മകൾ പറഞ്ഞു തരൂ!' അദ്ദേഹം പറഞ്ഞു: 'അമീറുൽ മുഅ്മിനീൻ! എന്നോട് ക്ഷമിച്ചാലും അക്കാര്യത്തിൽ മാപ്പാക്കിയാലും.' അമീർ മുആവിയ പറഞ്ഞു: 'താങ്കൾ പറഞ്ഞേ പറ്റൂ.' ളിറാർ പറഞ്ഞു: 'അങ്ങനെയാണെങ്കിൽ കേട്ടുകൊള്ളുക. അല്ലാഹുവാണ! ഹദ്റത്ത് അലി, ഉന്നതമായ ആത്മവിശ്വാസമുള്ള ദൃഢഗാത്രനായിരുന്നു. ശരിയായ (തീർപ്പിന്റെ) കാര്യങ്ങൾ പറയുമായിരുന്നു. നീതിപൂർവം തീർപ്പു കൽപ്പിക്കുമായിരുന്നു. അദ്ദേഹം വിജ്ഞാനത്തിന്റേയും ദൈവിക ജ്ഞാനത്തിന്റേയും ഒഴുകുന്ന അരുവിയായിരുന്നു.അദ്ദേഹത്തിന്റെ സംസാരത്തിൽ ഉടനീളം യുക്തി പ്രകടമായിരുന്നു. അദ്ദേഹം ഭൗതികതയേയും അതിന്റെ സൗന്ദര്യത്തേയും വെറുത്തിരുന്നു. രാത്രിയും അതിന്റെ ഏകാന്തതയും ഇഷ്ടപ്പെട്ടിരുന്നു. അദ്ദേഹം ഏറെ കരയുന്നവനും വളരെ ചിന്താമഗ്നനുമായിരുന്നു. അദ്ദേഹം ലളിതമായ ഭക്ഷണമാണ് ഇഷ്ടപ്പെട്ടിരുന്നത്. ഞങ്ങൾക്കിടയിൽ ഞങ്ങളെ പോലെ, അതായത് സാധാരണക്കാരനെപോലെ കഴിഞ്ഞിരുന്നു. ഞങ്ങൾ ചോദ്യങ്ങൾ ചോദിക്കുമ്പോൾ അദ്ദേഹം മറുപടി നൽകുമായിരുന്നു. ഏതെങ്കിലും സംഭവത്തെപറ്റി ചോദിച്ചാൽ അതേ പറ്റി പറഞ്ഞുതന്നിരുന്നു. അല്ലാഹുവാണ! ഞങ്ങൾക്ക് അദ്ദേഹത്തോടും അദ്ദേഹത്തിന്

ഞങ്ങളോടും സ്നേഹവും സാമീപ്യവും ഉണ്ടായിരുന്നുവെങ്കിലും ഞങ്ങൾ അദ്ദേഹത്തോടുള്ള ആദരയുക്തമായ ഭയം കാരണം വളരെ കുറച്ചു മാത്രമേ സംസാരിച്ചിരുന്നുള്ളൂ. അദ്ദേഹം ദീനീ ബോധമുള്ളവരെ ബഹുമാനിക്കുകയും സാധുക്കൾക്ക് തന്റെ സാമീപ്യം നൽകുകയും ചെയ്തിരുന്നു. ശക്തിയുള്ള ഒരാൾക്കുപോലും തന്റെ തെറ്റായ കാര്യം അദ്ദേഹത്തെക്കൊണ്ട് അംഗീകരിപ്പിക്കാമെന്ന് വ്യാമോഹിക്കാൻ കഴിഞ്ഞിരുന്നില്ല. ദുർബലനായ ഒരാളുംതന്നെ അദ്ദേഹത്തിന്റെ നീതിന്യായത്തെപ്പറ്റി നിരാശനുമായിരുന്നില്ല. അല്ലാഹുവാണ! ചില സന്ദർഭങ്ങളിൽ രാത്രി ആകുമ്പോൾ നക്ഷത്രങ്ങൾ മങ്ങുമ്പോൾ അദ്ദേഹം താടിപിടിച്ച്, പാമ്പ് കടിയേറ്റവനെപ്പോലെ പിടഞ്ഞുകൊണ്ട്, വളരെ ദുഃഖിതനായ വ്യക്തിയെ പോലെ കരഞ്ഞുകൊണ്ടു ഇങ്ങനെ പറയുന്നത് ഞാൻ കണ്ടിട്ടുണ്ട്: 'ഭൗതിക ലോകമേ! എന്നെ അല്ലാതെ മറ്റാരെയെങ്കിലും വഞ്ചിക്കാൻ നോക്ക്! നിനക്ക് എന്നെ ഭ്രമിപ്പിക്കാൻ കഴിയുമോ? എനിക്ക് നീ അലംകൃതമായി കാണുന്നു. എന്നാൽ, നീ ആഗ്രഹിക്കുന്നതൊന്നും ഒരിക്കലും സാധ്യമല്ല. ഒരിക്കലും സാധ്യമല്ല. ഞാൻ നിനക്ക് മൂന്ന് ത്വലാഖും തന്നു കഴിഞ്ഞിരിക്കുന്നു. അതിനു ശേഷം വീണ്ടെടുക്കൽ സാധ്യമല്ല. കാരണം നിന്റെ ആയുസ്സ് കുറവാകുന്നു. നീ അസ്ഥിരമാകുന്നു.'(ഇത് ആലങ്കാരിക ഭാഷയിൽ ഭൗതികലോകത്തെ സംബോധന ചെയ്യുകയാണ്). 'നിന്റെ ആയുസ്സ് കുറവാണ്. നീ അസ്ഥിരമാകുന്നു. പാഥേയം കുറവും യാത്ര നീണ്ടതും വഴി ദുഷ്കരവുമാകുന്നു.' അദ്ദേഹത്തിന്റെ ഗുണഗണങ്ങളെ പറ്റി ഇതെല്ലാം പറഞ്ഞു കേട്ടപ്പോൾ അമീർ മുആവിയ കരയാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു: 'അല്ലാഹു അബുൽഹസനോട് കരുണ കാണിക്കുമാറാകട്ടെ. അല്ലാഹുവാണ! ഇങ്ങനെയൊക്കെ തന്നെയായിരുന്നു. ളിറാറേ! അലിയുടെ മരണത്തിൽ നിനക്ക് എത്രമാത്രം ദുഃഖമുണ്ടായി? ളിറാർ പറഞ്ഞു: 'തന്റെ മടിത്തട്ടിൽത്തന്നെ കുഞ്ഞിനെ അറുക്കുമ്പോൾ മാതാവിനുണ്ടാകുന്ന അവസ്ഥ പോലെയായിരുന്നു എ ന്റേത്!' (അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാല്യം 3, പേജ് 1107-1108, അലി ബിൻ അബീത്വാലിബ്, ദാറുൽജീൽ ബെയ്റുത്ത് 1992)

ഹദ്റത്ത് അലിയുടെ നീതിന്യായപരമായ തീരുമാനങ്ങൾ വളരെ പ്രസിദ്ധമാകുന്നു. അതിൽ ചിലത് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) വിവരിച്ചിട്ടുണ്ട്. അവിടന്ന് പറയുന്നു:

ഹദ്റത്ത് അലി(റ)യുടെ കാലത്തെ ഒരു സംഭവം ത്വബ്രി എഴുതിയിട്ടുണ്ട്. പറയുന്നു: 'ഇസ്ലാമിന്റെ പ്രാരംഭകാലം മുതൽതന്നെ ഈ മുൻകരുതലിൽ പ്രവർത്തനം നടന്നുപോരുന്നതാണ്. ആ സംഭവം ഇങ്ങനെയാകുന്നു: അദൽ ബിൻ ഉഥ്മാൻ വിവരിക്കുന്നു: ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) അതിന്റെ മുഴുവൻ അറബി വാക്യങ്ങളും എഴുതിയിരിക്കുന്നു. ഞാൻ ഈ നേരത്ത് ആ അറബി വാക്യങ്ങൾ ഒഴിവാക്കുകയാണ്. ഇൻശാ അല്ലാഹ് ഖുത്ബ പ്രസിദ്ധീകരിക്കുമ്പോൾ അത് ചേർക്കുന്നതായിരിക്കും.

അദൽ ബിൻ ഉഥ്മാൻ പറയുന്നു:

(رَاَیۡتُ عَلِیًّا عَمَّ خَارِجًا مِنۡ هَمۡدَانَ فَرَاٰی فِئَتَیۡنِ تَقۡتُلَانِ فَفَرَّقَ بَیۡنَهُمَا
ثُمَّ مَضٰی فَسَمِعَ صَوۡتًا یَا غَوۡثًا بِاللهِ فَخَرَجَ یَحُضُّ نَحۡوَهٗ حَتّٰی سَمِعۡتُ خَفۡقَ نَعۡلِهٖ وَهُوَ یَقُوۡلُ اَتَاكَ الۡغَوۡثُ
فَاِذَا رَجُلٌ یُلَازِمُ رَجُلًا فَقَالَ یَا اَمِیۡرَ الۡمُؤۡمِنِیۡنَ بِعۡتُ مِنۡ هٰذَا ثَوۡبًا بِتِسۡعَةِ دَرَاهِمَ وَشَرَطۡتُ عَلَیۡهِ
اَنۡ لَّا یُعۡطِیَنِیۡ مَغۡمُوۡرًا وَلَا مَقۡطُوۡعًا وَكَانَ شَرۡطُهُمۡ یَوۡمَئِذٍ فَاَتَیۡتُهٗ بِهٰذِهِ الدَّرَاهِمِ لِیُبَدِّلَهَا لِیۡ فَاَبٰی
فَلَزِمۡتُهٗ فَلَطَمَنِیۡ فَقَالَ اَبۡدِلۡهُ فَقَالَ بَیِّنَتُكَ عَلَی اللَّطۡمَةِ فَاَتَاهُ بِالۡبَیِّنَةِ فَاَقۡعَدَهٗ ثُمَّ قَالَ دُوۡنَكَ
فَاقۡتَصَّ فَقَالَ اِنِّیۡ قَدۡ عَفَوۡتُ یَا اَمِیۡرَ الۡمُؤۡمِنِیۡنَ قَالَ اِنَّمَا اَرَدۡتُ اَنۡ اَحۡتَاطَهٗ فِیۡ حَقِّكَ ثُمَّ ضَرَبَ
الرَّجُلَ تِسۡعَ دُرَّاتٍ وَقَالَ هٰذَا حَقُّ السُّلۡطَانِ۔)

ഹദ്റത്ത് അലി ഹമദാന് പുറത്ത് താമസിക്കുകയായിരുന്നു. അതിനിടയിൽ അദ്ദേഹം രണ്ട് കക്ഷികൾ പരസ്പരം വഴക്ക് കൂടുന്നത് കണ്ടു. അദ്ദേഹം അവർക്കിടയിൽ രഞ്ജിപ്പുണ്ടാക്കി. എന്നാൽ, അല്പം നേരം കഴിഞ്ഞതേയുള്ളൂ. 'ആരെങ്കിലും തന്നെ രക്ഷിക്കേണമേ' എന്ന് ആരോ നിലവിളിച്ചു അല്ലാഹുവിനെ മുൻനിറുത്തി പറയുന്നത് അദ്ദേഹം കേട്ടു. ക്ഷണത്തിൽ അദ്ദേഹം ആ ശബ്ദം കേട്ട ഭാഗത്തേക്കോടി. അദ്ദേഹത്തിന്റെ ഷൂസിന്റെ ശബ്ദം കേൾക്കാമായിരുന്നു. സഹായമെത്തി, സഹായമെത്തി എന്ന് അദ്ദേഹം പറയുന്നുണ്ടായിരുന്നു. അദ്ദേഹം ആ സ്ഥലത്ത് എത്തിയപ്പോൾ ഒരാൾ മറ്റൊരാളെ കെട്ടിപ്പിടിച്ചിരിക്കുന്നതാണ് കണ്ടത്. അയാൾ അദ്ദേഹത്തെ കണ്ടപ്പോൾ പറഞ്ഞു: 'യാ അമീറൽ മുഅ്മിനീ ൻ! ഞാൻ ഇയാൾക്ക് ഒരു വസ്ത്രം 9 ദിർഹമിന് വിറ്റിരുന്നു. പക്ഷേ, സംശയമുള്ളതോ കീറിയതോ ആയ രൂപ അതായത് ദിർഹം തരരുതെന്ന നിബന്ധന വെച്ചിരുന്നു. അയാൾ(വാങ്ങിയ ആൾ)അതംഗീകരിച്ചു. പക്ഷേ, ഇന്ന് ഞാൻ അയാൾക്ക് എടുക്കാത്ത നോട്ട് മടക്കിക്കൊടുക്കാൻ വന്നപ്പോൾ അയാൾ അത് മാറ്റി തരാൻ വിസമ്മതിച്ചു. ഞാൻ പിന്നാലെ കൂടിയപ്പോൾ അയാൾ എന്റെ കരണത്തടിച്ചു. ഹദ്റത്ത് അലി(റ), വാങ്ങിയ ആളോട് അയാൾക്ക് പൈസ മാറ്റി കൊടുക്കാൻ പറഞ്ഞു. പിന്നെ രണ്ടാമത്തവനോട് കരണത്തടിച്ചതിന് തെളിവു നൽകാൻ പറഞ്ഞു. അയാൾ തെളിവ് കൊടുത്തപ്പോൾ അടിച്ചവനെ പിടിച്ചിരുത്തിയിട്ട് അയാളോട് പകരം വീട്ടിക്കൊള്ളാൻ പറഞ്ഞു. അപ്പോൾ അടികൊണ്ടവൻ പറഞ്ഞു: 'യാ! അമീറൽ മുഅ്മിനീൻ! ഞാൻ അയാൾക്ക് മാപ്പ് കൊടുത്തിരിക്കുന്നു.' അദ്ദേഹം പറഞ്ഞു: 'നീ അയാൾക്ക് മാപ്പ് കൊടുത്തെങ്കിലും ഞാൻ നിന്റെ കാര്യത്തിൽ മുൻകരുതലെടുക്കാൻ ആഗ്രഹിക്കുന്നു. ഒരു സാധാരണക്കാരനായ അയാൾ ലാഭനഷ്ടങ്ങളെ പറ്റി അറിവുള്ള ആളായിരുന്നില്ല. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എഴുതുന്നു: 'കരണത്തടിച്ച ആൾക്ക് 7 ചാട്ടവാർ അടി കൊടുത്തു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'അയാൾ നിനക്ക് മാപ്പാക്കിയതാണ്. പക്ഷേ, ഈ ശിക്ഷ സർക്കാറിന്റെ ഭാഗത്തുനിന്നാകുന്നു.' (തഫ്സീറെ കബീർ വാല്യം 2, പേജ് 362-363)

ഇനി മറ്റൊരു സംഭവം ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'ഹദ്റത്ത് അലിയുടെ കർമത്തിൽ നിന്ന് വളരെ നല്ല മാതൃക ലഭിക്കുന്നുണ്ട്. അദ്ദേഹം ഒരിക്കൽ ഒരാൾ മറ്റൊരാളെ മർദ്ദിക്കുന്നത് കണ്ടു. ഹദ്റത്ത് അലി അയാളെ തടയുകയും അടികൊണ്ടവനോട് അയാളെ തിരിച്ചടിക്കാൻ പറയുകയും ചെയ്തു. എന്നാൽ, താൻ അയാൾക്ക് മാപ്പ് കൊടുക്കുന്നുവെന്ന് അടികൊണ്ടവൻ പറഞ്ഞു. പക്ഷേ, അയാൾ ഭയം കൊണ്ടാണ് അയാളെ അടിക്കുന്നതിൽനിന്ന് പിന്മാറുന്നതെന്ന് ഹദ്റത്ത് അലിക്ക് ബോധ്യമായി. കാരണം അടിച്ചവൻ ക്രൂരനായിരുന്നു. ഹദ്റത്ത് അലി(റ) പറഞ്ഞു: നീ നിന്റെ സ്വന്തം അവകാശമാണ് മാപ്പാക്കിയത്. പക്ഷേ, ഞാൻ സാമൂഹിക അവകാശം പ്രയോഗിക്കുന്നതാണ്. തുടർന്ന് ആ ദുർബലനായ വ്യക്തിയെ മർദിച്ചത്രയും അയാൾക്കും അടി കൊടുത്തു.'(തഫ്സീറെ കബീർ വാല്യം 2, പേജ് 331)

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഹദ്റത്ത് അലി(റ)യുടെ സംഭവമാണ്. അദ്ദേഹത്തിന്റെ ഒരു കേസ് ഇസ്ലാമി മജിസ്ട്രേറ്റിന്റെ മുന്നിൽ വന്നു. മജിസ്ട്രേറ്റ് ഹദ്റത്ത് അലിക്ക് കുറച്ച് പരിഗണന നൽകി. ഹദ്റത്ത് അലി(റ) പറഞ്ഞു: 'നിങ്ങൾ എനിക്ക് പരിഗണന നൽകുന്നത് ആദ്യത്തെ അനീതിയാണ്. ഞാനും ഇയാളും ഇപ്പോൾ തുല്യരാകുന്നു.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 16, പേജ് 516)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് അലിയുടെ മാഹാത്മ്യം വിവരിച്ചുകൊണ്ട് പറയുന്നു: 'അദ്ദേഹം ജനതയിലെ ഏറ്റവുമധികം വാഗ്വൈഭവവും വാക്പാടവവുമുള്ളയാളും ഉപദേശകനും പദങ്ങളെ ജീവനുള്ളതാക്കി അവതരിപ്പിക്കുന്നവരിൽപ്പെട്ട ആളുമായിരുന്നില്ലേ? തന്റെ സാഹിത്യസമ്പുഷ്ടവും സൗന്ദര്യമയവുമായ വിവരണശക്തിയാൽ ശ്രോതാക്കളെ തനിക്ക് ചുറ്റും ഒരുമിച്ചു കൂട്ടുക എന്നത് അദ്ദേഹത്തെ സംബന്ധിച്ച് ഒരു മണിക്കൂർ അല്ലെങ്കിൽ അതിലും കുറഞ്ഞ സമയം കൊണ്ട് സാധ്യമാകുമായിരുന്നു.'(സിർറുൽഖിലാഫ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 350, സിർറുൽ ഖിലാഫ ഉർദുതർജമ പേജ് 89-90, പ്രസാധകർ നളാറത്ത് ഇശാഅത്ത് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ, പാക്കിസ്താൻ, റബ്വ)

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അബൂബക്ർ, ഉമർ, ഉഥ്മാൻ, അലി (രിള്വാനുല്ലാഹി അലയ്ഹിം)എന്നിവരുടെ വർണ്ണം സ്വായത്തമാക്കാത്തിടത്തോളം ആർക്കും മുഅ്മിനും മുസ്ലിമും ആകാൻ കഴിയില്ലെന്ന് എനിക്കറിയാം. അവർ ഭൗതികലോകത്തെ പ്രണയിച്ചില്ല. മറിച്ച് അവർ തങ്ങളുടെ ജീവിതം അല്ലാഹുവിന്റെ മാർഗത്തിൽ അർപ്പിക്കുകയായിരുന്നു.'(ലക്ചർ ലുധിയാന, റൂഹാനീഖസാഇൻ, വാല്യം 20, പേജ് 294)

വീണ്ടും പറയുന്നു: ഖാരിജികൾ ഹദ്റത്ത് അലിയെ ധിക്കാരിയാണെന്ന് മുദ്ര കുത്തുകയും തഖ്വക്ക് നിരക്കാത്ത പല കാര്യങ്ങളും അദ്ദേഹത്തിൽ ആരോപിക്കുകയും ചെയ്യുന്നു. എന്നല്ല അദ്ദേഹം ഈമാന് അർഹതയില്ലാത്ത ആളാണെന്നുപോലും അവർ മനസിലാക്കുന്നു. അതായത് അദ്ദേഹത്തിൽ ഈമാൻ ഇല്ലെന്നും ഈമാനിന്റെ ആഭരണത്താൽ വിഭൂഷിതനല്ലെന്നും കരുതുന്നു. ഇവിടെ സ്വാഭാവികമായും ഒരു ചോദ്യം ഉയരാം. 'സ്വിദ്ദീഖ്' ആകാൻ തഖ്വയും വിശ്വസ്തതയും നിബന്ധനയാകുന്നു. ഈ എല്ലാ മഹാത്മാക്കളും-അവർ റസൂൽമാരും നബിമാരും വലിയ്യുമാരുമായ ഉന്നത വിഭാഗത്തി

**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**'ഏതു കാര്യങ്ങൾക്കാണോ ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് പ്രതിജ്ഞ വാങ്ങിയത് അതനുസരിച്ച് ജീവിക്കാൻ ശ്രമിക്കുക.'**
**(സന്ദേശം, ജൽസാസാലാന ഡന്മാർക്ക് 2019)**

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**അല്ലാഹുവിനുവേണ്ടി പസ്പരമുള്ള ബന്ധങ്ങളിൽ സ്നേഹത്തോടും മൃദുലതയോടും പെരുമാറുന്നവരാണ് യഥാർഥ തഖ്വയിൽ നിലകൊള്ളുന്നവർ.'**
**(ജുമുഅ ഖുത്ബ 4-10-2019)**

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

ലുള്ളവരാണ്– എന്തുകൊണ്ടാണ് ജനങ്ങൾക്കിടയിൽസംശയഗ്രസ്ഥരായത്? അവരുടെഅവസ്ഥ എന്തുകൊണ്ട് ശരിയായി മനസ്സിലാക്കപ്പെട്ടില്ല. മാത്രമല്ല അവരുടെ ചര്യകൾ സംശയാസ്പദമായി. അവരുടെ വാക്കും പ്രവൃത്തിയും മനസിലാക്കാൻ പ്രയാസമായി. അവരെ തഖ്‌വയുടേയും വിശ്വസ്തതയുടേയും വൃത്തത്തിൽനിന്ന് പുറത്താണെന്ന് ഗണിക്കുകയും അവർ ജനങ്ങളോട് അക്രമം ചെയ്യുന്നവരും അനുവദനീയമല്ലാത്ത ധനം കഴിക്കുന്നവരും അനാവശ്യമായി രക്തച്ചൊരിച്ചിൽ നടത്തുന്നവരും വ്യാജന്മാരും വാഗ്ദാനലംഘകരും സ്വേച്ഛകളുടെ ആരാധകരും കുറ്റവാളികളുമാണെന്ന് കരുതപ്പെടുകയും ചെയ്യുന്നു. മാത്രമല്ല ലോകത്ത്, റസൂലാണെന്നോ നബിയാണെന്നോ വാദിക്കാത്ത തങ്ങളെപറ്റി വലിയ്യ് എന്നോ, ഇമാമെന്നോ ഖലീഫത്തുൽ മുസ്‌ലിമീൻ എന്നോ പറയപ്പെടാത്ത ആളുകളെപറ്റി അവരുടെ കർമത്തിലോ, ജീവിതത്തിലോ ആരോപണങ്ങൾ ഉന്നയിക്കപ്പെടുന്നുമില്ല. ഇതിനുള്ള മറുപടി ഇതാകുന്നു: അല്ലാഹു തന്റെ അസ്തിത്വത്തെ ദുർധാരണയുള്ളവരിൽനിന്ന് ഗോപ്യമാക്കി വെച്ചതുപോലെ തന്റെ പക്കൽ സ്വീകൃതരും ഇഷ്ടഭാജനങ്ങളുമായവരെയും ദുർധാരണയുള്ള ദുർഭഗന്മാരായ അക്രമകാരികളിൽ നിന്ന് ഗോപ്യമാക്കി വെക്കാൻ ആഗ്രഹിച്ചു.' (തിർയാഖുൽഖുലൂബ്, റൂഹാനീഖസാഇൻ വാല്യം 15, പേജ് 422 അടിക്കുറിപ്പ്)

അതായത് ഇതു പറയുന്നവർ സ്വയം ദുഷ്ടന്മാരും ദുർധാരണ വച്ചു പുലർത്തുന്നവരുമാകുന്നു. അല്ലാഹുവിനെ സംബന്ധിച്ച് ദുർധാരണ വച്ച് പുലർത്തുന്നതുപോലെ അവന്റെ സാമീപ്യമുള്ള ആളുകളെ സംബന്ധിച്ചും ഈ ദുർവൃത്തർ ആരോപണം ഉന്നയിക്കുന്നതിൽ ധിറുതി കാണിക്കുന്നവരാകുന്നു. വാസ്തവത്തിൽ ഇവരിൽ തഖ്‌വയില്ല. ഇവർ ദൈവഭയമുള്ളവരുടെമേൽ ആരോപണം ഉന്നയിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'നിസ്സംശയം ഹദ്റത്ത് അലി(റ) സത്യാന്വേഷികളുടെ പ്രതീക്ഷാകേന്ദ്രവും അനുപമമാതൃകയും ദൈവദാസർക്ക് ദൈവിക ന്യായപൂർത്തിയുമായിരുന്നു. മാത്രമല്ല അദ്ദേഹം തന്റെ കാലഘട്ടത്തിലെ ജനങ്ങളിൽ ഏറ്റവും നല്ല മനുഷ്യനും നാടുകളെ പ്രശോഭിതമാക്കാൻ അല്ലാഹുവിൽ നിന്നുള്ള പ്രകാശവുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഖിലാഫത്ത് കാലഘട്ടം സമാധാനത്തിന്റേയും ശാന്തിയുടേയും കാലമായിരുന്നില്ല. മറിച്ച് കുഴപ്പങ്ങളുടേയും അക്രമത്തിന്റേയും കൈയേറ്റത്തിന്റേയും കൊടുംകാറ്റിന്റെ കാലമായിരുന്നു. പൊതുജനങ്ങൾ അദ്ദേഹത്തിന്റേയും ഇബ്നു അബൂ സുഫ്‌യാന്റേയും ഖിലാഫത്തിന്റെ കാര്യത്തിൽ തർക്കത്തിലായിരുന്നു. അവർ രണ്ടുപേരിലേക്കും ജനങ്ങൾ ആശ്ചര്യവഹമായി കണ്ണും നട്ടിരിക്കുകയായിരുന്നു. ചിലയാളുകൾ അവർ രണ്ടുപേരെയും ആകാശത്തിലെ വിദൂരനക്ഷത്രങ്ങളാണെന്ന് കരുതിയിരുന്നു. രണ്ടുപേരും പദവിയിൽ സമന്മാരാണെന്ന് ഗണിച്ചിരുന്നു. എന്നാൽ, യഥാർഥത്തിൽ സത്യം അലി മുർത്തളയോടൊപ്പമായിരുന്നു. അദ്ദേഹത്തിന്റെ കാലത്ത് അദ്ദേഹവുമായി യുദ്ധം ചെയ്തവർ കലാപം ഉണ്ടാക്കിയവരും ധിക്കാരം പ്രവർത്തിച്ചവരുമാകുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ഖിലാഫത്ത് ദൈവിക സുവാർത്തകൾ അനുക്രമമായി സമാധാനത്തിന്റെ സാക്ഷാത്കാരമായിരുന്നില്ല. മറിച്ച് ഹദ്റത്ത് അലി മുർത്തളാക്ക് അദ്ദേഹത്തിന്റെ വിരോധികളിൽനിന്ന് പ്രയാസങ്ങൾ നൽകപ്പെട്ടു. അദ്ദേഹത്തിന്റെ ഖിലാഫത്ത് വിവിധതരം കുഴപ്പങ്ങൾക്ക് വിധേയമാക്കപ്പെട്ടു. അദ്ദേഹത്തിനുമേൽ അല്ലാഹുവിന്റെ വലിയ ഔദാര്യമുണ്ടായിരുന്നു. എന്നാൽ, ജീവിതം മുഴുവനും അദ്ദേഹം ദുഃഖത്തിലും ഹൃദയവേദനയിലുമായിരുന്നു. മുൻ ഖലീഫമാരെ പോലെ ദീനിപ്രചാരണത്തിനും സാത്താന്മാരെ എറിഞ്ഞു ഓടിക്കാനും അദ്ദേഹത്തിന് സാധ്യമായില്ല. മറിച്ച് അദ്ദേഹത്തിന് സമുദായത്തിന്റെ അവഹേളനത്തിൽ നിന്നുപോലും ഒഴിവു ലഭിച്ചില്ല. അദ്ദേഹത്തിന്റെ എല്ലാ ഉദ്ദേശ്യങ്ങളും ആഗ്രഹങ്ങളും ഇല്ലാതാക്കി. അദ്ദേഹത്തിന്റെ സഹായത്തിനുവേണ്ടി അവർ ഒത്തുചേർന്നില്ല. മാത്രമല്ല അദ്ദേഹത്തെ തുടരത്തുടരെ ആക്രമിക്കാൻ അവർ ഒത്തുചേർന്നു. പ്രയാസം ഉണ്ടാക്കുന്നതിൽനിന്ന് പിന്മാറിയില്ല. അദ്ദേഹത്തെ അവഹേളിച്ചു. എല്ലാ വഴിയും മുടക്കി. അദ്ദേഹം ഏറെ സഹനശീലനും സുകൃതവാനുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെഖിലാഫത്തിനെ ഇസ്തിഖ്‌ലാഫ് ആയത്തിന്റെ സാക്ഷാത്കാരമായി ഗണിക്കാൻ നിർവാഹമില്ല. കാരണം അദ്ദേഹത്തിന്റെ ഖിലാഫത്ത് കുഴപ്പങ്ങളും അരാജകത്വവും നഷ്ടങ്ങളുമുള്ള കാലത്താണ് ഉണ്ടായിരുന്നത്.(സിർറുൽഖിലാഫ, റൂഹാനീ ഖസാഇൻ വാല്യം 8, പേജ് 352–353 , സിർറു ൽഖിലാഫ ഉർദുതർജമ പേജ് 95–96, പ്രസാധകർ നളാറത്ത് ഇശാഅത്ത് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ, പാക്കിസ്താൻ, റബ്‌വ)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഹദ്റത്ത് സിദ്ദീഖ് അക്ബർ(റ), ഹദ്റത്ത് ഫാറൂഖ് ഉമർ(റ), ഹദ്റത്ത് ദുന്നൂറയ്ൻ അതായത് ഉഥ്മാൻ(റ), ഹദ്റത്ത് അലി മുർത്തളാ(റ) തുടങ്ങിയവരെല്ലാം യഥാർഥത്തിൽ ദീനിന്റെ വിശ്വസ്തരായിരുന്നു എന്ന വിശ്വാസം അനിവാര്യമാകുന്നു. (മക്തൂബാത്തെ അഹ്മദ്, വാല്യം 2, പേജ് 151, മക് തൂബ് നമ്പർ 2, ഹദ്റത്ത് ഖാൻ സാഹിബ് മുഹമ്മദലി ഖാൻ സാഹിബിന് അയച്ച കത്ത്, പ്രസിദ്ധീകരിച്ചത് റബ്‌വ)

തുടർന്ന് ഹദ്റത്ത് അലിയുടെ സ്ഥാനമാഹാത്മ്യത്തെ സംബന്ധിച്ച് അവിടന്ന് പറയുന്നു: 'ആ മഹാത്മാവ് അതായത് അലി(റ) ദൈവഭക്തിയുള്ളയാളും ശുദ്ധമനസ്കനും ദൈവത്തിന്റെ സവിധത്തിൽ ഏറ്റവുമധികം പ്രിയപ്പെട്ട ആളുകളിൽപ്പെട്ട വ്യക്തിയുമായിരുന്നു. അദ്ദേഹം സമുദായത്തിൽ സ്വീകാര്യനും കാലഘട്ടത്തിലെ നേതാക്കന്മാരിൽപ്പെട്ട ആളുമായിരുന്നു. അദ്ദേഹം പ്രതാപവാനായ ദൈവത്തിന്റെ സിംഹവും കരുണാമയനായ ദൈവത്തിന്റെ സ്ഥൈര്യവാനായ ഔദാര്യവാനും പരിശുദ്ധ ഹൃദയനുമായിരുന്നു. ശത്രുക്കളുടെ ഒരു സൈന്യം തന്നെ എതിരിലുണ്ടെങ്കിലും യുദ്ധരംഗത്ത് തന്റെ സ്ഥലത്തുനിന്ന് ഒഴിഞ്ഞു പോകാതെ നിൽക്കുന്ന വ്യതിരിക്തമായ യോദ്ധാവായിരുന്നു. അദ്ദേഹം ജീവിതകാലം മുഴുവൻ പ്രയാസത്തോടെയാണ് കഴിച്ചുകൂട്ടിയത്. മനുഷ്യകുലത്തിൽ, ദൈവഭയത്തിന്റെ ഏറ്റവും ഉന്നതമായ സ്ഥാനത്തെത്തി. അദ്ദേഹം സമ്പത്തും മുതലും നൽകുകയും ജനങ്ങളുടെ ദുഃഖവും സങ്കടവും അകറ്റാനും അനാഥരുടേയും അഗതികളുടേയും അയൽക്കാരുടേയും ക്ഷേമാന്വേഷണങ്ങൾ നടത്താനും ഏറ്റവും പ്രഥമസ്ഥാനത്തുള്ള വ്യക്തിയുമായിരുന്നു. അദ്ദേഹം യുദ്ധത്തിൽ പലതരത്തിലുള്ള ധീരതയുടെ പ്രകടനവും കാഴ്ച വെച്ചിട്ടുണ്ട്. അമ്പിന്റേയും ഖഡ്ഗത്തിന്റേയും യുദ്ധത്തിൽ അദ്ദേഹത്തിൽനിന്ന് അത്ഭുതാവഹമായ സംഭവങ്ങളുണ്ടായി. അതോടൊപ്പം തന്നെ അദ്ദേഹം വളരെ മധുരഭാഷിയും ഉന്നത വാഗ്മിയുമായിരുന്നു. അദ്ദേഹത്തിന്റെ പ്രഭാഷണം ഹൃദയങ്ങളുടെ അഗാധതലത്തിലേക്ക് ഇറങ്ങിയിരുന്നു. അതുമുഖേന മസ്തിഷ്കങ്ങളുടെ കറകൾ വിശുദ്ധീകരിക്കപ്പെട്ടിരുന്നു. തെളിവുകളുടെ പ്രകാശത്താൽ അവരുടെ മുഖം പ്രഭാമയമാകുമായിരുന്നു. അദ്ദേഹം പല രീതിയിൽ കാര്യങ്ങൾ അവതരിപ്പിക്കുന്നതിന് കഴിവുള്ള ആളുമായിരുന്നു. ഇക്കാര്യങ്ങളിൽ അദ്ദേഹത്തോട് എതിർക്കുന്നവർ പരാജയപ്പെട്ട് അദ്ദേഹത്തോട് ഒഴികഴിവ് പറയാൻ നിർബന്ധിതരായിരുന്നു. അദ്ദേഹം എല്ലാ മേന്മകളിലും സാഹിത്യസമ്പുഷ്ടിയുടെ കാര്യങ്ങളിലും സമ്പൂർണനായിരുന്നു. ആരെങ്കിലും അദ്ദേഹത്തിന്റെ നിറവുകളെ നിഷേധിക്കുന്നുവെങ്കിൽ അയാൾ നാണംകെട്ട മാർഗമാണ് സ്വീകരിക്കുന്നത്. അദ്ദേഹം നിസ്സഹായരുടെ വേദനയകറ്റാൻ പ്രേരിപ്പിക്കുകയും ഉള്ളതിൽ തൃപ്തി കാണിക്കുന്നവർക്കും മോശമായ അവസ്ഥയുള്ളവർക്കും ഭക്ഷണം നൽകാൻ കൽപിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ദൈവസാമിപ്യരിൽപ്പെട്ടയാളുമായിരുന്നു. അതോടൊപ്പം ഫുർഖാൻ മജീദിന്റെ ദിവ്യജ്ഞാനാമൃതം നുകർന്ന പ്രഥമന്മാരിൽ പെട്ട ആളുമായിരുന്നു. വിശുദ്ധ ഖുർആനിന്റെ ദിവ്യജ്ഞാനം അദ്ദേഹത്തിന് കരഗതമായിരുന്നു. അദ്ദേഹത്തിന് ഖുർആനിക സൂക്ഷ്മജ്ഞാനങ്ങളുടെ അത്ഭുതാവഹമായ ഗ്രാഹ്യം നൽകപ്പെട്ടിരുന്നു. ഞാൻ ജാഗ്രതാവസ്ഥയിൽ അദ്ദേഹത്തെ കണ്ടിരിക്കുന്നു. ഉണർന്നിരുന്ന അവസ്ഥയിൽ, ജാഗ്രത ദർശനത്തിൽ, ഉറക്കത്തിലല്ല. പിന്നെ ഇതേ അവ സ്ഥയിൽ ഞാൻ അദ്ദേഹം അതായത് ഹദ്റത്ത് അലി(റ) പരോക്ഷജ്ഞാനങ്ങൾ ഏറ്റവും നന്നായി അറിയുന്നവനായ അല്ലാഹുവിന്റെ ഗ്രന്ഥത്തിന്റെ തഫ്സീർ എനിക്ക് തന്നിട്ട് പറഞ്ഞു: 'ഇത് എന്റെ തഫ്സീറാകുന്നു. ഇത് ഇപ്പോൾ താങ്കൾക്ക് നൽകുകയാണ്. ഇത് നൽകപ്പെട്ടതിൽ താങ്കൾക്ക് അനു മോദനങ്ങൾ!' അങ്ങനെ ഞാൻ എന്റെ കൈകൾ നീട്ടി. ആ തഫ്സീർ വാങ്ങി. ഞാൻ കഴിവുകൾ നൽകുന്നവനായ അല്ലാഹുവിന് നന്ദി പ്രകടിപ്പിച്ചു. ഞാൻ അദ്ദേഹത്തെ, സൃഷ്ടികളിൽ സമുചിതനും സ്വഭാവത്തിൽ ദൃഢതയും വിനയവും താഴ്മയും പ്രോജ്ജ്വലനും പ്രഭാമയനുമായി കണ്ടു. ഞാൻ ആണയിട്ടുകൊണ്ട് പറയുന്നു: 'അദ്ദേഹം എന്നെ സ്നേഹവാത്സല്യ

## 126–ാമത് ജൽസാസാലാന ഖാദിയാൻ

**2021 ഡിസംബർ 24, 25, 26 എന്നീ തിയതികളിൽ സംഘടിപ്പിക്കുന്നതായിരിക്കും ഇൻശാഅല്ലാഹ്**

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിഹിൽ അസീസ് 2021 ഡിസംബർ 24, 25, 26(വെള്ളി ശനി, ഞായർ) എന്നീ ദിവസങ്ങളിൽ ഖാദിയാനിൽ ജൽസാസാലാന നടത്താൻ അനുമതി നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽത്തന്നെ ദുആ ചെയ്യുന്നതോടൊപ്പം ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കുമെന്ന് നിയ്യത്തുവച്ച് തയ്യാറെടുപ്പുകൾ തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവികജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസാ എല്ലാ വിധത്തിലും വിജയപ്രദവും അനുഗൃഹീതവുമാകുന്നതിനും സൗഭാഗ്യരായവർക്ക് സന്മാർഗത്തിന് നിമിത്തമാകുന്നതിനും ദുആ ചെയ്യാൻ അപക്ഷിക്കുകയാണ്. ജസാക്കുമുല്ലാഹു അഹ്സനുൽ ജസാഇ. **(നാളിർ ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)**

ത്തോടെയാണ് കണ്ടത്. എന്നെയും എന്റെ വിശ്വാസങ്ങളേയും അദ്ദേഹത്തിനറിയാമെന്ന് എനിക്ക് മനസിലാക്കി തന്നിരിക്കുന്നു. പക്ഷേ, അദ്ദേഹം ഒരു തരത്തിലുള്ള അനിഷ്ടമോ നീരസമോ പ്രകടിപ്പിച്ചില്ല. അദ്ദേഹം എന്നെ കാണുകയും സ്നേഹവാത്സല്യമുള്ളവരെപോലെയും സംശുദ്ധ ഹൃദയമുള്ളവരെ പോലെയും എന്നെ സ്നേഹിക്കുകയും ചെയ്തു. അദ്ദേഹത്തോടൊപ്പം ഹുസയ്ൻ മാത്രമല്ല, ഹസനും ഹുസയ്നും പ്രവാചക പ്രഭു ഖാത്തമുന്നബിയ്യീൻ (സ) ഉം ഉണ്ടായിരുന്നു. അവരോടൊപ്പം വളരെ സുന്ദരിയും സൗശീലയും ഉന്നത പ്രതാപിയും അനുഗൃഹീതയും പരിശുദ്ധയും ആദരണീയയും കുലീനയും ആന്തരികവും ബാഹ്യവുമായ പ്രകാശസ്വരൂപിയുമായ യുവമഹതിയും ഉണ്ടായിരുന്നു. അവർ അതീവ ദുഃഖിതയായി എനിക്ക് അനുഭവപ്പെട്ടു. പക്ഷേ, അത് അവർ മറയ്ക്കുന്നുണ്ടായിരുന്നു. അത് ഫാത്വിമത്തുസ്സഹ്റ(റ) ആണെന്ന് എനിക്ക് മനസിലാക്കി തന്നു. അവർ എന്റെ അടുത്തേക്ക് വന്നു. ഞാൻ കിടക്കുകയായിരുന്നു. അവർ ഇരുന്നു. അവർ എന്റെ ശിരസ്സ് തന്റെ മടിയിൽ വച്ചു. വാത്സല്യം പ്രകടിപ്പിച്ചു. എന്റെ ഏതോ ദുഃഖം കാരണം അവർ ദുഃഖത്തിലും സങ്കടത്തിലുമാണെന്ന് ഞാൻ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു; 'മക്കളുടെ പ്രയാസത്തിൽ മാതാക്കൾക്കുണ്ടാകുന്ന തരത്തിൽ വാത്സല്യവും സ്നേഹവും അസ്വസ്ഥതയും അവർ പ്രകടിപ്പിക്കുന്നുണ്ടായിരുന്നു.' ഇതിലും ചില ആളുകൾ ആക്ഷേപം ഉന്നയിക്കാറുണ്ട്. അനഹ്മദികൾ പറയുന്നു: നോക്കൂ! മടിയിൽ തലവെച്ചു എന്നൊക്കെ പറയുന്നത് എത്രമാത്രം തെറ്റാണ്. വാസ്തവത്തിൽ അദ്ദേഹം ഇവിടെ മാതാവിനോടാണ് ഉപമിച്ചത്. അതിനു മുമ്പേ അവരെപറ്റി പറഞ്ഞ ഗുണവിശേഷണങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക. 'പിന്നെ ഈ വാചകത്തിൽ അതായത് മാതാവിനെപ്പോലെ സ്നേഹവാത്സല്യങ്ങൾ പ്രകടിപ്പിച്ചു എന്നതിലും ചിന്തിക്കുക. എന്നാൽ, എല്ലാ ആക്ഷേപങ്ങളും ഇവിടെ അവസാനിക്കുന്നതാണ്. പക്ഷേ, മ്ലേച്ഛമായ ബുദ്ധിയാണ്. അതുകൊണ്ട് ആരോപണങ്ങൾ ഉണ്ടാകുന്നു. ഏതായിരുന്നാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'തുടർന്ന് എന്നോട് പറയപ്പെട്ടു. ദീനിസംബന്ധമായി അവരുടെ പക്കൽ അതായത് ഹദ്റത്ത് ഫാത്വിമയുടെ പക്കൽ എന്റെ സ്ഥാനം ഒരു മകനെ പോലെയാകുന്നു. അവർ ദുഃഖിതയായത് ഞാൻ സമൂഹത്തിൽ നിന്നും നാട്ടുകാരിൽ നിന്നും ശത്രുക്കളിൽ നിന്നും ആക്രമിക്കപ്പെടുമെന്ന കാരണത്താലാണെന്ന് എനിക്ക് തോന്നി. പിന്നെ ഹസനും ഹുസയ്നും എന്റെ അടുക്കൽ വന്നു, സഹോദരനെ പോലെ എന്നോട് സ്നേഹം പ്രകടിപ്പിച്ചു. സഹാനുഭൂതിയുള്ളവരെ പോലെ ഞാനുമായി കൂടിക്കാഴ്ച നടത്തി. ഇത് ജാഗ്രാവസ്ഥയിലുള്ള കശ്ഫ് ആയിരുന്നു. ഇപ്പോൾ ഇതിന് പല വർഷങ്ങൾ കഴിഞ്ഞിരിക്കുന്നു. എനിക്ക് ഹദ്റത്ത് അലിയുമായും ഹദ്റത്ത് ഹുസയ്നുമായും വളരെ സൂക്ഷ്മമായ ഒരു ബന്ധമുണ്ട്. അത് കിഴക്കിന്റേയും പടിഞ്ഞാറിന്റേയും നാഥനല്ലാതെ മറ്റാർക്കും അറിയുകയില്ല. ഞാൻ ഹദ്റത്ത് അലിയേയും അദ്ദേഹത്തിന്റെ രണ്ടു മക്കളേയും സ്നേഹിക്കുന്നു. അവരോട് ശത്രുതയുള്ളവരോട് ഞാൻ ശത്രുതയിലാകുന്നു. എങ്കിലും ഞാൻ അക്രമകാരികളിൽപെട്ടവനല്ല. അല്ലാഹു എനിക്ക് വെളിപ്പെടുത്തി തന്നതിൽനിന്ന് മുഖം തിരിക്കാൻ എനിക്ക് സാധ്യമല്ല. ഞാൻ അതിരു ലംഘിക്കുന്നവരിൽ പെട്ടവനല്ല. നിങ്ങൾ സ്വീകരിക്കുന്നില്ലെങ്കിൽ എന്റെ കർമങ്ങൾ എനിക്കുള്ളതും നിങ്ങളുടെ കർമങ്ങൾ നിങ്ങൾക്കുള്ളതുമാകുന്നു. അല്ലാഹു ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ തീർച്ചയായും വിധി കൽപ്പിക്കുന്നതാണ്. അവൻ വിധികർത്താക്കളിൽവച്ച് ഏറ്റവും നന്നായി വിധി കൽപ്പിക്കുന്നവൻ ആകുന്നു. (സിർറുൽഖിലാഫ, റൂഹാനീ ഖസാഇൻ വാള്യം 8, പേജ് 358–359 , സിർറുൽഖിലാഫ ഉർദുതർജമ പേജ് 108–112, പ്രസാധകർ നളാറത്ത് ഇശാഅത്ത് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യ, പാക്കിസ്താൻ, റബ്‌വ)

ഇവിടെ ഹദ്റത്ത് അലി(റ)യുടെ സ്മരണ അവസാനി ക്കുകയാണ്. ഇൻശാ അല്ലാഹ് ഇനി തുടർന്നുള്ളവ ആരംഭിക്കുന്നതാണ്.

ഈ നേരത്ത് ഞാൻ ഒരു വിളംബരം നടത്താൻ ആഗ്രഹിക്കുന്നു. ഇൻശാ അല്ലാഹ് നമസ്കാരങ്ങൾക്കു ശേഷം ഞാൻ ഒരു പുതിയ ടി.വി ചാനൽ ലോഞ്ച് ചെയ്യുകയാണ്. അത് എം.ടി.എ ഘാന എന്ന പേരിൽ 24 മണിക്കൂർ സംപ്രേഷണം ചെയ്യുന്നതായിരിക്കും. 2017–ൽ ഘാനയിൽ വഹ്ഹാബ് ആദം സ്റ്റുഡിയോ ആരംഭിച്ചിരുന്നു. ഘാനയിലെ അമീറും മിഷണറി ഇൻ ചാർജു മായിരുന്ന മർഹൂം അബ്ദുൽ വഹ്ഹാബ് ആദം സാഹിബിന്റെ പേരാണ് അതിന് നൽകിയിട്ടുള്ളത്. എം.ടി.എ ആഫ്രിക്കയുടെ 60% പരിപാടികൾ സ്റ്റുഡിയോയിലാണ് തയ്യാറാക്കിയിരുന്നത്. സ്റ്റുഡിയോയിൽ 17 ഫുൾ ടൈം ജോലിക്കാരുണ്ട്. 60–ൽ അധികം വാളണ്ടിയർ സേവകരുണ്ട്. അവർ വിവിധ വകുപ്പുകളിൽ പരിശീലനം സിദ്ധിച്ചവരാകുന്നു. വഹ്ഹാബ് ആദം സ്റ്റുഡിയോ ഘാനയിലെ ഏറ്റവും നവീകരിച്ച സ്റ്റുഡിയോകളിൽ ഒന്നാകുന്നു. ഇതിൽ നിരവധി ഉന്നത സൗകര്യങ്ങളുണ്ട്. വിവിധ മീഡിയക്കാരും സംഘടനകളും ബ്രോഡ്കാസ്റ്റർമാരും തങ്ങളുടെ ജീവനക്കാരെ പരിശീലനത്തിന് വേണ്ടി ഈ സ്റ്റുഡിയോയിലേക്ക് അയക്കുന്നുണ്ട്. ഈ സ്റ്റുഡി യോ നിരവധി ലൈവ് പരിപാടികൾ സംപ്രേഷണം ചെയ്തിട്ടുണ്ട്. അതിൽ ആഫ്രിക്കയിലെ പ്രഥമ വിശുദ്ധ ഖുർആൻ പാരായണമത്സരവും റമളാൻ സംപ്രേഷണവും ഉൾപ്പെടുന്നു. എം.ടി.എ ഘാന എന്ന പേരിൽ ഇപ്പോൾ പുതിയ ഒരു ചാനൽ ലോഞ്ച് ചെയ്യുകയാണ്.

ഇത് ഘാനയിൽ ഡിജിറ്റൽ പ്ലാറ്റ്ഫോറത്തിൽ 24 മണിക്കൂർ സംപ്രേഷണം ചെയ്യുന്ന നാഷണൽ എൽ.ഇ.ഡി ടി.വി ചാനലായിരിക്കും. എം.ടി.എ ഘാന സാറ്റ്ലൈറ്റ് ഡിഷ് ഇല്ലാതെതന്നെ സാധാരണ ഏരിയൽ(aerial) മുഖേനതന്നെ കാണാൻ കഴിയുന്നതാണ്. ഇതിന്റെ അർഥം സാധാരണ ആന്റിന മുഖേന ഘാനയിലെ ജനങ്ങൾക്ക് വളരെ എളുപ്പത്തിൽ ഈ ചാനൽ കിട്ടുന്നതാണ്. ഘാനയിലെ വലിയ വലിയ ചാനലുകൾ ഉള്ള അതേ ലൊക്കേഷനിൽത്തന്നെ ഈ ചാനലും ലഭ്യമാണ്. ഇങ്ങനെ രാജ്യത്തിലെ എല്ലാ ഭാഗങ്ങളിലും ലക്ഷക്കണക്കിന് വീടുകളിൽ ഇത് കിട്ടുന്നതായിരിക്കും. ഇത് സൗത്ത് മുതൽ നോർത്തുവരെ എല്ലാ പ്രദേശവും കവർ(cover) ചെയ്യുന്നതായിരിക്കും. ഇൻശാ അല്ലാഹ്. ഘാനയിലെ വിവിധ ഭാഷകളിലും വഹ്ഹാബ് ആദം സ്റ്റുഡിയോ മുഖേന പ്രോഗ്രാം തയ്യാറാക്കുന്നതാണ്. ഇതിൽ ഇംഗ്ലീഷ്, ടിവി(Twi), ഗാ(Ga), ഹൗസാ മുതലായ ഭാഷകളും ഉൾപ്പെടുന്നു. ചാനലിന്റെ സംപ്രേഷണവും ഷെഡ്യൂലിംഗും ലജ്നവളണ്ടിയേർസും മറ്റു ടീമുകളും ചെയ്യുന്നതാണ്. ധാർമികവും വിദ്യഭ്യാസപരവും ശിക്ഷണപരവുമായ പ്രോഗ്രാമുകൾ ഉണ്ടാകുന്നതായിരിക്കും. ഇങ്ങനെ ഇസ്‌ലാമിന്റെ ശരിയായതും മനോഹരവുമായ അധ്യാപനങ്ങളെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. ഇത് എം.ടി.എ ഘാന ഡിജിറ്റൽ പ്ലാറ്റ്ഫോറത്തിൽ ഇസ്‌ലാമിക അധ്യാപനങ്ങൾക്കുവേണ്ടി പൂർണ്ണമായും സമർപ്പിതമായ ഏക ചാനലായിരിക്കും.

ഈ ഭാഗത്ത് ശത്രുക്കൾ ഒരു വഴി അടക്കുമ്പോൾ മറുഭാഗത്ത് പല വഴികളും തന്റെ അനുഗ്രഹത്താൽ ജമാഅത്തിന് അല്ലാഹു തുറന്നു തരുന്നു. ഇൻശാ അല്ലാഹ് അടഞ്ഞു കിടക്കുന്ന മാർഗങ്ങളും യഥാസമയം തുറക്കപ്പെടുന്നതായിരിക്കും. അതോടൊപ്പം സന്തോഷത്തിനുള്ള അവസരങ്ങളും നൽകുന്നു. ഇൻശാ അല്ലാഹ് ഈ ചാനൽ ഈ രാജ്യത്തെ കവർ ചെയ്യുന്നതാണ്. ഒരു പക്ഷേ, അടുത്ത പ്രദേശങ്ങളേയും കവർ ചെയ്യുന്നതാണ്. ഞാൻ പറഞ്ഞതുപോലെ ഇൻശാ അല്ലാഹ് ജുമുഅ നമസ്കാരത്തിനുശേഷം ഇത് ഉദ്ഘാടനം ചെയ്യുന്നതാണ്.

മറ്റൊന്ന് ഞാൻ എപ്പോഴും ശ്രദ്ധ ക്ഷണിക്കുന്ന കാര്യമാണ്. പാകിസ്താനിലേയും അൽജീരിയായിലേയും തടവുകാർക്കുവേണ്ടി പ്രത്യേകം ദുആ ചെയ്തുകൊണ്ടിരിക്കുക. അല്ലാഹു അവരുടെ മോചനത്തിന് വഴിയൊരുക്കുമാറാകട്ടെ. പാകിസ്താനിലെ പൊതുവായ അവസ്ഥയ്ക്ക് വേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവിടെ അഹ്മദികൾക്ക് സമാധാനപൂർവ്വം ജീവിക്കാനുള്ള സാഹചര്യമൊരുക്കുമാറാകട്ടെ. അഹ്മദിയ്യത്തിന്റെ എതിരാളികൾക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. അല്ലെങ്കിൽ അല്ലാഹു എന്താണ് അവരോട് പ്രവർത്തിക്കാനുദ്ദേശിക്കുന്നത് അത് ചെയ്യുമാറാകട്ടെ. നമുക്കെത്രയും വേഗം അവരിൽനിന്നു മോചനം ലഭിക്കുമാറാകട്ടെ. അഹ്മദികൾ പ്രത്യേകിച്ചും പാകിസ്താനിലെ അഹ്മദികൾ ഇക്കാലത്ത് നഫ്ലുകളിലും ദുആകളിലും സ്വദഖകളിലും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. അല്ലാഹു അവരെ തന്റെ സഹായസംരക്ഷണത്തിൽ വെക്കുമാറാകട്ടെ.'

(വിവർത്തകർ: എം നാസിർ അഹ്മദ്, കൊടിയത്തൂർ & എച്ച്. ശംസുദ്ദീൻ കാവശ്ശേരി, ടൈപ്പ് സെറ്റിംഗ്: ഹാശിം അശ്റഫ് ആലപ്പുഴ)

## അമീറുൽ മുഅ്മിനീന് കത്തെഴുതുന്നവർക്കുള്ള അടിയന്തര വിളംബരം

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ കത്തെഴുതുന്ന ജമാഅത്തിലെ എല്ലാ സ്ത്രീകളുടേയും പുരുഷന്മാരുടേയും അറിയിപ്പിന്നായി ഈ വിളബംരം ചെയ്യുകയാണ്: "അവരുടെ എല്ലാ കത്തുകളും പതിവെ ന്ന പോലെ ഹുദൂർ അൻവർ അയ്യദഹുല്ലായുടെ തിരുസന്നിധിയിൽ സമർപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നിരുന്നാലും കൊറോണ വൈറസ് കാരണത്താലുള്ള അവസ്ഥകൾകൊണ്ട് കത്തുകൾക്ക് മറുപടി എഴുതിക്കൊണ്ടിരുന്നവരിൽ കുറവു വന്നിരിക്കുന്നതിനാൽ ആ കത്തുകൾക്കെല്ലാം ഓരോരുത്തർക്കും മറുപടി നല്കുക എന്നത് അസംഭാവ്യമായിരിക്കുകയാണ്.

ഹുദൂർ അൻവർ അയ്യദഹുല്ലാഹ് നിങ്ങളുടെ കത്തുകൾ വായിച്ച് നിങ്ങൾക്കുവേണ്ടി ദുആകൾ ചെയ്തുകൊണ്ടിരിക്കുന്നു. അല്ലാഹു കൃപയും കരുണയും ചൊരിയുമാറാകട്ടെ. ഈ പകർച്ചവ്യാധിയിൽ നിന്നും മറ്റു വിപത്തുകളിൽനിന്നും ബുദ്ധിമുട്ടുകളിൽനിന്നും എല്ലാ ഓരോരുത്തരേയും കാത്തുരക്ഷിക്കുമാറാകട്ടെ. എല്ലാവരേയും തന്റെ സംരക്ഷണത്തിലും സമാധാനത്തിലും വെക്കുമാറാകട്ടെ. എപ്പോഴും അവന്റെ സ്നേഹദൃഷ്ടി നിങ്ങളുടെ മേൽ പതിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ. **(മുനീർ അഹ്മദ് ജാവേദ്, പ്രൈവറ്റ് സെക്രട്ടറി)**

# ഖുത്ബ ജുമുഅ

ഏറ്റവുമധികം സൗന്ദര്യമുള്ള ദമ്പതികളെ ആരെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ
അത് ഹദ്റത്ത് റുഖിയയും അവരുടെ ഭർത്താവ് ഹദ്റത്ത് ഉഥ്മാനുമാണ്.

നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ റാശിദ്,
ദുന്നൂറയ്ൻ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച.

ഹദ്റത്ത് ഉഥ്മാൻ(റ)നബി(സ)തിരുമേനിയെക്കാൾ 5 വയസ്സിനു ഇളയതായിരുന്നു.
ആദ്യ കാലത്ത് ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ടയാളായിരുന്നു.

നബി(സ)തിരുമേനി ഹദ്റത്ത് റുഖിയായോടു പറഞ്ഞു, മോളേ! അബൂ അബ്ദുല്ലായോടു നല്ല നിലയിൽ
പെരുമാറിക്കൊരിക്കുക. തീർച്ചയായും ഇദ്ദേഹം എന്റെ സ്വഹാബാക്കളിൽ സൽസ്വഭാവത്തിന്റെ
അടിസ്ഥാനത്തിൽ എന്നോടു വളരെയധികം സാമ്യമുള്ള ആളാണ്.

മൗലാനാ സുൽത്വാൻ മഹ്മൂദ് അൻവർ സാഹിബ്, മൗലാന മുഹമ്മദ് ഉമർ സാഹിബ്, ഹബീബ് അഹ്മദ് സാഹിബ്(മുബല്ലിഗ്സിൽസില),
ബദ്റുസ്സമാൻ സാഹിബ്, മൻസ്വൂർ അഹ്മദ് തഅ്ഥീർ സാഹിബ്, ടൻസാനിയായിലെ ഈദി ഇബ്റാഹീം മവാങ്കാ സാഹിബ്,
സ്വുഗ്റാബേഗം സാഹിബ, ചൗദ്ദരീ കറാമത്തുല്ലാഹ് സാഹിബ്, ചൗദ്ദരി മുനവ്വർ അഹ്മദ് ഖാലിദ് സാഹിബ്,
നസ്വീറബേഗം സാഹിബ, റഫീഉദ്ദീൻ സാഹിബ് ബട്ട് തുടങ്ങിയവരുടെ അനുസ്മരണവും ജനാസ ഗാഇബും.

**പാക്കിസ്താനിലേയും അൽജീരിയായിലേയും അഹ്മദികൾക്കുവേണ്ടി ദുആ ചെയ്യാൻ ആഹ്വാനം.**

**ഖുത്ബ ജുമുഅ 2021 ജനുവരി 22/1399 സ്വുൽഹ് 22**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ - الرَّحْمٰنِ الرَّحِيمِ - مٰلِكِ يَوْمِ الدِّينِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيمَ - صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّآلِّينَ -

ഇന്ന് ഞാൻ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ(റ)ന്റെ അനുസ്മരണം ആരംഭിക്കുകയാണ്. ഇത് ഏതാനും ആഴ്ചകൾ തുടരുന്നതായിരിക്കും.

ഹദ്റത്ത് ഉഥ്മാനെ സംബന്ധിച്ച് ഓർക്കേണ്ട ഒന്നാമത്തെ കാര്യം, ഇദ്ദേഹം ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. പക്ഷേ, അദ്ദേഹത്തെ നബി (സ)തിരുമേനി ബദ്ർ യുദ്ധത്തിലെ ഗനീമത്ത് മുതലിൽ (സമരാർജിതസ്വത്തിൽ) ഭാഗഭാക്കാക്കുകയുണ്ടായി. ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവരായി പ്രഖ്യാപിച്ച 8 സൗഭാഗ്യരായ സ്വഹാബാക്കളിൽ ഇദ്ദേഹവും പെടുന്നു

അദ്ദേഹത്തിന്റെ പേര് ഉഥ്മാൻ ബിൻ അഫ്ഫാൻ ബിൻ അബുൽ ആസ് ബിൻ ഉമയ്യ ബിൻ അബ്ദു ശംസ് ബിൻ അബ്ദു മനാഫ് ബിൻ ഖുസ്സ്വയ് ബിൻ കിലാബ് എന്നാകുന്നു. ഈ തരത്തിൽ അദ്ദേഹത്തിന്റെ വംശാവലി, നബി(സ)തിരുമേനിയുടെ വംശാവലിയുമായി 5-മത്തെ പരമ്പരയിൽ അബ്ദുൽ മനാഫുമായി ചേരുന്നുണ്ട്.

ഹദ്റത്ത് ഉഥ്മാന്റെ മാതാവിന്റെ പേര് അർവാഹ് ബിൻത് ഗുരയ്സ് എന്നാകുന്നു. ഹദ്റത്ത് ഉഥ്മാന്റെ മാതാമഹി ഉമ്മു ഹക്കീം, ബയ്ളാ ബിൻത് അബ്ദുൽ മുത്വലിബായിരുന്നു. ഇവർ നബി(സ)തിരുമേനിയുടെ പിതാവ് ഹദ്റത്ത് അബ്ദുല്ലായുടെ സ്വന്തം സഹോദരിയായിരുന്നു. ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനിയുടെ പിതാവ് ഹദ്റത്ത് അബ്ദുല്ലായും ഹദ്റത്ത് ഉഥ്മാന്റെ മാതാമഹി ഉമ്മു ഹക്കീം ബയ്ളാ ബിൻത് അബ്ദുൽമുത്വലിബും യുഗ്മജരായാണ് ജനിച്ചത്. ഹദ്റത്ത് ഉഥ്മാന്റെ മാതാവ് അർവാഹ് ബിൻത് ഗുരയ്സ്, ഹുദയ്ബിയാ സന്ധിക്കുശേഷം ഇസ്‌ലാം സ്വീകരിച്ചിരുന്നു. അങ്ങനെ മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്ത് മദീനയിൽ വന്ന് തന്റെ മകൻ ഉഥ്മാന്റെ ഖിലാഫത്ത് കാലത്ത് മരണമടയുംവരേയും മദീനയിൽത്തന്നെ താമസിച്ചു. ഹദ്റത്ത് ഉഥ്മാന്റെ പിതാവ് ജാഹിലിയ്യാ കാലത്തുതന്നെ മരണപെട്ടിരുന്നു.' (അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, ലിഇമാം ഹജറുൽഅസ്ഖലാനീ, ഭാഗം 4, പേജ് 377, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005) (സീറത്തു അമീറുൽമുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, ശഖ്സിയത്തുഹൂ വ അസ്റുഹൂ, അലി മുഹമ്മദു അസ്സ്വലാബീ, പേജ് 15, അൽഫസ്‌ലുൽ അവ്വൽ അൽമുബഹഥുൽ അവ്വൽ ഇസ്മുഹൂ വ നസ്ബുഹൂ വ കുന്നിയ്യത്തുഹൂ ദാറുൽമഅ്രിഫ ബെയ്റുത്ത് 2006) (സയ്റുസ്സ്വഹാബ വാള്യം 1, പേജ് 154, ദാറുൽ ഇശാഅത്ത് കറാച്ചി 2004) (അത്ത്വബഖാത്തുൽകുബ്റാ, വാള്യം 8, പേജ് 182-183, അർവാ ബിൻത് ഗുരയ്സ്, ഉമ്മു കുൽഥൂം ബിൻ ഉഖ്ബ)

ഹദ്റത്ത് ഉഥ്മാന്റെ സംജ്ഞാനാമത്തെ പറ്റി പറയപ്പെടുന്നത്, ജാഹിലിയാ കാലത്ത് ഉഥ്മാന്റെ വിളിപ്പേര് അബൂഅംറ് എന്നായിരുന്നുവെന്നാണ്. ഹദ്റത്ത് റുഖിയ്യ ബിൻത് നബി (സ)തിരുമേനിയിൽ അദ്ദേഹത്തിന്റെ മകൻ അബ്ദുല്ലാ ജനിച്ചപ്പോൾ അതനുസരിച്ച് മുസ്ലിമീങ്ങൾക്കിടയിൽ അബൂഅബ്ദുല്ലാ എന്ന പേരിൽ പ്രസിദ്ധനായി.(സീറത്തു അമീറുൽമുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, ശഖ്സിയത്തുഹൂ വ അസ്റുഹൂ, അലി മുഹമ്മദു അസ്സ്വലാബീ, പേജ് 15, അൽഫസ്‌ലുൽ അവ്വൽ അൽമുബഹഥുൽഅവ്വൽ ഇസ്മുഹൂ വ നസ്ബുഹൂ വ കുന്നിയ്യത്തുഹൂ ദാറുൽമഅ്രിഫ ബെയ്റുത്ത് 2006)

ഇബ്നു ഇസ്ഹാഖിന്റെ നിവേദന പ്രകാരം, നബി(സ)തിരുമേനി തന്റെ മകൾ ഹദ്റത്ത് റുഖിയയുമായി ഉഥ്മാന്റെ വിവാഹം നടത്തിയിരുന്നു. അവർ ബദ്ർ യുദ്ധ സമയത്ത് വഫാത്തായപ്പോൾ നബി(സ)തിരുമേനി തന്റെ രണ്ടാമത്തെ മകൾ ഹദ്റത്ത് റുഖിയായുടെ സഹോദരി ഉമ്മുകുൽഥൂമിന്റെ വിവാഹം ഹദ്റത്ത് ഉഥ്മാനുമായി നടത്തി. അതുകൊണ്ട് അദ്ദേഹം 'ദുന്നൂറയ്ൻ' എന്ന് വിളിക്കപ്പെടാൻ തുടങ്ങി.(അൽഇസ്വബ ഫീ തമീസിസ്സ്വഹാബ, ലി ഇമാം ഹജറുൽഅസഖലാനീ, വാള്യം 4, പേജ് 377, ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത് 2005).

ഇങ്ങനേയും വിവരിക്കപ്പെട്ടിരിക്കുന്നു: അദ്ദേഹം 'ദുന്നൂറയ്ൻ' എന്നു പറയപ്പെടാൻ കാരണം, അദ്ദേഹം എല്ലാ ദിവസവും തഹ്ജ്ജുദിൽ വളരെകൂടുതൽ ഖുർആൻ തിലാവത്ത് ചെയ്തിരുന്നു എന്നതാണ്. വിശുദ്ധഖുർആനും നൂർ (പ്രകാശം) ആകുന്നു. തഹജ്ജുദും 'നൂർ' ആകുന്നു. അതുകൊണ്ട് ദുന്നൂറയ്ൻ (രണ്ട് പ്രകാശമുള്ളവൻ) എന്ന പേരിൽ പ്രസിദ്ധനായി. ഇങ്ങനെയും ഒരു നിവേദനമുണ്ട്.(സീറത്തു അമീറുൽ മുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, ശഖ്സിയത്തുഹൂ വ അസ്റുഹൂ, അലി മുഹമ്മദു അസ്സ്വലാബീ, പേജ് 16, അൽഫസ്‌ലുൽ അവ്വൽ അൽമുബഹഥുൽഅവ്വൽ ഇസ്മുഹൂ വ നസ്ബുഹൂ വ കുന്നിയ്യത്തുഹൂ ദാറുൽമഅ്രിഫ ബെയ്റുത്ത് 2006)

ഹദ്റത്ത് ഉഥ്മാന്റെ ജനനത്തെ പറ്റിയുള്ള ശരിയായ വീക്ഷണമനുസരിച്ച് ഹദ്റത്ത് ഉഥ്മാൻ, ഗജവർഷത്തിനു 6 വർഷങ്ങൾക്കുശേഷം മക്കയിൽ ഭൂജാതനായി. അദ്ദേഹം ത്വാഇഫിലാണ് ജനിച്ചതെന്നും പറയപ്പെടുന്നു. അദ്ദേഹം നബി(സ)തിരുമേനിയെക്കാളും ഏകദേശം അഞ്ചുവർഷം ഇളയതായിരുന്നു.(സീറത്തു അമീറുൽ മുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, ശഖ്സിയത്തുഹൂ വ അസ്റുഹൂ, അലി മുഹമ്മദു അസ്സ്വലാബീ, പേജ് 16, അൽഫസ്‌ലുൽ അവ്വൽ അൽമുബഹഥുൽഅവ്വൽ ഇസ്മുഹൂ വ നസ്ബുഹൂ വ കുന്നിയ്യത്തുഹൂ ദാറുൽമഅ്രിഫ ബെയ്റുത്ത് 2006)

അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതിനെ സംബ

ഡിച്ച് ഇങ്ങനെ പറയപ്പെടുന്നു: 'യസീദ് ബിൻ റൂമാനിൽ നിന്ന് നിവേദനം. ഒരിക്കലും ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാനും ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദുല്ലായും ഹദ്റത്ത്സുബയ്ർ ബിൻ അവ്വാമിന്റെ പിന്നാലെ പുറപ്പെട്ടു. നബി(സ)തിരുമേനിയുടെ സവിധത്തിൽ ഹാജരായി. നബി(സ)തിരുമേനി അവർ രണ്ടുപേരുടെ മുമ്പിലും ഇസ്ലാമിന്റെ സന്ദേശം സമർപ്പിച്ചു. അവർക്ക് വിശുദ്ധ ഖുർആൻ ഓതിക്കേൾപ്പിക്കുകയും ഇസ്ലാമിന്റെ കർത്തവ്യങ്ങളെ പറ്റി ബോധ്യപ്പെടുത്തുകയും ചെയ്തു. അല്ലാഹുവിൽനിന്ന് ലഭ്യമാകാനുള്ള ബഹുമാനാദരവുകളെ പറ്റി വാഗ്ദാനം ചെയ്തു. തുടർന്ന് ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: 'യാ റസൂലല്ലാഹ്! ഈ അടുത്താണ് സിറിയയിൽ നിന്ന് തിരിച്ചെത്തിയത്. ഞങ്ങൾ മആൻ, സർഖാ എന്നീ സ്ഥലങ്ങളുടെ ഇടയിൽ തമ്പടിച്ചിരുന്നു. മആൻ ജോർദാന് തെക്ക് ഹിജാസിന്റെ അതിർത്തിക്ക് അടുത്തുള്ള നഗരമാകുന്നു. മആൻ എന്ന സ്ഥലത്തിനടുത്ത് തന്നെയാണ് സർക്കാഉം. ഏതായാലും പറയുന്നു: ഞങ്ങൾ അവിടെ തമ്പടിക്കുകയും ഉറങ്ങുകയും ചെയ്തു. അപ്പോൾ ഒരു വിളിയാളൻ ഇങ്ങനെ വിളംബരപ്പെടുത്തുന്നതുകേട്ടു. 'ഉറങ്ങുന്നവരെ ഉണരുവിൻ! തീർച്ചയായും അഹ്മദ് മക്കയിൽ വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു.' അങ്ങനെ ഞങ്ങൾ തിരിച്ചെത്തിയപ്പോൾ അങ്ങയെ കുറിച്ച് കേൾക്കാനിടയായി. ഹദ്റത്ത് ഉഥ്മാൻ, നബി(സ) തിരുമേനി ദാറു അർഖമിൽ പ്രവേശിക്കുന്നതിനു മുമ്പേ, ആദ്യകാലത്ത് ഇസ്ലാം സ്വീകരിച്ചവരിൽ പെടുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 31, ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറുഅഹ്യാഉത്തുറാഥ്, അൽ അറബി ബെയ്റൂത്ത് 1996)(മുഅ്ജമുൽ ബുൽദാൻ അക്ർഗുലാം ജീലാനി ബർഖ്, പേജ് 320) (മുഅ്ജമുൽ ബുൽദാൻ, വാള്യം 3, പേജ് 472, അസ്സുർഖാ ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത്)

ഇസ്ലാം സ്വീകരിച്ചശേഷം അദ്ദേഹത്തിനു മേൽ അക്രമവും ഉണ്ടായി. മൂസാ ബിൻ മുഹമ്മദ് തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ, ഇസ്ലാം സ്വീകരിച്ചപ്പോൾ അദ്ദേഹത്തിന്റെ പിതൃവ്യൻ ഹക്കം ബിൻ അബുൽആസ് ബിൻ ഉമയ്യ അദ്ദേഹത്തെ കയറുകൊണ്ട് വരിഞ്ഞുകെട്ടി. എന്നിട്ട് പറഞ്ഞു: 'നീ നിന്റെ പൂർവ്വപിതാക്കളുടെ മതത്തെ ഒഴിവാക്കി പുതിയ മതം സ്വീകരിച്ചിരിക്കുന്നു. അല്ലാഹുവാണ! നീ നിന്റെ പുതിയ മതം ഉപേക്ഷിക്കാത്തിടത്തോളം ഞാൻ ഒരിക്കലും നിന്റെ കെട്ട് അഴിച്ചുവിടുന്നതല്ല.' അപ്പോൾ ഉഥ്മാൻ പറഞ്ഞു: 'അല്ലാഹുവാണ! ഞാൻ അത് ഒരിക്കലും ഉപേക്ഷിക്കുകയോ, അതിൽനിന്ന് അകലുകയോ ചെയ്യുന്നതല്ല.' ഹക്കം, അദ്ദേഹത്തിന്റെ ദീനിലുള്ള സ്ഥൈര്യം കണ്ടപ്പോൾ അദ്ദേഹത്തെ വിട്ടയക്കാൻ നിർബന്ധിതനായി.(അത്ത്വബഖാത്തുൽ കുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 31, ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറുഅഹ്യാഉത്തുറാഥ്, അൽഅറബി ബെയ്റൂത്ത് 1996)

ഹദ്റത്ത് റുഖിയായുമായുള്ള അദ്ദേഹത്തിന്റെ വിവാഹത്തെ സംബന്ധിച്ച് നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനിയുടെ നുബുവ്വത്ത് വാദത്തിനു മുമ്പേ ഹദ്റത്ത് റുഖിയായുടെ വിവാഹബന്ധം അബൂലഹബിന്റെ മകൻ ഉത്ബയുമായും അവരുടെ സഹോദരി ഉമ്മു കുൽഥൂമിന്റെ വിവാഹം ഉത്ബയുടെ സഹോദരൻ ഉതയ്ബായുമായും നടത്തിയിരുന്നു. എന്നാൽ, സൂറത്തുൽമസദ് അതായത് സൂറത്തുല്ലഹബ് അവതരിച്ചപ്പോൾ അവരുടെ പിതാവ് അബൂലഹബ് അവരോട് പറഞ്ഞു: 'നിങ്ങൾ രണ്ടുപേരും മുഹമ്മദ്(സ)ന്റെ പെൺമക്കളെ ഉപേക്ഷിക്കുന്നില്ലെങ്കിൽ എനിക്ക് നിങ്ങളുമായി ഒരു ബന്ധവും ഉണ്ടായിരിക്കുന്നതല്ല. ഈ ബന്ധംവിച്ഛേദിക്കുക. അപ്പോൾ അവരിരുവരും വീട് കൂടൽ ഉണ്ടാകുന്നതിന് മുമ്പേതന്നെ രണ്ട് സഹോദരിമാർക്കും ത്വലാഖ് നൽകി. തുടർന്ന് ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ മക്കയിൽവച്ചുതന്നെ ഹദ്റത്ത് റുഖിയയെ വിവാഹം കഴിക്കുകയും അവരെയും കൂട്ടി ഹബ്ശയിലേക്ക് ഹിജ്റത്ത് പോവുകയുമുണ്ടായി. ഹദ്റത്ത് റുഖിയയും ഹദ്റത്ത് ഉഥ്മാനും സൗന്ദര്യത്തിൽ അനുപമരായിരുന്നു. അതുകൊണ്ടുതന്നെ അഹ്സന സൗജയ്നി റആഹുമാ ഇൻസാനുൻ റുഖയ്യത്തു വ സൗജുഹാ ഉഥ്മാൻ അതായത് ഏറ്റവും സൗന്ദര്യമുള്ള ഇണകളെ ആരെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ അത് ഹദ്റത്ത് റുഖിയയും അവളുടെ ഭർത്താവ് ഹദ്റത്ത് ഉഥ്മാനുമാകുന്നു എന്ന് പറയപ്പെടുന്നു.(ശറഹ് അല്ലാമ സുർഖാനീ, ഭാഗം 4, പേജ് 322-323, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത് 1996)

അബ്ദുർറഹ്മാൻ ബിൻ ഉഥ്മാൻ ഖുറയ്ശിയിൽനിന്ന് നിവേദനം. നബി(സ)തിരുമേനി തന്റെ മകളുടെ വീട്ടിൽ ആഗതരായി, അപ്പോൾ അവർ ഹദ്റത്ത് ഉഥ്മാന്റെ തല കഴുകികൊടുക്കുകയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'മകളേ! അബു അബ്ദുല്ലായോട് നല്ല നിലയിൽ വർത്തിക്കുക. തീർച്ചയായും അദ്ദേഹം, എന്റെ സ്വഹാബാക്കളിൽ സൽസ്വഭാവത്തിൽ ഞാനുമായി ഏറ്റവുമധികം സാദൃശ്യമുള്ള ആളാകുന്നു.' (അൽമുഅ്ജമുൽകബീർ ലിത്ത്വബറാനീ, ഭാഗം 1, പേജ് 76, ഹദീഥ് 98, ദാറുഅഹ്യാഉത്തുറാഥ്, അൽഅറബി 2002)

ഇബ്നു ഇസഹാഖ് ഹിജ്റത്തിനെ സംബന്ധിച്ച് പറയുന്നു: സ്വഹാബാക്കൾ പരീക്ഷണത്തിലാണെന്ന് നബി(സ)തിരുമേനി കണ്ടു. അതേസമയം അല്ലാഹുവിന്റെ പക്കൽ ഉണ്ടായിരുന്ന സ്ഥാനവും പദവിയുംകൊണ്ടും പിതൃവ്യൻ അബൂത്വാലിബ് കാരണവും നബി(സ)തിരുമേനി സമാധാനത്തിലായിരുന്നു. എന്നാൽ, സ്വഹാബാക്കളിൽ അകപ്പെട്ടിരുന്ന പ്രയാസങ്ങൾ തടയാൻ നബി(സ)തിരുമേനിക്ക് ശക്തിയും കഴിവും ഇല്ലായിരുന്നു. സ്വയം ഏറെക്കുറെ സമാധാനത്തിലായിരുന്നുവെന്നു മാത്രം. അതേസമയം സ്വഹാബാക്കൾക്ക് മേലുണ്ടായിരുന്ന അക്രമങ്ങൾ തടയാൻ നബി(സ)തിരുമേനിക്ക് സാധിക്കുന്നുണ്ടായിരുന്നില്ല. അപ്പോൾ നബി(സ)തിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: 'നിങ്ങൾ ഹബ്ശയിലേക്ക് പോകുക. അവിടെ ഒരു രാജാവുണ്ട്. അദ്ദേഹത്തിന്റെ നാട്ടിൽ ആരോടും അക്രമം ചെയ്യപ്പെടുന്നില്ല. അത് സത്യത്തിന്റെ ഭൂമിയാകുന്നു. അങ്ങനെ അല്ലാഹു നിങ്ങൾ ഇപ്പോൾ അനുഭവിക്കുന്ന പരീക്ഷണത്തിൽനിന്ന് നിങ്ങൾക്ക് സ്വാതന്ത്ര്യം നൽകുന്നതാണ്.' തുടർന്ന് നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾ ഫിത്നയുടെ ഭയംകാരണം തങ്ങളുടെ ദീൻ മുഖേന അല്ലാഹുവിലേക്ക് ഓടുന്നതിന് നബി(സ)തിരുമേനിയുടെ അടുക്കൽ നിന്ന് ഹബ്ശയുടെ മണ്ണിലേക്ക് യാത്ര തിരിച്ചു. ഇത് ഇസ്ലാമിലുണ്ടായ ആദ്യത്തെ ഹിജ്റത്ത് (പാലായനം) ആകുന്നു.

ഹബ്ശയിലേക്കുള്ള ഹിജ്റത്തിൽ സ്വഹാബാക്കളിൽ ഹദ്റത്ത് ഉഥ്മാൻ(റ) തന്റെ ഭാര്യ ഹദ്റത്ത് റുഖിയ ബിൻത് റസൂലുല്ലാഹ്(സ) യോടൊപ്പം പങ്കെടുത്തിരുന്നു.(അസ്സീറത്തുന്നിബ്വിയ്യ ലി ഇബ്നുഹിശാം, പേജ് 237-238 ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2001)

ഹദ്റത്ത് അനസ്(റ) നിവേദനം. ഹദ്റത്ത് ഉഥ്മാൻ ഹബ്ശയിലേക്ക് ഹിജ്റത്ത് പുറപ്പെട്ടപ്പോൾ ഹദ്റത്ത് റുഖിയ ബിൻത് നബി(സ)തിരുമേനിയും കൂടെയുണ്ടായിരുന്നു. നബി(സ)തിരുമേനിക്ക് അവരെ കുറിച്ചുള്ള വാർത്തകൾ അറിയാൻ കാലവിളംബമുണ്ടായി. അവർ ഹിജറത്ത് ചെയ്തോ എന്നും എവിടെ എത്തിയെന്നും എന്താണ് വിവരമെന്നും അറിയുന്നുണ്ടായിരുന്നില്ല. അപ്പോൾ നബി(സ)തിരുമേനി പുറത്തിറങ്ങി. അവരെ സംബന്ധിച്ച് കാര്യങ്ങൾ അറിയാൻ കാത്തു നിൽക്കുകയായിരുന്നു. തുടർന്ന് ഒരു സ്ത്രീ എത്തി അവരെ സംബന്ധിച്ച് നബി(സ) തിരുമേനിയെ അറിയിച്ചു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'ഹദ്റത്ത് ലൂത്തിനുശേഷം കുടുംബത്തോടൊപ്പം ദൈവമാർഗത്തിൽ ഹിജ്റത്ത് ചെയ്ത ആദ്യ വ്യക്തി ഉഥ്മാനാകുന്നു.'(മജ്മഉസ്സവാഇദ് വ മമ്പഉൽ ഫവാഇദ്. ഭാഗം 9, പേജ് 58, കിതാബുൽമനാഖിബ്, ബാബു ഹിജ്റത്ത് ഹദീഥ് നമ്പർ 14498, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2001)

ഹദ്റത്ത് സഅ്ദ് (റ)നിവേദനം. ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്യാൻ ആഗ്രഹിച്ചപ്പോൾ നബി(സ) തിരുമേനി അദ്ദേഹത്തോട് പറഞ്ഞു: 'റുഖിയയേയും കൂടെകൊണ്ടു പോകുക. അത് നിങ്ങൾ രണ്ടുപേർക്കും ആത്മവിശ്വാസം നൽകും എന്ന് ഞാൻ കരുതുന്നു. അതായത് അവർ പരസ്പരം ധൈര്യം പകരുന്നതാണ്. തുടർന്ന് നബി(സ) തിരുമേനി ഹദ്റത്ത് അസ്മ ബിൻത് അബൂബക്റിനോട് പറഞ്ഞു: 'നീ പോയി അവർ രണ്ടുപേരും പോയോ? എവിടെവരെഎത്തി? എന്താണ് അവസ്ഥ? എന്നെല്ലാം അറിഞ്ഞുവരിക.' ഹദ്റത്ത് അസ്മ തിരിച്ചു വന്നപ്പോൾ ഹദ്റത്ത് അബൂബക്റും നബി(സ)തിരുമേനിയുടെ അടുക്കൽ ഉണ്ടായിരുന്നു. അവർ പറഞ്ഞു: 'ഹദ്റത്ത് ഉഥ്മാൻ ഒരു കോവർ കഴുതയുടെമേൽ പല്ലക്കുവെച്ച് അതിൽ ഹദ്റത്ത് റുഖിയയേയും ഇരുത്തി സമുദ്രത്തിന്റെ ഭാഗത്തേക്ക് പോയിരിക്കുന്നു.' അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: 'അബൂബക്ർ! ഹദ്റത്ത് ലൂത്തിനും ഹദ്റത്ത് ഇബ്റാഹീമിനും ശേഷം ഇവർ രണ്ടുപേരുമാണ് ആദ്യമായി ഹിജ്റത്ത് ചെയ്യുന്നവർ.'(മുസ്തദർക്, ഭാഗം 4,പേജ് 414, കിതാബുമഅ്രിഫത്തുസ്സ്വഹബ, ബാബു ദിക്റു റുഖിയ ബിൻത് റസൂലുല്ലാഹി(സ), ഹദീഥ് 6999, ദാറുൽഫിക്ർ ബെയ്റൂത്ത് 2002)

ഹബ്ശയിൽനിന്ന് അവർ തിരിച്ചെത്തിയ സംഭവവും വിവരിക്കപ്പെട്ടിട്ടുണ്ട്. ഇബ്നു ഇസ്ഹാഖ് പറയുന്നു: 'ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത നബി(സ)തിരുമേനിയുടെ സ്വഹാബാക്കൾക്ക് മക്കക്കാർ ഇസ്ലാം സ്വീകരിച്ചിരിക്കുന്നുവെന്ന വാർത്തയെത്തി. അപ്പോൾ മുഹാജിരീങ്ങൾ ഹബ്ശയിൽനിന്ന് മക്കയിലേക്ക് തിരിച്ചു. അവർ മക്കക്ക് സമീപമെത്തിയപ്പോൾ വാർത്ത വ്യാജമാണെന്ന് മനസ്സിലായി. അങ്ങനെ അവർ രഹസ്യമായി അല്ലെങ്കിൽ ആരുടെയെങ്കിലും സംരക്ഷണത്തിൽ മക്കയിൽ പ്രവേശിച്ചു. അവരിൽ ചിലർ പിന്നെ മദീന ഹിജ്റത്തിലും ബദ്ർ, ഉഹുദ് യുദ്ധത്തിലും നബി(സ)തിരുമേനിയോടൊപ്പം പങ്കെടുക്കുകയുണ്ടായി. ചിലരെ സത്യനിഷേധികൾ മക്കയിൽത്തന്നെ തടഞ്ഞുവെച്ചു. അവർക്ക് ബദ്ർ യുദ്ധത്തിലും മറ്റും പങ്കെടുക്കാൻ കഴിഞ്ഞില്ല. ഹബ്ശയിൽ നിന്നുവന്ന് പിന്നെ മക്കയിൽനിന്ന് മദീനയിലേക്കുള്ള ഹിജ്റത്തിൽ ഹദ്റത്ത് ഉഥ്മാനും അദ്ദേഹത്തിന്റെ ഭാര്യ ഹദ്റത്ത് റുഖിയ ബിൻത് റസൂലും(സ) ഭാഗഭാക്കായിരുന്നു. (അസ്സീറത്തുന്നിബ്വിയ്യ ലി ഇബ്നുഹിശാം, പേജ് 265-266

ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 2001)

ഹദ്റത്ത് ഉഥ്മാൻ ഹബ്ശയിൽ ഏതാനും വർഷം താമസിച്ചു. ഇത് ഒരു പുസ്തകത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. അതായത് ഏതാനും വർഷങ്ങൾ എന്ന പരാമർശം. തുടർന്ന് ചില സ്വഹാബാക്കൾക്ക് ഖുറയ്ശികൾ ഇസ്‌ലാം സ്വീകരിച്ചുവെന്ന വ്യാജവാർത്ത കിട്ടിയപ്പോൾ അവർ തിരിച്ചെത്തി. അതിൽ ഹദ്റത്ത് ഉഥ്മാനും വന്നു. ഇവിടെ വന്നപ്പോൾ വാർത്ത വ്യാജമാണെന്ന് മനസിലാകുകയും തുടർന്ന് ചില സ്വഹാബാക്കൾ വീണ്ടും ഹബ്ശയിലേക്കുതന്നെ തിരിക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻ മക്കയിൽത്തന്നെ തങ്ങി. അങ്ങനെ മദീനയിലേക്ക് ഹിജ്റത്തിനുള്ള അവസരം വരികയും നബി(സ)തിരുമേനി എല്ലാ സ്വഹാബാക്കളോടും മദീനയിലേക്ക് ഹിജ്റത്തിന് നിർദ്ദേശിക്കുകയും ചെയ്തു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ തന്റെ കുടുംബത്തോടൊപ്പം മദീനയിലേക്ക് പുറപ്പെട്ടു.'(സയ്റുസ്സഹാബ വാള്യം 1,(ഖുലഫായെ റാശിദീൻ) പേജ് 178, അദാരയെ ഇസ്‌ലാമിയാത്ത്, അനാർക്കലി ലാഹോർ, പാക്കിസ്താൻ)

മറ്റൊരു നിവേദനത്തിൽ പറയുന്നു: 'ഹദ്റത്ത് ഉഥ്മാൻ വീണ്ടും ഹബ്ശയിലേക്ക് പാലായനം ചെയ്യുകയുണ്ടായി. എന്നാൽ, ഹദ്റത്ത് ഉഥ്മാന്റെ ജീവചരിത്രമുള്ള അധികം ഗ്രന്ഥങ്ങളിലും ഹബ്ശയിലേക്കുള്ള രണ്ടാമത്തെ ഹിജ്റത്തിനെ സംബന്ധിച്ച പരാമർശമില്ല. വാസ്തവത്തിൽ ചരിത്രപുസ്തകങ്ങളിലും ഹദീഥിലും വിവ രിക്കപ്പെട്ട ഹബ്ശയിലേക്കുള്ള രണ്ടാം ഹിജ്റത്തിന്റെ പശ്ചാത്തലവും വിശദീകരണവും കരുതലോടെ ചരിത്രരചന നടത്തിയവർ അപ്പാടെ അംഗീകരിക്കുന്നില്ല. കാരണം ഹദീഥ് നിദാന ശാസ്ത്രമനുസരിച്ച് അത് സാധ്യമല്ല. ഹബ്ശ ഹിജ്റത്തിനെ അനുസ്മരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) നടത്തിയ ഗവേഷണം അദ്ദേഹം വിവരിച്ചിട്ടുണ്ട്. അതിലുള്ള കുറച്ച് ഭാഗം നേരത്തെ ചില സ്വഹാബാക്കളുടെ അനുസ്മരണത്തിൽ പറഞ്ഞതാണ്. എങ്കിലും ഇവിടേയും പ്രസ്തുത പരാമർശം അനിവാര്യമാണ്. മിർസാ ബശീർ അഹ്മദ് സാഹിബി(റ)ന്റെ ഗവേഷണം ഇപ്രകാരമാകുന്നു: 'മുസ്‌ലിമീങ്ങൾക്കുണ്ടായ പ്രയാസങ്ങൾ മൂർച്ഛിക്കുകയും ഖുറയ്ശികൾ തങ്ങളുടെ ഉപദ്രവങ്ങൾ വർധിപ്പിക്കുകയും ചെയ്തപ്പോൾ നബി(സ)തിരുമേനി മുസ്‌ലിമീങ്ങളോട് ഹബ്ശയിലേക്ക് ഹിജ്റത്ത് പോകണമെന്ന് പറഞ്ഞു. നബി(സ) തിരുമേനി പറഞ്ഞു: 'ഹബ്ശയിലെ രാജാവ് നീതിമാനും നീതിയെ ഇഷ്ടപ്പെടുന്ന ആളുമാകുന്നു. അദ്ദേഹത്തിന്റെ ഭരണത്തിൽ ആരേയും ദ്രോഹിക്കുന്നില്ല.' ഹബ്ശ രാജ്യം, ഇംഗ്ലീഷിൽ എത്യോപ്യ, അഥവാ അബീസീനിയ എന്നാണ് പറയപ്പെടുന്നത്. ഇത് ആഫ്രിക്കൻ വൻകരയുടെ വടക്കുകിഴക്ക് ഭാഗത്താണ് സ്ഥിതി ചെയ്യുന്നത്. അതിന്റെ സ്ഥാന ഗണന അനുസരിച്ച് ദക്ഷിണ അറേബ്യയുടെ തികച്ചും എതിർഭാഗത്താകുന്നു. അതിനിടയിൽ ചെങ്കടൽ അല്ലാതെ മറ്റുരാജ്യങ്ങളൊന്നുമില്ല. അക്കാലത്ത് അവിടെ ശക്തമായ ഒരു ക്രിസ്ത്യൻ ഭരണം സ്ഥാപിതമായിരുന്നു. അവിടെയുള്ള രാജാവ് നജ്ജാശി, എന്നാണ് അറിയപ്പെടുന്നത്. മറിച്ച് ഇപ്പോഴും അവിടെ ഭരണാധിപൻ ഈ പേരിലാണ് അറിയപ്പെടുന്നത്. അതായത് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്ന കാലത്ത്. ഹബ്ശയുമായി അറേബ്യക്ക് വ്യാപാരബന്ധങ്ങൾ ഉണ്ടായിരുന്നു. അക്കാലത്ത് ഹബ്ശയുടെ തലസ്ഥാനം അക്സൂം(Axsum) ആയിരുന്നു. അത് ഇപ്പോഴുള്ള അഡോവ (Adowa) പട്ടണത്തിന് സമീപമാണ്. ഇപ്പോഴും ഇത് ഒരു വിശുദ്ധ നഗരമായി തുടർന്നുപോരുന്നു. അക്സൂം അക്കാലത്ത് വളരെ ശക്തമായ ഒരു ഭരണകൂടത്തിന്റെ തലസ്ഥാനമായിരുന്നു. അക്കാലഘട്ടത്തിലെ നജ്ജാശിയുടെ സ്വന്തം പേര് അസ്ഹമ എന്നായിരുന്നു. അദ്ദേഹം നീതിമാനും ജാഗ്രതയുള്ളയാളും മാന്യനും ശക്തനുമായ രാജാവായിരുന്നു. എന്തായിരുന്നാലും മുസ്‌ലിമീങ്ങൾക്ക് പ്രയാസങ്ങൾ അസഹ്യമായപ്പോൾ നബി(സ)തിരുമേനി സ്വഹാബാക്കളോട് പറഞ്ഞു: 'സാധ്യമാകുന്നവരെല്ലാം ഹബ്ശയിലേക്ക് ഹിജ്റത്ത് പൊയ്ക്കൊള്ളുക. അങ്ങനെ നബി(സ)തിരുമേനിയുടെ നിർദ്ദേശപ്രകാരം നബ്‌വി 5-ാം വർഷം റജബ് മാസത്തിൽ 11 പുരുഷന്മാരും 4 സ്ത്രീകളും ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തു. അവരിൽ പ്രസിദ്ധരായ ആളുകൾ ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ, അദ്ദേഹത്തിന്റെ ഭാര്യ റുഖിയ ബിൻത് റസൂലുല്ലാഹ്(സ), അബ്ദുർറഹ്മാൻ ബിൻ ഔഫ്, സുബയ്ർ ബിൻ അവ്വാം, അബൂഹുദയ്ഫ ബിൻ ഉത്ബ, ഉഥ്മാൻ ബിൻ മള്ഊൻ, മുസ്അബ് ബിൻ ഉമയ്ർ, അബൂസലിമ ബിൻ അബ്ദുൽ അസദ്, അദ്ദേഹത്തിന്റെ ഭാര്യ ഉമ്മുസൽമ എന്നിവരാണ്. മിർസാ ബശീർ അഹ്മദ് സാഹിബ്(റ) എഴുതുന്നു: 'ആശ്ചര്യകരമെന്ന് പറയട്ടെ, ഈ ആദ്യകാല മുഹാജിരീങ്ങളിൽ അധികവും ഖുറയ്ശികളിലെ പ്രബല ഗോത്രങ്ങളിൽ പെട്ടവരായിരുന്നു. ദുർബലരായ ആളുകൾ കുറവായിരുന്നു. ഇതിൽനിന്ന് 2 കാര്യങ്ങൾ മനസിലാകുന്നു; ഒന്ന് പ്രബല ഗോത്രങ്ങളുമായി ബന്ധപ്പെട്ട ആളുകളും ഖുറയ്ശികളുടെ ദ്രോഹത്തിൽ നിന്ന് സുരക്ഷിതരായിരുന്നില്ല. രണ്ട്, ദുർബലരായ ആളുകൾ അതായത് അടിമവംശജരും മറ്റും ഹിജ്റത്ത് പോകാൻ പോലും കഴിയാത്തത്ര ദുർബലരും നിസ്സാഹായരുമായിരുന്നു.

ഈ മുഹാജിരീങ്ങൾ ദക്ഷിണ ഭാഗത്തേക്ക് യാത്ര ചെയ്ത് ശുഅയ്ബയിലെത്തി. അത് അക്കാലത്ത് അറേബ്യയിലെ തുറമുഖമായിരുന്നു. അപ്പോൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്ക് ഒരു വാണിജ്യ കപ്പൽ കിട്ടി. അത് ഹബ്ശയിലേക്ക് പോകുവാൻ തയ്യാറായി നിൽക്കുകയായിരുന്നു. അങ്ങനെ അവരെല്ലാവരും സമാധാനപൂർവ്വം യാത്ര ചെയ്തു. കപ്പൽ പുറപ്പെടുകയുംചെയ്തു. മക്കയിലെ ഖുറയ്ശികൾക്ക് അവരുടെ ഹിജ്റത്തിനെ സംബന്ധിച്ച് അറിവ് കിട്ടിയപ്പോൾ അവർ വളരെ നിരാശപ്പെട്ടു. അതായത് ഇരകൾ സ്വസ്ഥമായി കൈവിട്ടുപോയിരിക്കുന്നു. തുടർന്ന് അവർ ഈ മുഹാജിരീങ്ങളെ പിന്തുടർന്നു. അങ്ങനെ അവരുടെ ആൾ കടൽത്തീരത്തെത്തുമ്പോൾ കപ്പൽ പുറപ്പെട്ടു കഴിഞ്ഞിരുന്നു. അതുകൊണ്ട് അവർ നിരാശനും നഷ്ടപ്പെട്ടവനുമായി തിരിച്ചുവന്നു. ഹബ്ശയിലെത്തിയപ്പോൾ മുസ്‌ലിമീങ്ങൾക്ക് സ്വസ്ഥവും സമാധാനവുമുള്ള ജീവിതം കൈവന്നു. അല്ലാഹ് അല്ലാഹ് എന്ന് പറഞ്ഞ് അവർക്ക് ഖുറയ്ശികളുടെ ദ്രോഹത്തിൽനിന്ന് മോചനം കിട്ടി. എന്നാൽ, ചില ചരിത്രകാരന്മാർ പറയുന്നു: 'മുഹാജിരീങ്ങൾ ഹബ്ശയിലെത്തി ഏറെകഴിയുന്നതിനുമുമ്പേ എല്ലാ ഖുറയ്ശികളും മുസ്‌ലിമീങ്ങളായെന്നും മക്കയിൽ തികച്ചും സമാധാനമാണെന്നുമുള്ള കിംവദന്തി അവർക്കെത്തി. അതുകാരണം അധിക മുഹാജിരീങ്ങളും ഒന്നും ആലോചിക്കാതെ തിരിച്ചെത്തി. അവർ മക്കക്ക് സമീപ മെത്തിയപ്പോഴാണ് ഈ വാർത്ത വ്യാജമാണെന്ന് അവർക്ക് മനസിലായത്. തുടർന്ന് അവർക്ക് വലിയ പ്രയാസമാണ് അഭിമുഖീകരിക്കേണ്ടി വന്നത്. അവസാനം ചിലർ വഴിയിൽനിന്നുതന്നെ തിരികെപോയി. ചിലർ ഒളിഞ്ഞും പാത്തും അല്ലെങ്കിൽ സ്വാധീനവും ശക്തിയുമുള്ള ആളുകളുടെ സഹായത്താൽ മക്കയിലെത്തി. ഇത് നബ്‌വി അഞ്ചാം വർഷം ശവ്വാൽ മാസത്തിലെ സംഭവമാണ്. അതായത് ഹിജ്റത്തിന്റെ ആരംഭവും മുഹാജിരീങ്ങളുടെ തിരിച്ചുവരവിനുമിടയിൽ കേവലം രണ്ടര മൂന്നുമാസത്തെ വ്യത്യാസമേ ഉള്ളൂ. ഏതായാലും വാസ്തവത്തിൽ ഈ കിംവദന്തി വ്യാജവും അടിസ്ഥാനരഹിതവുമായിരുന്നു. അത് ഹബ്ശയിലേക്ക് പോയ മുഹാജിരീങ്ങളെ തിരികെ എത്തിക്കാനും അവരെ ദ്രോഹിക്കാനുംവേണ്ടി ഖുറയ്ശികൾ പരത്തിയതായിരിക്കാം. എന്നാൽ, കൂടുതൽ ശ്രദ്ധാപൂർവ്വം നോക്കുകയാണെങ്കിൽ ഈ കിംവദന്തിയും മുഹാജിരീങ്ങൾ തിരിച്ചു വന്ന കഥയും തികച്ചും അടിസ്ഥാനരഹിതമാകുന്നു. ഇത് ശരിയാണെന്ന് മനസിലാക്കിയാൽ അതിന്റെ അടിസ്ഥാന കാര്യം ചില ഹദീഥുകളിൽ വന്ന സംഭവമായിരിക്കാൻ സാധ്യതയുണ്ട്. ഈ നിലക്ക് നോക്കിയാൽ അതായത് ഇത് ശരിയാണെന്ന് പറഞ്ഞാൽ ഹദ്റത്ത് ഉഥ്മാൻ(റ) ഏതാനും വർഷം താമസിച്ചു എന്ന് ചില ആളുകളുടെ നിവേദനം തെറ്റായിരിക്കും. ഇനി ഇത് തെറ്റാണെന്ന് മനസ്സിലാക്കിയാൽ മൂന്ന് നാല്മാസം കഴിഞ്ഞായിരിക്കും തിരിച്ചുവന്നിട്ടുണ്ടാകുക. എന്നാൽ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഗവേഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ കാര്യം തികച്ചും തെറ്റാകുന്നു. അദ്ദേഹം എഴുതുന്നു: 'ഇത് ശരിയാണെന്ന് മനസിലാക്കിയാൽ അതായത് ഹദീഥുകളിൽ വന്ന സംഭവമായിരിക്കാം. ഇതിന്റെ അടിസ്ഥാനകാരണം ബുഖാരിയിൽ ഇങ്ങനെ വന്നിരിക്കുന്നു; ഒരിക്കൽ നബി(സ)തിരുമേനി കഅ്ബയുടെഅങ്കണത്തിൽവെച്ച് സൂറ: നജ്മിലെ ആയത്തുകൾ പാരായണം ചെയ്തു. ആ സന്ദർഭത്തിൽ അവിടെ നിഷേധികളുടെ നിരവധി മൂപ്പന്മാരുമുണ്ടായിരുന്നു. ചില മുസ്‌ലിമീങ്ങളുമുണ്ടായിരുന്നു. അങ്ങനെ നബി(സ) തിരുമേനി സുജൂദ് ചെയ്തു. മുസ്‌ലിമീങ്ങളും സുജൂദു ചെയ്തു. നിഷേധികളും സുജൂദ് ചെയ്തു. ഏതായിരുന്നാലും നിഷേധികൾ എന്തിനാണ് സുജൂദ് ചെയ്തതെന്ന കാര്യം ഹദീഥുകളിൽ വിവരിച്ചിട്ടില്ല. എന്നാൽ, നബി(സ) തിരുമേനി വളരെ പ്രഭാവിതമായ ശബ്ദത്തിൽ ദൈവികവചനങ്ങൾ പാരായണം ചെയ്യുകയുണ്ടായി. പ്രസ്തുത ആയത്തുകളിൽ സവിശേഷമായും അല്ലാഹുവിന്റെ ഏകത്വവും അവന്റെ ശക്തിയും പ്രതാപവും സംബന്ധിച്ച് വളരെ സാഹിത്യപരമായ നിലയിൽ വിവരിച്ചിട്ടുണ്ട്. അവന്റെ ഔദാര്യങ്ങൾ ഓർമപ്പെടുത്തുകയും ചെയ്യുന്നു. മാത്രമല്ല അതിൽ വളരെ ആദരയുക്തവും പ്രതാപമഹിമയുമുള്ള വചനങ്ങൾ മുഖേന ഖുറയ്ശികളെ ഭയപ്പെടുത്തിക്കൊണ്ട് പറയുന്നു: അവർ ദ്രോഹങ്ങളിൽ നിന്ന് പിന്തിരിയുന്നില്ലെങ്കിൽ മുൻകാലങ്ങളിൽ ദൈവദൂതന്മാരെ കളിയാക്കിയവരുടെ അവസ്ഥ തന്നെയായിരിക്കും അവർക്കുമുണ്ടാകുക. പിന്നെ അവസാനത്തിൽ ഇതിൽ കല്പന, 'വരുവിൻ! അല്ലാഹുവിന്റെ സവിധത്തിൽ സജ്ദ ചെയ്യുവിൻ എന്നാകുന്നു. ഈ വചനങ്ങൾ പാരായണം ചെയ്ത ശേഷം നബി(സ) തിരുമേനിയും സ്വഹാബാക്കളും ഒന്നടങ്കം ഉടൻ തന്നെ സജ്ദയിൽ വീണു. അപ്പോൾ ഈ വചനത്തിന്റേയും ദൃശ്യ ത്തിന്റേയും മാസ്മരിക പ്രഭാവം ഖുറയ്ശികളെ സ്വാധീനിക്കുകയും അവരും അനിയന്ത്രിതമായി മുസ്‌ലിമീങ്ങളോടൊപ്പം സജ്ദ ചെയ്തതുമായിരിക്കാം.

ഇതിൽ അത്ഭുതപ്പെടാൻ കാരണമൊന്നുമില്ല. എന്തുകൊണ്ടെന്നാൽ ഇത്തരം സന്ദർഭങ്ങളിൽ ചിലപ്പോൾ മനുഷ്യഹൃദയം സ്വാധീനിക്കപ്പെടുകയും അവൻ അനിയന്ത്രിതമായി അവന്റെ മതതത്വങ്ങൾക്ക് എതിരാ യി ഇത്തരം കാര്യങ്ങൾ ചെയ്യാറുമുണ്ട്. അവർ വിശ്വസിച്ചതുകൊണ്ട് അങ്ങനെ ചെയ്തതായിരിക്കില്ല. അനിയന്ത്രിതമായ ചില സന്ദർഭങ്ങളിൽ ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്തു പോകുന്നതാണ്. ചില വേളകളിൽ വളരെ കഠിനവും അവിചാരിതവുമായ ആപത്തുകളുടെ സമയത്ത് നിരീശ്വരവാദിയും അല്ലാഹ്, അല്ലാഹ് റാം, റാം എന്ന് വിളിച്ചുപോകാറുണ്ട്. ഞാൻ ചില നിരീശ്വരവാദികളോട് ഇതേപ്പറ്റി ചോദിച്ചിട്ടുണ്ട്. അവർ പറഞ്ഞത്, ഞങ്ങൾക്ക് ദൈവത്തിൽ വിശ്വാസമില്ലെങ്കിൽകൂടിയും ചില ഭയാനക മായ സാഹചര്യങ്ങളിൽ അനിയന്ത്രിതമായി തങ്ങളുടെ നാവിലും ദൈവമെന്ന വാദം വന്നുപോകുന്നുവെന്നത് തികച്ചും ശരിയാണെന്നാണ്. ഏതായിരുന്നാലും ഖുറയ്ശികൾ നിരീശ്വരവാദികളല്ലായിരുന്നു. അവർ ദൈവാസ്തിക്യത്തെ അംഗീകരിക്കുന്നവരായിരുന്നു. ചുരുക്കത്തിൽ വളരെ ആദരയുക്തവും പ്രതാപവുമുള്ള വചനങ്ങൾ പാരായണം ചെയ്ത ശേഷം മുസ്ലിമീങ്ങളുടെ സംഘം ഉടൻതന്നെ ഒന്നിച്ച് സജ്ദയിൽ വീണപ്പോൾ അതിന്റെ മാസ്മരിക പ്രഭാവം ഉണ്ടാകുകയും ഖുറയ്ശികളും അനിയന്ത്രിതമായി സജ്ദയിലേക്ക് വീണതുമാകാം. എന്നാൽ, ഇത്തരം പ്രഭാവം അധികവും നൈമിഷികമായിരിക്കും. അവ പിന്നെ വേഗംതന്നെ തങ്ങളുടെ പൂർവ്വസ്ഥിതിയിലേക്ക് തിരിച്ചുപോകുന്നു. ഇവിടെയും അതുതന്നെയാണ് സംഭവിച്ചത്. സജ്ദയിൽ നിന്നെഴുന്നേറ്റശേഷം ഖുറയ്ശികൾ വീണ്ടും വിഗ്രഹാരാധകർ തന്നെയായി തുടർന്നു. അല്ലാതെ ഏകദൈവവിശ്വാസികളായി മാറിയില്ല.

ഏതായിരുന്നാലും ഈ സംഭവം ഹദീഥുകളിൽ നിന്ന് തെളിയുന്നുണ്ട്. ഇനി ഹബ്ശയിലേക്ക് പോയ മുഹാജിരീങ്ങളുടെ മടക്കത്തെ സംബന്ധിച്ച കാര്യം ശരിയാണെങ്കിൽ, മനസ്സിലാക്കാൻ കഴിയുന്നത് ഈ സംഭവത്തിനു ശേഷം ഖുറയ്ശികൾ, ഹബ്ശയിലെ മുഹാജിരീങ്ങളെ തിരിച്ചുകൊണ്ടുവരാൻ വ്യഗ്രത കാണിച്ചിരുന്നുവെന്നാണ്. അതുകൊണ്ട് മേൽ സംഭവത്തെ ഒരു നിമിത്തമാക്കി, ഖുറയ്ശികൾ മുസ്ലിമീങ്ങളായെന്നും മുസ്ലിമീങ്ങൾക്ക് തികച്ചും സമാധാന അന്തരീക്ഷം സംജാതമായെന്നും അവർതന്നെ കിംവദന്തി പരത്തിയതായിരിക്കും. ഈ കിംവദന്തി ഹബ്ശയിലെ മുഹാജിരീങ്ങൾക്ക് കിട്ടിയപ്പോൾ അവർ സ്വാഭാവികമായും അതിൽ സന്തോഷിക്കുകയും അതുകേട്ടതും സന്തോഷപൂർവ്വം തിരിച്ചെത്തിയതുമായിരിക്കാം. എന്നാൽ, അവർ മക്കക്ക് അടുത്തെത്തിയപ്പോൾ യഥാർഥ സംഗതിയെ പറ്റി അറിയുകയും അങ്ങനെ ചിലർ രഹസ്യമായും മറ്റു ചിലർ ശക്തരും സ്വാധീനമുള്ളവരുമായ ഖുറയ്ശി മൂപ്പന്മാരുടെ സംരക്ഷണയിലും മക്കയിലേക്ക് വന്നു. ചിലർ തിരിച്ചുപോയി. ചുരുക്കത്തിൽഖുറയ്ശികൾ മുസ്ലിമീങ്ങളായി എന്ന അഭ്യൂഹത്തിന് എന്തെങ്കിലും യാഥാർഥ്യമുണ്ടെങ്കിൽ അത് സൂറ: നജ്മ് തിലാവത്ത് ചെയ്തശേഷം സുജൂദ്ചെയ്ത സംഭവത്തിന്റെ പരിധിവരെ മാത്രമാകുന്നു. വല്ലാഹുഅഅ്ലം.

ഏതായിരുന്നാലും ഹബ്ശ മുഹാജിരീങ്ങൾ തിരിച്ചു വന്നെങ്കിൽ തന്നെയും അവരിൽ ഭൂരിപക്ഷവും തിരികെ പോവുകയാണുണ്ടായത്. ഖുറയ്ശികൾ ദ്രോഹിക്കുന്നത് അനുദിനം വർധിച്ചുകൊണ്ടിരുന്നു. അതുകൊണ്ട് നബി(സ)തിരുമേനിയുടെ നിർദേശപ്രകാരം മറ്റുമുസ്ലിമീങ്ങളും രഹസ്യമായി ഹിജ്റത്തിനുള്ള തയ്യാറെടുപ്പുകൾ ആരംഭിക്കുകയും സന്ദർഭം കിട്ടുന്നതിനനുസരിച്ച് പതുക്കെപ്പതുക്കെ പോകുകയും ചെയ്തുകൊണ്ടിരുന്നു. ഹിജ്റത്തിന്റെ പരമ്പര ഇങ്ങനെ ആരംഭിക്കുകയും അവസാനം ഹബ്ശയിലെ മുഹാജിരീങ്ങളുടെഎണ്ണം 101 ൽ എത്തുകയും ചെയ്തു. അതിൽ 18 സ്ത്രീകളുമുണ്ടായിരുന്നു. മക്കയിൽ നബി(സ)തിരുമേനിയുടെ അടുക്കൽ വളരെകുറച്ച് മുസ്ലിമീങ്ങൾ മാത്രമായി. ഈ ഹിജ്റത്തിനെ ചില ചരിത്രകാരന്മാർ രണ്ടാം ഹബ്ശ ഹിജ്റത്ത് എന്ന പേര് നൽകിയിരിക്കുന്നു.

തുടർന്ന് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് തന്റെ വിശകലനത്തിൽ പറയുന്നു: മറ്റൊരു സംഗതി, ഈ കിംവദന്തിയും മുഹാജിരീങ്ങൾ തിരിച്ചുവന്നു എന്ന കഥയും തുടക്കം മുതൽതന്നെ സംശയഗ്രസ്തമാകുന്നു. എന്തെന്നാൽ, ചരിത്രത്തിൽ, ഹബ്ശ ഹിജ്റത്തിന്റെ ആരംഭം നബ്‌വി അഞ്ചാംവർഷം റജബ് മാസത്തിലും സജ്ദ ചെയ്തസംഭവം നബ്‌വി അഞ്ചാം വർഷം റമളാനിലുമാണെന്ന് എഴുതിയിരിക്കുന്നു. തുടർന്ന് ചരിത്രത്തിൽ തന്നെയുള്ള മറ്റൊരുകാര്യം ഈ കിംവദന്തിയെ തുടർന്ന് ഹബ്ശ മുഹാജിരീങ്ങൾ നബ്‌വി അഞ്ചാംവർഷം ശവ്വാൽമാസത്തിൽ തിരിച്ചുപോയി എന്നതാണ്. അതായത് ഹിജ്റത്തിന്റെ ആരംഭവും മുഹാജിരങ്ങൾ തിരിച്ചുവന്നതും തമ്മിലുള്ള കാലഘട്ടത്തിന്റെ അന്തരം കേവലം രണ്ടു മുതൽ മൂന്നുമാസംവരെയാണ്. സുജൂദിന്റെ ചരിത്രം മുതൽ നോക്കുകയാണെങ്കിൽ അത് കേവലം ഒരു മാസമാണ്.

അക്കാലഘട്ടത്തിലെ അവസ്ഥ അനുസരിച്ച് മക്കയ്ക്കും ഹബ്ശയ്ക്കുമിടയിൽ ഈ ചെറിയ കാല പരിധിയിൽ 3 യാത്രകൾ പൂർത്തിയാക്കുക അസംഭാവ്യമാണ്. അതായത് ആദ്യം മുസ്ലിമീങ്ങൾ മക്കയിൽനിന്ന് ഹബ്ശയിലെത്തണം. പിന്നെ ഖുറയ്ശികൾ ഇസ്ലാം സ്വീകരിച്ചുവെന്ന വാർത്തയുമായി ആരെങ്കിലും മക്കയിൽനിന്ന് ഹബ്ശയിലേക്ക് പോകണം. തുടർന്ന് മുസ്ലിമീങ്ങൾ ഹബ്ശയിൽനിന്ന് യാത്ര ചെയ്തു മക്കയിൽ തിരിച്ചെത്തണം. മൂന്നുയാത്രകളും പൂർത്തിയാക്കാൻ ഇതര സംഗതികൾകൂടി ഉള്ളതിനാൽ അതായത് തയ്യാറെടുപ്പും മറ്റും നടത്തുക മുതലായവ വെച്ച് നോക്കുമ്പോൾ ഒരിക്കലും സാധ്യമല്ല. ഇതിനേക്കാളും സാധ്യമായ കാര്യം സജദ ചെയ്തകാലം മുതൽ ഹബ്ശ മുഹാജിരീങ്ങൾ തിരിച്ചെത്തി എന്ന് കരുതുന്നതുവരെയുള്ള രണ്ടു യാത്രകൾ ഉണ്ടായിട്ടുണ്ടാകും. കാരണം അക്കാലത്ത് മക്കയിൽനിന്ന് ഹബ്ശയിലേക്ക് പോകാൻ ആദ്യം തെക്കുഭാഗത്തേക്ക് പോകേണ്ടതുണ്ട്. പിന്നെ അവിടെനിന്ന് കപ്പൽ പിടിക്കണം. അതാകട്ടെ എപ്പോഴും കിട്ടുകയുമില്ല. ചെങ്കടൽ കടന്ന് ആഫ്രിക്കയുടെ സമുദ്രതീരത്ത് എത്തണം. തുടർന്ന് സമുദ്രതീരത്തൂടെ ഹബ്ശയുടെ തലസ്ഥാനമായ അക്സൂമിലെത്തണം. അത് സമുദ്രത്തീരത്തുനിന്ന് വളരെ ദൂരെയാണ് സ്ഥിതിചെയ്യുന്നത്. അവിടെ എത്തേണ്ടിയിരിക്കുന്നു. ആ കാലഘട്ടത്തിലെ മന്ദഗതിയിലുള്ള യാത്രകളുടെ അടിസ്ഥാനത്തിൽ ഇത്തരത്തിലുള്ള ഒരു യാത്ര പോലും ഒന്നര രണ്ടു മാസത്തിൽ കുറഞ്ഞ സമയംകൊണ്ട് പൂർത്തിയാക്കാൻ സാധ്യമല്ല. ഈ നിലയ്ക്ക് നോക്കിയാൽ ഈ കഥ അപ്പാടെ തെറ്റും അടിസ്ഥാനരഹിതവുമാകുന്നു. ഇനി ഇതിൽ വല്ല യാഥാർഥ്യവുമുണ്ടെങ്കിൽത്തന്നെ നേരത്തെ വിവരിച്ചതിൽ അധികമായിട്ട് ഒന്നുംതന്നെയില്ല. വല്ലാഹുഅഅ്ലം.'(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ) പേജ് 146-152)

ഏതായിരുന്നാലും കാരണം എന്തു തന്നെയായാലും കുറച്ചുകാലത്തിനു ശേഷം ഉഥ്മാൻ ഹബ്ശയിൽനിന്ന് തിരികെ വന്നു. തുടർന്ന് ഹദ്റത്ത് ഉഥ്മാന്റെ മദീനയിലേക്കുള്ള ഹിജ്റത്തും സാഹോദര്യബന്ധമുണ്ടാക്കിയതും സംബന്ധിച്ച വിവരണം ഇപ്രകാരമാകുന്നു: 'മുഹമ്മദ് ബിൻ ജഅ്ഫർ ബിൻ സുബയ്റിൽനിന്ന് നിവേദനം. ഹദ്റത്ത് ഉഥ്മാൻ(റ) മക്കയിൽനിന്ന് മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ അദ്ദേഹം ബനൂ നജ്ജാർ ഗോത്രത്തിലെ ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്തിന്റെ സഹോദരൻ ഹദ്റത്ത് ഔസ് ബിൻ ഥാബിത്തിന്റെ വീട്ടിലാണ് തങ്ങിയത്.

മൂസ ബിൻ മുഹമ്മദ്, തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി, ഹദ്റത്ത് ഉഥ്മാനും ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫും തമ്മിലാണ് സാഹോദര്യബന്ധം ഉണ്ടാക്കിയത്. ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ശദ്ദാദ് ബിൻ ഔസിന്റെ പിതാവ് ഹദ്റത്ത് ഔസ് ബിൻ ഥാബിത്തും ഹദ്റത്ത് ഉഥ്മാനും തമ്മിലാണ് സാഹോദര്യബന്ധമുണ്ടാക്കിയത്. ഹദ്റത്ത് അബൂഉബാദ സഅ്ദ് ബിൻ ഉഥ്മാൻ സർഖിയുമായി ഹദ്റത്ത് ഉഥ്മാന്റെ സാഹോദര്യബന്ധമുണ്ടാക്കി എന്നും പറയപ്പെടുന്നു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 31,ഉഥ് മാൻ ബിൻ അഫ്ഫാൻ (സ), പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996).

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉഥ്മാനുമായി നബി(സ)തിരുമേനി സ്വയം സാഹോദര്യബന്ധമുണ്ടാക്കിയെന്നും കാണാം. ത്വബഖാത്തുൽ കുബ്റായിൽ എഴുതിയിരിക്കുന്നു:


**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**'പരലോകചിന്തയും അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നയാൾ ഏറ്റവുമാദ്യം തന്റെ ആരാധനയുടെ സംരക്ഷണത്തിൽ ശ്രദ്ധിക്കുന്നു.'**
**(ജുമുഅ ഖുത്ബ 4-10-2019)**

**ത്വാലിബെ ദുആ:**
**P.P.Raheem & Family**
**Ahmadiyya Jama-ath Payangadi, Kerala**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം**

**'എല്ലാത്തരം ശരീരേച്ഛകളേയും മാറ്റാൻ തങ്ങളുടെ മനസ്സിൽ നിന്ന് ദൈവമാർഗത്തിൽ ജീവിതം അർപിച്ചിട്ടുള്ളവർ ശ്രമിക്കേണ്ടതായി വരും. ഇതാണ് വഖ്ഫിന്റെ യാഥാർഥ്യം.'**
**(ബ്രിട്ടൺ, കനഡ, ജർമനി ജാമിഅകളിലെ കുട്ടികൾക്ക് സനദ്ദാന പരിപാടിയിലെ പ്രസംഗം 2019)**

**ത്വാലിബെ ദുആ:**
**K.Muhammad Shareef &Family**
**Ahmadiyya Jama-ath Vaniyambalam, Kerala**

‘ഇബ്നു ലബീബ നിവേദനം. ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാൻ തടങ്കലിൽ അടയ്ക്കപ്പെട്ടപ്പോൾ അതായത് അവസാനനാളുകളിൽ ശത്രുക്കൾ അദ്ദേഹത്തെ വളഞ്ഞപ്പോൾ എല്ലാ നിലയ്ക്കും ഉപരോധം ഏർപ്പെടുത്തുകയുണ്ടായി. അപ്പോൾ അദ്ദേഹം ഉയരമുള്ള ആ കെട്ടിടത്തിന്റെ ജനാലയിലൂടെ തല പുറത്തേക്കിട്ടു ജനങ്ങളോട് ചോദിച്ചു: നിങ്ങൾക്കിടയിൽ ത്വൽഹ ഉണ്ടോ? അവർ പറഞ്ഞു: അതേ ഉണ്ട്. അദ്ദേഹം പറഞ്ഞു: ഞാൻ താങ്കളോട് അല്ലാഹു സാക്ഷിയാക്കിക്കൊണ്ട് ചോദിക്കുകയാണ്. നബി(സ)തിരുമേനി മുഹാജിരീങ്ങളും അൻസ്വാറും തമ്മിൽ സാഹോദര്യബന്ധമുണ്ടാക്കിയപ്പോൾ നബി(സ)തിരുമേനി തന്നോടൊപ്പം ഞാനുമായിട്ടാണ് സാഹോദര്യബന്ധമുണ്ടാക്കിയതെന്ന്, അതായത് നബി(സ) തിരുമേനി ഹദ്റത്ത് ഉഥ്മാനുമായിട്ടാണ് സാഹോദര്യബന്ധമുണ്ടാക്കിയതെന്ന് താങ്കൾക്ക് അറിവില്ലേ? അപ്പോൾ ഹദ്റത്ത് ത്വൽഹ പറഞ്ഞു: ‘വല്ലാഹി! അത് ശരിയാണ്. ആ സന്ദർഭത്തിൽ ഹദ്റത്ത് ഉഥ്മാന്റെ വീട് വളഞ്ഞിട്ടുണ്ടായിരുന്ന എതിരാളികൾ ഹദ്റത്ത് ത്വൽഹയോട് ചോദിച്ചു: നിങ്ങൾ ഇതെന്താണ് ചെയ്തത്? പറയുന്നത്? ഹദ്റത്ത് ത്വൽഹ വളരെ ധൈര്യസമേതം പറഞ്ഞു: ഹദ്റത്ത് ഉഥ്മാൻ എന്നോട് അല്ലാഹുവിനെ ആണയിട്ട് കൊണ്ടാണ് ചോദിച്ചത്. എന്നോട് ചോദിച്ചതാകട്ടെ എന്റെ കൺമുന്നിൽ നടന്ന സംഗതിയെ പറ്റിയാണ്. ഞാൻ അതിന് സാക്ഷ്യം നൽകേണ്ടതല്ലേ?(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 38, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996)

എനിക്കു കള്ളം പറയാൻ കഴിയില്ല. നിങ്ങളുടെ എതിർപ്പുകൊണ്ട് എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക.

ഹദ്റത്ത് റുഖിയായുടെ മരണവും ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ വിവാഹവും സംബന്ധിച്ച വിവരണം ഇപ്രകാരം ലഭിക്കുന്നു: അബ്ദുല്ലാഹ് ബിൻ മുകന്നിഫ് ബിൻ ഹാരിഥ അൻസ്വാരി നിവേദനം. നബി(സ)തിരുമേനി ബദ്ർ യുദ്ധത്തിന് പുറപ്പെട്ടപ്പോൾ ഹദ്റത്ത് ഉഥ്മാനെ തന്റെ മകൾ ഹദ്റത്ത് റുഖിയായുടെ അടുക്കൽതന്നെ നിറുത്തി. അവർ രോഗിയായിരുന്നു. ഹദ്റത്ത് സയ്ദ് ബിൻ ഹാരിഥ ബദ്റിൽ നബി(സ)തിരുമേനിക്കു അല്ലാഹു നൽകിയ വിജയത്തെ സംബന്ധിച്ച സന്തോഷ വാർത്തയുമായി മദീനയിലെത്തിയ ദിവസമാണ് അവർ മരണപ്പെട്ടത്. നബി(സ)തിരുമേനി ബദ്റിലെ സമരാർജിത സ്വത്തിൽനിന്ന് ഹദ്റത്ത് ഉഥ്മാനും ഭാഗം നൽകുകയുണ്ടായി. അദ്ദേഹത്തിന് ബദ്ർ യുദ്ധത്തിൽ പങ്കെടുത്തവർക്ക് സമാനമായത്രയും ഭാഗംതന്നെ നൽകി. നബി(സ)തിരുമേനി ഹദ്റത്ത് റുഖിയായുടെ വഫാത്തിനുശേഷം ഹദ്റത്ത് ഉഥ്മാൻ ബിൻ അഫ്ഫാന് തന്റെ മകൾ ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ വിവാഹം നടത്തിക്കൊടുത്തു.(അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 32, ഉഥ് മാൻ ബിൻ അഫ്ഫാൻ, പ്രസാധകർ ദാറു അഹ്യാഉത്തുറാഥ് അൽഅറബി ബെയ്റുത്ത് 1996)

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി ഹദ്റത്ത് ഉഥ്മാനെ മസ്ജിദിന്റെ കവാടത്തിൽ കണ്ടുമുട്ടി. അപ്പോൾ പറഞ്ഞു: ‘ഉഥ്മാൻ! ഇത് ജിബ്രീൽ ആകുന്നു. അല്ലാഹു ഉമ്മു കുൽഥൂമിന്റെ നിക്കാഹ് റുഖിയായുടെ അത്രതന്നെ മഹ്ർ നിശ്ചയിച്ചുകൊണ്ട് നിങ്ങളുടെ സൽപെരുമാറ്റത്തിൽ നിങ്ങളുമായി നടത്തി എന്ന് എനിക്ക് അറിയിപ്പ് തരുന്നു. (സുനൻ ഇബിനുമാജ, ഇഫ്ത്തതാഹുൽകിതാബുൽ ഫള്ൽ, ഉഥ്മാൻ(റ), ഹദീഥ് നമ്പർ 110) അതായത് രണ്ടാമത്തെ മകളുടെ വിവാഹവും ഹദ്റത്ത് ഉഥ്മാനുമായി നടത്തണമെന്ന് അല്ലാഹു പറയുന്നു.

ഹദ്റത്ത് ആഇശ(റ) നിവേദനം. നബി(സ) തിരുമേനി ഉമ്മു കുൽഥൂമിന്റെ വിവാഹം ഹദ്റത്ത് ഉഥ്മാനുമായി നടത്തിയപ്പോൾ, അവിടന്ന് ഉമ്മു അയ്മനോട് പറഞ്ഞു: ‘എന്റെ മകൾ ഉമ്മു കുൽഥൂമിനെ ഒരുക്കി ഉഥ്മാന്റെ അടുക്കലെത്തിക്കുക. അവൾക്ക് മുന്നിൽ ദഫ് മുട്ടുകയും ചെയ്യുക.’ അവർ അങ്ങനെ തന്നെ ചെയ്തു. നബി(സ)തിരുമേനി മൂന്നു ദിവസത്തിനുശേഷം ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ അടുക്കൽ പോയി ചോദിച്ചു: ‘മോളേ! നിന്റെ ഭർത്താവ് എങ്ങനെയുണ്ട്?’ ഉമ്മു കുൽഥൂം പറഞ്ഞു: ‘അദ്ദേഹം ഉത്തമനായ ഭർത്താവാകുന്നു.’ (സീറത്തു അമീറുൽമുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, ശഖ്സ്വിയത്തുഹൂ വ അസ്റുഹൂ, അലി മുഹമ്മദു അസ്സ്വലാബീ, പേജ് 41, അൽഫസ്ലുൽഅവ്വൽ, ദുന്നൂറയ്ൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, ദാറുൽമഅ്രിഫ ബെയ്റുത്ത് 2006)

ഹദ്റത്ത് ഉമ്മു കുൽഥൂം ഹദ്റത്ത് ഉഥ്മാന്റെ അടുക്കൽ ഹിജ്റ 9 വരെ ജീവിച്ചു. തുടർന്ന് അവർ രോഗിയാകുകയും മരണപ്പെടുകയുമുണ്ടായി. നബി(സ)തിരുമേനി അവരുടെ ജനാസ നമസ്കരിപ്പിക്കുകയും ഖബ്റിന്നരികിൽ ഇരിക്കുകയുമുണ്ടായി. ഹദ്റത്ത് അനസ്(റ) നിവേദനം. അദ്ദേഹം, നബി(സ) തിരുമേനി ഹദ്റത്ത് ഉമ്മു കുൽഥൂമിന്റെ ഖബ്റിന്നരികിൽ കണ്ണീർ വാർത്തുകൊണ്ട് ഇരിക്കുന്നത് കണ്ടു.’ (സീറത്തു അമീറുൽ മുഅ്മിനീൻ ഉഥ്മാൻ ബിൻ അഫ്ഫാൻ, ശഖ്സ്വിയത്തുഹൂ വ അസ്റുഹൂ, അലി മുഹമ്മദു അസ്സ്വലാബീ, പേജ് 42, അൽമുബഹഥുഥ്ഥാലിഥ്, ദാറുൽ മഅ്രിഫ ബെയ്റുത്ത് 2006)

ബുഖാരിയുടെ ഒരു നിവേദനത്തിൽ ഈ സംഭവം ഇങ്ങനെ വിവരിക്കുന്നു: ‘ഹിലാൽ, ഹദ്റത്ത് അനസ് ബിൻ മാലിക്കിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ‘നബി(സ)തിരുമേനി മകളുടെ ജനാസയിൽ സന്നിഹിതനായിരുന്നു. നിവേദകൻ പറയുന്നു: ‘ഞാൻ നബി(സ)തിരുമേനിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. നബി(സ)തിരുമേനിയുടെ കണ്ണുകൾ അശ്രു പൊഴിക്കുന്നത് ഞാൻ കാണാനിടയായി.’(സ്വഹീഹുൽ ബുഖാരി,കിതാബുൽ ജനാഇസ്, ഹദീഥ് നമ്പർ 1342, ഉർദു തർജമ സ്വഹീഹുൽ ബുഖാരി വാല്യം 2, പേജ് 663, പ്രസാധകർ, നളാറത്ത് ഇശാഅത്ത് റബ്വ)

മറ്റൊരു നിവേദനത്തിൽ പറയുന്നു: ‘നബി(സ) തിരുമേനി, ഹദ്റത്ത് ഉമ്മു കുൽഥൂം വഫാത്തായപ്പോൾ പറഞ്ഞു: ‘എനിക്ക് മൂന്നാമത് ഒരു മകളുണ്ടായിരുന്നെങ്കിൽ ഞാൻ അവളുടെ വിവാഹവും ഉഥ്മാനുമായി നടത്തുമായിരുന്നു.’ (അത്ത്വബഖാത്തുൽകുബ്റാ ലിഇബ്നി സഅ്ദ്, ഭാഗം 3, പേജ് 32, ഉഥ്മാൻ ബിൻ അഫ്ഫാൻ(റ), ദാറു അഹ്യാഉത്തുറാഥ് അൽഅറബീ, ബെയ്റുത്ത് 1996)

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി ഒരു സ്ഥലത്തുകൂടി കടന്നുപോവുകയായിരുന്നു. അപ്പോൾ ഹദ്റത്ത് ഉഥ്മാൻ അവിടെയിരുന്ന് നബി(സ) തിരുമേനിയുടെ മകൾ ഉമ്മു കുൽഥൂമിന്റെ വഫാത്തിൽ കരയുകയായിരുന്നു. നബി(സ) തിരുമേനിയോടൊപ്പം അവിടത്തെ രണ്ട് സഹചരന്മാരും അതായത് ഹദ്റത്ത് അബൂബക്റും ഹദ്റത്ത് ഉമറും ഉണ്ടായിരുന്നു. നബി(സ)തിരുമേനി ചോദിച്ചു: ‘ഉഥ്മാൻ! നിങ്ങളെന്തിനാണ് കരയുന്നത്?’ ഹദ്റത്ത് ഉഥ്മാൻ പറഞ്ഞു: ‘യാ റസൂലല്ലാഹ്! അങ്ങുമായുള്ള എന്റെ ജാമാതാവ് എന്ന ബന്ധം ഇല്ലാതായതിനാലാണ് ഞാൻ കരയുന്നത്. രണ്ട് പെൺമക്കളും മരണപ്പെട്ടിരിക്കുന്നു.’ നബി(സ)തിരുമേനി പറഞ്ഞു: ‘കരയാതിരിക്കൂ! എന്റെ ജീവൻ ആരുടെ കൈയിലാണോ അവനാണ! എനിക്ക് 100 പെൺമക്കൾ ഉണ്ടായിരിക്കുകയും അവരിൽ ഓരോരുത്തരും മരണപെടുകയുമാാണെങ്കിൽ ഒന്നിനുശേഷം മറ്റൊന്നായി ഞാൻ നിനക്കുതന്നെ വിവാഹം ചെയ്തുതരുമായിരുന്നു; അങ്ങനെ നൂറ് പെൺമക്കളിൽ ആരും തന്നെ ബാക്കിയാകാതിരുന്നാലുംശരി.’ ഏതായിരുന്നാലും ഈയൊരു സ്നേഹപ്രകടനമാണ് രണ്ട് ഭാഗത്തു നിന്നുമുണ്ടായിരുന്നത്. ഹദ്റത്ത് ഉഥ്മാന് ഈ ആശങ്കയായിരുന്നു. എന്നാൽ, നബി(സ)തിരുമേനി നിലനിറുത്തിയ ബന്ധുത്വം തുടർന്നും നിലനിൽക്കും എന്ന് അദ്ദേഹത്തിന് ഉറപ്പുനൽകുന്നു. ബാക്കി ഇൻശാ അല്ലാഹ്, പിന്നീട് വിവരിക്കുന്നതാണ്.

ഞാൻ എല്ലാ ജുമുഅക്കും ആഹ്വാനം ചെയ്യുകയും ഓർമപ്പെടുത്തുകയും ചെയ്തു വന്നിരുന്നതുപോലെ പാകിസ്താനിലെ ജനങ്ങൾക്കുവേണ്ടിയും അഹ്മദികൾക്കു വേണ്ടിയും ദുആ ചെയ്തുകൊണ്ടിരിക്കുക. എതിരാളികൾ തങ്ങളുടെ ഗർവിൽ നമ്മുടെ വൃത്തം ചെറുതാക്കുകയാണ്. എന്നാൽ, ഒരു ഉന്നത അസ്തിത്വം അല്ലാഹു ഉണ്ട്. അവന്റെ വിധിയും ചലിക്കുന്നുണ്ട്. അവന്റെ വലയം അവർക്കുമേൽ ചെറുതായിവരുന്നുണ്ട്. അത് ഇടുങ്ങിക്കഴിഞ്ഞാൽ പിന്നെ അതിൽനിന്ന് ഓടി രക്ഷപ്പെടാൻ കഴിയില്ല. അല്ലാഹു ഇവർക്ക് ബുദ്ധി നൽകുമാറാകട്ടെ. ഇവർ ഇനിയെങ്കിലും ബുദ്ധി പ്രയോഗിക്കുകയും നീതി പ്രവർത്തിക്കുകയും അനാവശ്യവും അക്രമവും മർദ്ദനവും ഒഴിവാക്കുകയും ചെയ്യുമാറാകട്ടെ. അതേപോലെ അൽജീരിയായിലെ ജനങ്ങൾക്കുവേണ്ടിയും ദുആചെയ്യുക. അവരുടെ വിശ്വാസം നിലനിൽക്കുമാറാകട്ടെ. അതേപോലെ മറ്റു ചില സ്ഥലങ്ങളിലും അഹ്മദികൾക്ക് വളരെയേറെ എതിർപ്പുകളുണ്ട്. അല്ലാഹു എല്ലാ സ്ഥലത്തും എല്ലാ നിലയ്ക്കും അഹ്മദികളെ സുരക്ഷിതരാക്കുമാറാകട്ടെ. നമസ്കാരങ്ങൾക്കു ശേഷം ഞാൻ ചില ജനാസ നമസ്കാരങ്ങളും നിർവഹിക്കുന്നതാണ്. അവരെ സംബന്ധിച്ചും ഇവിടെ അനുസ്മരിക്കാം.

ആദ്യത്തെ അനുസ്മരണം, മൗലാനാ സുൽത്വാൻ മഹ്മൂദ് അൻവർ സാഹിബിന്റേതാകുന്നു. അദ്ദേഹം മുൻ നാളിർ ഇസ്ലാഹോ ഇർശാദ് മർകസിയയും നാളിർ ഖിദ്മത്ത് ദർവേശാനും നാളിർ ഇസ്ലാഹ് വ ഇർശാദ് രിശ്ത നാത്വയുമായിരുന്നു, ജനുവരി 11 ന് റബ്വയിൽ 88–മത്തെ വയസിൽ വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹത്തിന്റെ പിതാവിന്റെ പേര് ചൗദ്ദരി മുഹമ്മദ് ദീൻ എന്നായിരുന്നു. മാതാവിന്റെ പേര് റഹ്മത്ത് ബീബി എന്നാകുന്നു. അദ്ദേഹത്തിന്റെ പിതാവ് 1928 ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ കൈയിൽ ബയ്അത്ത് ചെയ്തു അഹ്മദിയ്യത്തിൽ പ്രവേശിച്ചു. മൗലാനാ സുൽത്വാൻ മഹ്മൂദ് അൻവർ സാഹിബ് അദ്ദേഹത്തിന്റെ ഏകമകനായിരുന്നു. മൗലാനാ സുൽത്വാൻ മഹ്മൂദ് അൻവർ സാഹിബ് മിഡിൽ വരെ പഠിച്ചതിനുശേഷം 1946 ഏപ്രിൽ മാസത്തിൽ വഖ്ഫ്ചെയ്തു ഖാദിയാൻ മദ്രസാ അഹ്മദിയ്യയിൽ പ്രവേശിച്ചു. പാകിസ്താൻ രൂപീകരണത്തിനുശേഷം ജാമിഅ അഹ്മദിയ്യാ, അഹ്മദ് നഗറിലേക്ക് മാറ്റി. അവിടെനിന്ന്

1952–ൽ മൗലവി ഫാളിൽ പരീക്ഷ നൽകി. 1956 ൽ ജാമിഅ അഹ്മദിയ്യായിൽ നിന്ന് ശാഹിദ് ഡിഗ്രിയും നേടി. അദ്ദേഹത്തിന്റെ വിവാഹം അവിടെ ചൗദ്ദരി സഅ്ദുദ്ദീൻ സാഹിബിന്റെ മകൾ മഹ്മൂദ ശൗക്കത്ത് സാഹിബയുമായി നടന്നു. 1960 ജൽസാസാലാന വേളയിൽ മൗലാന ജലാലുദ്ദീൻ ശംസ് സാഹിബാണ് നിക്കാഹ് ഖുത്ബ നിർവഹിച്ചത്. അദ്ദേഹത്തിന് നാല് ആൺമക്കളും 2 പെൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ ഇഹ്സാൻ മഹ്മൂദ് വഖ്ഫെ സിന്ദഗിയാണ്. തഹ്രീക്കെ ജദീദ് ഓഫീസിൽ സേവനം ചെയ്യുന്നു.

മൗലാന സാഹിബിന്റെ ആദ്യത്തെ നിയമനം ഗുജറാത്തിലായിരുന്നു. മാത്രമല്ല അദ്ദേഹം മുറബ്ബി എന്ന നിലയ്ക്ക് പാകിസ്താനിലെ നിരവധി സ്ഥലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. 1974 മുതൽ 1978 വരെ ഘാനയിലായിരുന്നു. ഈ സമയത്ത്ഞാനും അവിടെയുണ്ടായിരുന്നു. അവിടെ അദ്ദേഹം നിസ്വാർഥ സേവനം ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്. 1982 മുതൽ 1983 വരെ മജ്ലിസ് കാർപർദാസ് സെക്രട്ടറിയായിരുന്നു. പിന്നെ 83 ൽ മജ്ലിസ് കാർപർദാസ് സ്വദ്റായി നിയമിതനായി. 1983 മുതൽ 1998 വരെ നാളിർ ഇസ്ലാഹ് വ ഇർശാദ് മർകസിയ്യ ആയിരുന്നു. അതിനുശേഷം 2011 വരെ നാളിർ ഖിദ്മത്തെ ദർവേശാൻ ആയിരുന്നു. 2011 മുതൽ 17 വരെ നാളിർ രിശ്ത നാത്വായായി. രോഗാതുരനായതുകൊണ്ട് 2017 ൽ റിട്ടയർഡായി. അദ്ദേഹത്തിന് തബ്ലീഗ്ചെയ്യാനും ജനങ്ങളോട് സംവദിക്കാനും പ്രഭാഷണം നടത്താനും പ്രത്യേക ചാതുര്യമുണ്ടായിരുന്നു. അദ്ദേഹം വിവിധസരണിയിൽ പെട്ട ആളുകളുമായും പണ്ഡിതന്മാരുമായും സംവദിച്ചതിന്റേയും അവർക്ക് വളരെ ശക്തവും വൈജ്ഞാനികവുമായ മറുപടി നല്കിയതിന്റേയും നിരവധി സംഭവങ്ങളുണ്ട്. ഞാൻ പറഞ്ഞതുപോലെ അദ്ദേഹം നല്ല വാഗ്മിയായിരുന്നു. ശ്രോതാക്കളെ, കേൾവിക്കാരെ തന്നിലേക്ക് ആകർഷിക്കുമായിരുന്നു. അദ്ദേഹത്തോടൊപ്പം സേവനം ചെയ്ത മുറബ്ബിമാർ എഴുതുന്നു: 'അദ്ദേഹം ഞങ്ങളെകൂടെകൂട്ടി നടക്കുന്ന ആളായിരുന്നു.' എല്ലാവരും എഴുതുന്നത് അദ്ദേഹം ഞങ്ങളോട് അങ്ങേയറ്റം വാത്സല്യപൂർവ്വം പെരുമാറിയിരുന്നു എന്നാണ്. സ്വയം തഹജ്ജുദും ഇബാദത്തുകളും അനുഷ്ഠിക്കുകയും ജനങ്ങളെ പ്രത്യേകിച്ചും മുറബ്ബിമാരേ തഹജ്ജുദിനും ഇബാദത്തിനും പ്രേരിപ്പിക്കുകയും ചെയ്തിരുന്നു. ഖിലാഫത്തിനോടുള്ള കൂറിലും അനുസരണത്തിലും അദ്ദേഹത്തിന്റേത് അനിതരസാധാരണമായ നിലവാരമായിരുന്നു. ഖിലാഫത്തെ റാബിഅയിൽ അല്പസ്വല്പം ചില പരീക്ഷണങ്ങളും അദ്ദേഹത്തിനുണ്ടായി. എന്നാൽ, പൂർണമായ അനുസരണത്തോടെ ഈ ഘട്ടവും അദ്ദേഹം തരണം ചെയ്തു. കീഴുദ്യോഗസ്ഥനായും സേവനം ചെയ്തു. മാത്രമല്ല ഇതിൽ ആരോ അദ്ദേഹത്തോട് പറഞ്ഞു: താങ്കൾ നേരത്തെ നാളിർ ആയിരുന്നു. ഇപ്പോൾ താങ്കൾ നാളിർ എന്നതിനുപകരം ഒരു നാളിറിന്റെ കീഴിൽ ജോലി ചെയ്യുകയാണല്ലോ?–ഇതേപറ്റി എനിക്ക് മുറബ്ബിമാരും അദ്ദേഹത്തിന്റെ മക്കളും എഴുതിയിട്ടുണ്ട്– അദ്ദേഹം പറഞ്ഞു: ആര് എവിടെയാണ് ആവശ്യമെന്ന് കാലത്തിന്റെ ഖലീഫയെക്കാളും നന്നായി ആർക്കറിയാം. ഞാൻ വഖ്ഫ് ചെയ്തതാണ്. എന്നോട് ചൂലെടുത്ത് അടിച്ചുവാരാൻ പറഞ്ഞാൽ കാലത്തിന്റെ ഖലീഫയുടെ നിർദ്ദേശപ്രകാരം അതാണ് ചെയ്യുക. തുടർന്ന് അല്ലാഹു സാഹചര്യങ്ങൾ നന്നാക്കി. അദ്ദേഹത്തിന്റെ പൂർണമായ കൂറിന്റേയും അനുസരണത്തിന്റേയും മാതൃകയെ പറ്റി എനിക്കും അറിയാം. പിന്നീട് അദ്ദേഹം വീണ്ടും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ മെമ്പറുമായി. നാളിമുമായി. അദ്ദേഹം ഉണ്ടായിരുന്നിടത്തെല്ലാം അതായത് കറാച്ചിയിലും മറ്റെല്ലാ സ്ഥലങ്ങളിലും അമീറുമായുള്ള സമ്പൂർണ സഹകരണത്തിന്റേയും അനുസരണത്തിന്റേയും മാതൃകയായിരുന്നു.

അല്ലാഹു അദ്ദേഹത്തോട് കരുണയോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ നന്മകൾ നിലനിറുത്താൻ അദ്ദേഹത്തിന്റെ മക്കൾക്കും തൗഫീഖ് നൽകുമാറാകട്ടെ.

അദ്ദേഹത്തിന്റെ ചില വൈജ്ഞാനിക സേവനങ്ങളുമുണ്ട്. അദ്ദേഹം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. കലിമ ത്വയ്യിബയുടെ മഹത്ത്വവും സ്ഥാപനവും, അഹ്മദിയുടെ വ്യക്തിത്വം, അല്ലാഹു, ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ), വിശുദ്ധ ഖുർആൻ, കഅ്ബ, അഹ്മദിയ്യാ ജമാഅത്തിലെ ജനസംഖ്യ, ശരീഅത്ത് നിയമം നടപ്പാക്കുന്നതിലെ പരാജയത്തിനുള്ള കാരണങ്ങൾ, പ്രവാചകനിന്ദയുടെ ശിക്ഷ എന്നിവയാണ് രചനകൾ. ഇതെല്ലാം അദ്ദേഹത്തിന്റെ പുസ്തകങ്ങളാകുന്നു. വൈജ്ഞാനികരംഗത്തും നല്ല രീതിയിൽ പ്രവർത്തിച്ചിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തോട് കരുണയോടും പൊറുമയോടും വർത്തിക്കുമാറാകട്ടെ.

അടുത്ത ജനാസ മൗലാന മുഹമ്മദ് ഉമർ സാഹിബിന്റേതാണ്. അദ്ദേഹം മുൻ നാളിർ ഇസ്ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ ആയിരുന്നു. പി.കെ.ഇബ്റാഹീംസാഹിബിന്റെ മകനാണ്. ജനുവരി 21 ന് 87–ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. കേരളക്കാരനാണ്. അദ്ദേഹത്തിന്റെ പിതാവ് ജമാഅത്തിന്റെ കഠിന എതിരാളികളുടേയും ശത്രുക്കളുടേയും കൂട്ടത്തിലായിരുന്നു. മൗലാന സാഹിബിന്റെ ജനനത്തിനും 10 വർഷം മുമ്പേ അദ്ദേഹം അതായത് പിതാവ് കച്ചവടത്തിനു വേണ്ടി ബോംബെയിൽ പോയിരുന്നു. അക്കാലത്ത് നിരവധി അഹ്മദികൾ ബോംബെയിൽ കച്ചവടം ചെയ്തിരുന്നു. ബോംബെയിൽ മലബാറിലെ ചില അഹ്മദികളുമായി അദ്ദേഹത്തിന് കൂടിക്കാഴ്ചയ്ക്ക് അവസരം കിട്ടി. അഹ്മദിയ്യാവിശ്വാസങ്ങളെ പറ്റി സംസാരമുണ്ടായി. 1924–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) ബോംബെയിൽ പോയപ്പോൾ ഹുദൂറിന്റെ പരിശുദ്ധ കരങ്ങളിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കാൻ അദ്ദേഹത്തിനു സൗഭാഗ്യം ലഭിച്ചു. പിന്നീട് അദ്ദേഹത്തിന് ഖാദിയാൻ സന്ദർശിക്കാനും അവസരം ലഭിച്ചിരുന്നു.

മൗലാനാ ഉമർ സാഹിബ് 1954–ൽ ഖാദിയാനിലെത്തി. അപ്പോൾ വിഭജനത്തിനുശേഷം മദ്രസ അഹ്മദിയ്യായും വീണ്ടും പ്രവർത്തനം ആരംഭിച്ചിട്ടുണ്ടായിരുന്നു. 1955–ൽ മദ്രസയിൽ പ്രവേശിച്ചു. 1961 ൽ മദ്രസ അഹ്മദിയ്യാ പരീക്ഷയും പഞ്ചാബ് യൂണിവേഴ്സിറ്റിയിൽ നിന്ന് മൗലവി ഫാളിൽ പരീക്ഷയും പാസ്സായതിനുശേഷം ഒരു വർഷം മദ്രസയിൽ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർഥിയായിരിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ഭായി അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനിയുടെ ആഗ്രഹപ്രകാരം പരേതന് ഒരു വർഷംവരെ എല്ലാ ദിവസവും രാവിലെ അദ്ദേഹത്തിന്റെ വസതിയിൽ പോയി വിശുദ്ധ ഖുർആൻ ഓതി കേൾപ്പിക്കാൻ തൗഫീഖ് ലഭിച്ചിരുന്നു. 1962 മുതൽ തബ്ലീഗ് രംഗത്ത് സേവനങ്ങൾ ആരംഭിച്ചു. മൗലാനാ സാഹിബ് ഇന്ത്യയിലെ വലിയവലിയ നഗരങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. വളരെ വിജയശ്രീലാളിതനായ മുബല്ലിഗ് എന്ന നിലയിൽ സേവനം ചെയ്തിരുന്നു. തബ്ലീഗിയോഗങ്ങളിൽ അദ്ദേഹത്തിന്റെ പ്രഭാഷണമുണ്ടാകുമായിരുന്നു. യാദ്ഗീർ സംവാദത്തിലും പങ്കെടുത്തിട്ടുണ്ട്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റെ പ്രത്യേക നിർദ്ദേശാനുസരണം കോയമ്പത്തൂരിൽ 9 ദിവസം നീണ്ടുനിന്ന ചരിത്രപ്രസിദ്ധമായ സംവാദത്തിൽ പ്രത്യേക കേന്ദ്രപ്രതിനിധികളായ മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദിന്റേയും ഹാഫിള് മുസഫർ അഹ്മദ് സാഹിബിന്റേയും കൂടെ പോയിരുന്നു. അവരോടൊപ്പം ചേർന്ന് ഇദ്ദേഹവും വളരെ നല്ല നിലയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഒരിക്കൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ ശ്ലാഘിച്ചുകൊണ്ട് പറഞ്ഞു: 'ചില ജമാഅത്തുകളിൽ ഒരു വ്യക്തിതന്നെ എല്ലാ ഭാരവും വഹിക്കാറുണ്ട്. തർജമ ചെയ്യുകയും പിന്നെ ധാരാളമായി അത് പ്രചരിപ്പിക്കുകയും ചെയ്യുന്നു. അതായത് ഖുത്ബകൾ തർജമ ചെയ്ത് ഉടൻ തന്നെ ജമാഅത്തുകളിലേക്ക് അയക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ പിന്നീട് അവയുടെ നിലവാരവും ഉയർന്നതായിതീരുന്നു. കാരണം അവർക്ക് ഉടൻതന്നെ കാലത്തിന്റെ ഖലീഫയുടെ ഖുത്ബ കിട്ടുന്നു. അങ്ങനെ ജമാഅത്തിന് എന്താണ് ആവശ്യമെന്ന് മനസിലാകുന്നു. സൗത്ത് ഇന്ത്യയിൽ ഉർദു അറിയാത്ത നമ്മുടെ ജമാഅത്തുകളുണ്ട്. നമ്മുടെ മൗലവി ഉമർ സാഹിബ്, മുബല്ലിഗ് സിൽസില, അദ്ദേഹത്തിന് അല്ലാഹു ഈ കാര്യത്തിൽ ഒരു ഉന്മേഷം നൽകിയിരുന്നു. ഒരു ഭാഗത്ത് കാതിൽ ശബ്ദം എത്തുമ്പോഴേക്കും മറുഭാഗത്ത് ഉടൻതന്നെ തർജമ ചെയ്തു എല്ലാ ജമാഅത്തുകളിലേക്കും എത്തിക്കുകയും ചെയ്യുന്നു. വളരെ ആസ്വാദ്യകരമായ നിലയിലാണ് ഈ ജോലി അദ്ദേഹം ചെയ്തിരുന്നത്. ഏകദേശം ഒരു വർഷത്തോളം ഫലസ്തീനിലും സേവനം ചെയ്യാൻ സൗഭാഗ്യം ലഭിച്ചിട്ടുണ്ട്.

വിശുദ്ധ ഖുർആൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിരവധി പുസ്തകങ്ങൾ, പ്രസിദ്ധീകരണങ്ങൾ എന്നിവ മലയാളം, തമിഴ് ഭാഷകളിൽ തർജമ ചെയ്യാൻ അവസരം കിട്ടിയിട്ടുണ്ട്.

2007–ൽ ഞാൻ അദ്ദേഹത്തെ 'നാളിർ ഇസ്ലാഹ് വ ഇർശാദ് തഅ്ലീമുൽ ഖുർആൻ വഖ്ഫെ ആർസി'യായി നിയമിച്ചു. തുടർന്ന് നാഇബ് നാളിർ അഅ്ലയായി സേവനം ചെയ്തിട്ടുണ്ട്. വളരെ നല്ല നിലയിൽ ഈ സേവനങ്ങൾ അനുഷ്ഠിച്ചു. മദ്രസ അഹ്മദിയായിൽനിന്ന് പാസായതിനു ശേഷം മർഹൂമിന് മൊത്തത്തിൽ 53 വർഷം ജമാഅത്തീ സേവനത്തിന് അവസരം ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സന്തപ്തകുടുംബത്തിൽ നാല് പെൺമക്കളും മരുമക്കളും ദൗഹിത്രന്മാരും ദൗഹിത്രികളും പ്രദൗഹിത്രന്മാരും പ്രദൗഹിത്രികളുമുണ്ട്.

ജമാഅത്തീസേവനം അദ്ദേഹത്തിന് ഒരു ഉന്മാദം തന്നെയായിരുന്നു. ഫാമിലിയോടൊപ്പമോ വ്യക്തിപരമായോ ഏതു യാത്രയിലാണെങ്കിലും ജമാഅത്തീ സേവനത്തിൽ പ്രത്യേകിച്ചും തർജമയിലും മറ്റും കർമനിരതനായിരുന്നു.

ശ്രീലങ്ക നാഷണൽ സ്വദ്ർ സാഹിബ് എഴുതുന്നു: 'ശ്രീലങ്കൻ അഹ്മദിയ്യ ജമാഅത്തിന്റെ ചരിത്രത്തിൽ 1978–ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥിന്റെ പരിശുദ്ധ നേതൃത്വത്തിൽ മൗലാനാ സാഹിബ് ആദ്യമായി കേന്ദ്ര

മുബല്ലിഗ് എന്ന നിലയിൽ വന്നത് എന്നും തങ്കലിപികളാൽ എഴുതപ്പെടുന്നതായിരിക്കും. പിന്നീട് അനിതരസാധാരണമായ നിലയിൽ ജമാഅത്തിനുള്ളിൽ പുതിയതും വളരെ വിലപ്പെട്ടതുമായ സേവനങ്ങളുണ്ട്. 1994–ൽ കൊളംബോയിൽ രാംകൃഷ്ണയുടെ വലിയ ഹാളിൽ മൗലാനാ സാഹിബ് 'സമാധാനം ഏകത' എന്ന വിഷയത്തെ അധികരിച്ച് നല്ലൊരു പ്രസംഗം നടത്തി. അത് കേൾക്കാൻ 400–ൽ അധികം ആളുകൾ വന്നിരുന്നു. പ്രത്യേകിച്ചും രാമകൃഷ്ണമിഷന്റെ ദേശീയ പ്രസിഡണ്ട്, രാജ്യത്തിലെ ഹിന്ദുകൾച്ചറൽ മന്ത്രി ഓണറബിൾ ദേവരാജൻ എന്നിവർ മൗലാനാ സാഹിബിന്റെ പ്രസംഗംകേട്ട് ഏറെ പ്രഭാവിതരായി വളരെയധികം ശ്ലാഘിക്കുകയുണ്ടായി. ആ പ്രസംഗത്തിൽ മൗലാന സാഹിബ് ഭഗവത്ഗീത ഉദ്ധരിച്ചുകൊണ്ട് ശ്ലോകങ്ങൾ ചൊല്ലി, നബി(സ)തിരുമേനിയുടെ സത്യസാക്ഷ്യം സ്ഥാപിച്ചിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഈ ചരിത്ര പ്രസിദ്ധ പ്രസംഗം ഇന്നും ജനങ്ങൾക്കിടയിൽ ഏറെ സ്വീകാര്യമാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാല് ഗ്രന്ഥങ്ങൾ തമിഴ് ഭാഷയിൽ തർജമ ചെയ്തിട്ടുണ്ട്. വിവിധവിഷയങ്ങളിൽ 7 ഗ്രന്ഥങ്ങൾ തമിഴ് ഭാഷയിൽ രചിച്ചിട്ടുണ്ട്. തമിഴ് നാട്ടിൽ 'സമാധാന വഴി'മാസിക ആരംഭിക്കുകയും ഒരു നീണ്ട കാലം അവിടെനിന്ന് ഇതരസംസ്ഥാനങ്ങളിലേക്കും അത് അയക്കുകയും ചെയ്തിരുന്നു. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുകയും അദ്ദേഹത്തിന്റെ സന്തതികൾക്കും ജമാഅത്തുമായി പൂർണ്ണമായ കൂറോടുകൂടി ബന്ധം നിലനിറുത്താൻ സൗഭാഗ്യം ലഭിക്കുകയും ചെയ്യുമാറാകട്ടെ.

അടുത്ത ജനാസ ഹബീബ് അഹ്മദ് സാഹിബ്(മുബല്ലിഗ്സിൽസില)യുടെതാണ്. ഇദ്ദേഹം റബ്വ ഫാക്ടറി ഏരിയായിലെ മുഹമ്മദ് ഇസ്മായീൽ സാഹിബിന്റെ മകനാണ്. ഡിസംബർ 25 ന് ഇസ്‌ലാമാബാദിൽ ഹൃദയസ്തംഭനം മൂലം 64–ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. 1979–ൽ ജാമിഅ അഹ്മദിയ്യാ പാസായി. അദ്ദേഹത്തിന് പാകിസ്താനിലെ വിവിധ ജില്ലകളിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. 1989 മുതൽ 2003 വരെ നൈജീരിയായിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഇതിന്നിടയിൽ 1998 മുതൽ 2000 വരെ നൈജീരിയായിൽ അമീറും മിഷണറി ഇൻചാർജുമായിരുന്നു. വളരെ വിനയത്തോടെയും താഴ്മയോടെയും സേവനനിരതനായിരുന്നു. ഓഫീസ് ജോലികൾക്ക് പുറമേ പ്രദേശത്തെ തർബിയ്യത്ത് കാര്യങ്ങളിലും വളരെ നല്ല നിലയിൽ ജോലിചെയ്തിരുന്നു. സന്തപ്തകുടുംബത്തിൽ ഭാര്യയ്ക്ക് പുറമേ മൂന്ന് ആൺ മക്കളും രണ്ടു പെൺമക്കളുമുണ്ട്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും കൂടി വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും കൂറോടുകൂടി ജമാഅത്തുമായി ബന്ധം നിലനിറുത്താൻ തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത ജനാസ ബദ്റുസ്സമാൻ സാഹിബിന്റേതാണ്. അദ്ദേഹം കുറച്ചുകാലമായി യു.കെ. വക്കാലത്ത് മാലിൽ ജീവനക്കാരനായിരുന്നു. ജനുവരി 3 ന് വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. വളരെയേറെ ആത്മാർഥതയുള്ള അധ്വാനശാലിയായ ജീവനക്കാരനായിരുന്നു. 1944–ൽ അമൃത്സറിലാണ് ജനിച്ചത്. ജന്മനാ അഹ്മദിയായിരുന്നു. ഗവൺമെന്റ് സർവീസ് ചെയ്യുമ്പോൾ അദ്ദേഹത്തിന് ഖുദ്ദാമുൽ അഹ്മദിയ്യ കയറ്റ ജില്ലാ ഖായിദായും തുടർന്ന് ബലൂചിസ്താൻ നാളിം അൻസാറുല്ലായായും സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിട്ടുണ്ട്. 1986ൽ അദ്ദേഹത്തെ ഒരു ജമാഅത്തീ കേസിലും അകപ്പെടുത്തി. അങ്ങനെ ദൈവമാർഗത്തിൽ തടവും അനുഭവിച്ചു. 1995 മുതൽ 99 വരെ റബ്വ വക്കാലത്ത് മാൽ അവ്വലിൽ സേവനം ചെയ്തിരുന്നു. ഇവിടെ ലണ്ടനിൽ വന്നപ്പോൾ റഖീംപ്രസിലും പിന്നെ 17 വർഷം അഡീഷണൽ വക്കാലത്തുമാൽ ലണ്ടൻ ഓഫീസിലും സേവനം ചെയ്തിട്ടുണ്ട്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.

അടുത്ത ജനാസ മൻസൂർ അഹ്മദ് തഅ്ഥീർ സാഹിബിന്റേതാണ്. ഇദ്ദേഹം മുബല്ലിഗ് സിൽസില മൗലവി മുഹമ്മദ് അഹ്മദ് നഈം സാഹിബിന്റെ മകനാകുന്നു. നളാറത്ത് ഉമൂറെ ആമ റബ്വയിലെ ഇഹ്തിസാബ് വകുപ്പിലെ ജീവനക്കാരനായിരുന്നു. ഡിസംബർ 30ന് 70–ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അദ്ദേഹം ഏകദേശം 25 വർഷം ജമാഅത്തിന്റെ ജീവനക്കാരനായി ജമാഅത്തുപരമായ സേവനത്തിൽ വിവിധ ഓഫീസുകളിൽ സേവനം ചെയ്തിട്ടുണ്ട്. അദ്ദേഹം വളരെ ഏറെ ഇടപഴകുന്ന ദീനീ ബോധമുള്ള, വാത്സല്യമുള്ള വ്യക്തിയായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റം സ്നേഹമായിരുന്നു. മറ്റുള്ളവരേയും അക്കാര്യത്തിൽ ഉപദേശിക്കുമായിരുന്നു. സഹനവും സഹിഷ്ണുതയും മുഖേന പ്രശ്നങ്ങൾ പരിഹരിക്കുമായിരുന്നു. പൊതുവിൽ സങ്കീർണമായ പ്രശ്നങ്ങൾ അദ്ദേഹത്തെയാണ് ഏൽപ്പിക്കാറുണ്ടായിരുന്നത്. ചിലപ്പോൾ ഇരു കക്ഷികളും കോപാകുലരായി ദേഷ്യപ്പെട്ട് ഓഫീസിലെത്തുമായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ സ്നേഹവാത്സല്യത്താൽ അവരുടെ ആവേശവും ദേഷ്യവും നിയന്ത്രണവിധേയമാകുമായിരുന്നു. പ്രശ്നങ്ങൾ അദ്ദേഹം തീർപ്പാക്കിയിരുന്നു. ജമാഅത്തീ സേവനത്തിൽ എത്രമാത്രം ആവേശമുണ്ടായിരുന്നുവെന്ന് വെച്ചാൽ ഭാര്യ എഴുതുന്നു: 'അദ്ദേഹത്തിന്റെ മകൾ ഫാരിയ മൻസൂറിന്റെ വലീമ പാർട്ടിയുള്ള ദിവസം രാവിലെ തയ്യാറായി ഓഫീസിലേക്ക് പുറപ്പെട്ടു. ഭാര്യ ചോദിച്ചു: 'വിവാഹവീടല്ലേ, അവധിയാക്കികൂടെ?' അദ്ദേഹം മറുപടി പറഞ്ഞു: 'ഭക്ഷണത്തിനുള്ള സമയം രണ്ടുമണിയല്ലേ? സമയം കളയണ്ട കാര്യമെന്താണ്? ഞാൻ ഓഫീസിൽ പോവുകയാണ്. സമയത്തിനെത്താം.'

മേലുദ്യോഗസ്ഥരോടു ആദരവോടെ പെരുമാറിയിരുന്നു. ഏതെങ്കിലും കാര്യത്തിൽ അഭിപ്രായഭിന്നത ഉണ്ടെങ്കിൽ എപ്പോഴും മര്യാദകൾ പാലിച്ചുകൊണ്ടുതന്നെ തന്റെ അഭിപ്രായം സമർപ്പിച്ചിരുന്നു. സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ ഭാര്യ റക്ശൻദ സാഹിബയും രണ്ട് ആൺമക്കളും രണ്ടു പെൺമക്കളുമുണ്ട്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടുംകൂടി വർത്തിക്കുമാറാകട്ടെ.

എനിക്ക് അദ്ദേഹത്തെ കുട്ടിക്കാലം മുതലേ അറിയാം. എന്റെകൂടെ പഠിച്ചിരുന്നു. അദ്ദേഹത്തിൽ വളരെ നല്ല മാന്യമായ പെരുമാറ്റം ഇപ്പോഴും ഞാൻ കണ്ടിട്ടുണ്ട്. തമാശകൾ പറയുന്ന പ്രകൃതമായിരുന്നു. ഒരിക്കലും ദേഷ്യപ്പെടുകയോ വഴക്കുകൂടുകയോ ചെയ്യുമായിരുന്നില്ല. അത് അവസാനം വരെയും തുടർന്നു. അതുകൊണ്ടുതന്നെ ജനങ്ങൾക്കിടയിൽ രഞ്ജിപ്പുണ്ടാക്കാനും നല്ല രീതിയിൽ അദ്ദേഹത്തിന് ഇടപെടാനും കഴിഞ്ഞിരുന്നു.

അടുത്ത ജനാസ ടൻസാനിയായിലെ ഈദി ഇബ്റാഹീം മവാങ്കാ സാഹിബിന്റേതാണ്. ഡിസംബർ 9ന് 73–ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മെഡിക്കൽ വിഭാഗത്തിൽ ഉഗാണ്ടയിലെ മക്‌രീറ യൂണിവേഴ്സിറ്റിയിൽ അഡ്മിഷൻ എടുത്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈസ്റ്റ് ആഫ്രിക്കയിലെ ആദ്യത്തെ തദ്ദേശ ഡോക്ടറെന്ന ബഹുമതിക്ക് അർഹനാണ്. ഡോക്ടർ സാഹിബിന് യുവത്വകാലത്തുതന്നെ ബയ്അത്ത് ചെയ്യാനുള്ള സൗഭാഗ്യം ലഭിച്ചു. സ്കൂൾ വിദ്യഭ്യാസകാലത്തുതന്നെ മതപരമായ കാര്യങ്ങളിലും പരിപാടികളിലും പങ്കെടുക്കാറുണ്ടായിരുന്നു. നാമമാത്രരായ ഇസ്‌ലാമിക പണ്ഡിതന്മാരിൽനിന്ന് അഹ്മദിയജമാഅത്തിനെ പറ്റി നിരന്തരം ആക്ഷേപങ്ങൾ കാരണം അദ്ദേഹത്തിന്റെ ഉള്ളിൽ ജമാഅത്തിനെ പറ്റി അറിയാൻ താൽപര്യമുണ്ടായി. അക്കാലത്താണ് അദ്ദേഹം മുബല്ലിഗ് സിൽസില ശെയ്ഖ് അബൂത്വാലിബ് സാദി സാഹിബിനെ കണ്ടുമുട്ടുന്നത്. അദ്ദേഹം കുടുംബക്കാരനുമായിരുന്നു. അദ്ദേഹവുമായി ആക്ഷേപങ്ങളെ സംബന്ധിച്ച് സംസാരിച്ചപ്പോൾ ശെയ്ഖ് സാഹിബ് ഈ കല്പിത ആരോപണങ്ങൾക്ക് മറുപടി നൽകുക മാത്രമല്ല അദ്ദേഹത്തിന് അഹ്മദിയ്യാ ജമാഅത്ത് പ്രസിദ്ധീകരിച്ച സ്വാഹിലി തർജമത്തുൽഖുർആനും മറ്റു ഗ്രന്ഥങ്ങളും കാണിച്ചു കൊടുത്തു. പ്രസ്തുത പുസ്തകങ്ങൾ വായിച്ചതിനുശേഷം ഡോക്ടർ സാഹിബ് ബയ്അത്ത് ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം അവസാനശ്വാസം വരെയും തന്റെ ബയ്അത്ത് പ്രതിജ്ഞ നിറവേറ്റി. എല്ലാ സമയത്തും എല്ലാ വിഭാഗം ജനങ്ങൾക്കും ഇസ്‌ലാം–അഹ്മദിയ്യത്തിന്റെ സന്ദേശം എത്തിക്കുന്നതിൽ വ്യാപൃതനായിരുന്നു. തബ്ലീഗ് കാര്യത്തിൽ അദ്ദേഹത്തിന് പ്രത്യേകം ആവേശമായിരുന്നു. അതു കാരണം അദ്ദേഹം അഹ്മദികളിലും അനഹ്മദികളിലും ഒരുപോലെ അറിയപ്പെട്ടിരുന്നു. എപ്പോഴും തന്റെ ബാഗിൽ ജമാഅത്തീ ഗ്രന്ഥങ്ങളും മാസികകളുംവച്ച് മാർക്കറ്റിൽപോയി വിൽക്കുമായിരുന്നു. ജനങ്ങൾ അദ്ദേഹത്തോട് ചോദിച്ചു: 'താങ്കൾ ഡോക്ടറല്ലേ? ഇവിടെ എന്തിനാണ് പുസ്തകങ്ങൾ വിൽക്കുന്നത്?' അദ്ദേഹം പറയും: 'ഞാൻ ആസ്പത്രിയിലായിരിക്കുമ്പോൾ ശരീരത്തെ ചികിത്സിക്കുന്നു. ഇപ്പോൾ ആത്മാവിനെയാണ് ചികിത്സിക്കുന്നത്. ഇവ രണ്ടിനേയും വെവ്വേറെ ആക്കാനോ ഏതെങ്കിലും ഒന്നിനെ അവഗണിക്കാനോ പാടില്ല. ഖിലാഫത്തിനോട് നിസ്സീമമായ സ്നേഹവും വിശ്വാസവുമായിരുന്നു. മക്കളേയും ഇസ്‌ലാമികരീതിയിൽതന്നെ വളർത്തി. അവരുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനും പ്രത്യേകം ശ്രദ്ധ ചെലുത്തിയിരുന്നുവെന്ന് മാത്രമല്ല വീട്ടിൽ മക്കളുമൊത്ത് ജമാഅത്തായ നമസ്കാരത്തിനും ഏർപ്പാടു ചെയ്തിരുന്നു. വീട്ടിൽ ഒരു ലൈബ്രറിയും ഉണ്ടാക്കിയിട്ടുണ്ട്. അതിൽ മറ്റു വിഷയങ്ങളെ സംബന്ധിച്ച ഗ്രന്ഥങ്ങളോടൊപ്പം ജമാഅത്തീ ഗ്രന്ഥങ്ങളും വെച്ചിട്ടുണ്ട്. തന്റെ മക്കളെ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ് ലാമിൽ നിലനിറുത്തുന്നതിനുവേണ്ടി സ്വയം ദുആ ചെയ്യുകയും മറ്റുള്ളവരോട് ദുആക്കു വേണ്ടി പറയുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ എല്ലാ മക്കളും ജമാഅത്ത് വ്യവസ്ഥിതിയുമായി ചേർന്നിരിക്കുന്നവരും പിതാവിന്റെ സൽസ്വഭാവങ്ങൾ ഉൾക്കൊള്ളുന്നവരുമാകുന്നു. അല്ലാഹു അവരെ എപ്പോഴും അങ്ങനെ ബന്ധപ്പെടുത്തി നിലനിറുത്തുമാറാകട്ടെ. അവർ പിതാവിന്റെ ദുആകളും ആഗ്രഹങ്ങളും പൂർത്തി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി
ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-6 Thursday 18–25 March 2021 Issue-11–12

MANAGER
Sheik Mujahid

Mobile: 91 9913379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

യാക്കുന്നവരുമാകട്ടെ. അല്ലാഹു ഡോക്ടർ സാഹിബിനോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ പദവികൾ ഉയർത്തുമാറാകട്ടെ.

അടുത്ത അനുസ്മരണം സ്വുഗ്റാബേഗം സാഹിബയുടേതാണ്. ഇവർ ഖാദിയാനിലെ ദർവേശ് ദീൻ മുഹമ്മദ് സാഹിബ് നംഗ്‌ലിയുടെ ഭാര്യയാണ്. ജനുവരി 6–ന് 85–ാ മത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ്മൗഊദ് (അ)ന്റെ സ്വഹാബി ഹദ്റത്ത് ഹക്കീം മുഹമ്മദ് റമളാൻ സാഹിബിന്റെ മകളായിരുന്നു. നമസ്കാരം, നോമ്പ് എന്നിവയിൽ കൃത്യനിഷ്ഠയുള്ള, തഹജ്ജുദ് കൃത്യമായി അനുഷ്ഠിക്കുന്ന, അതിഥി സൽക്കാരപ്രിയയായ, സഹനശീലവും അധ്വാനശീലവും സഹതാപവുമടക്കം നിരവധി നന്മകളുള്ള ഒരു നല്ല സ്ത്രീയായിരുന്നു. ഖിലാഫത്തിനോട് അനിതരസാധാരണമായ സ്നേഹമുണ്ടായിരുന്നു. വർഷങ്ങളോളം ലജ്ന ഇമാഇല്ലാഹ് ൽ ഖിദ്മത്ത് ഖൽഖ് സെക്രട്ടറിയായിരുന്നു. മർഹൂമ മൂസ്വിയയായിരുന്നു. സന്തപ്തകുടുംബത്തിൽ രണ്ട് ആൺമക്കളും രണ്ട് പെൺമക്കളുമുണ്ട്. ഒരു മകൻ ബശീറുദ്ദീൻ സാഹിബിന് 40 വർഷത്തോളം അവരെ സേവിക്കാൻ അവസരം ലഭിച്ചു. രണ്ടാമത്തെ മകൻ മുനീറുദ്ദീൻ ഇപ്പോൾ ഖാദിയാനിൽ നളാറത്ത് തഅ്മീറാത്തിൽ സേവനം ചെയ്തുവരുന്നു. അല്ലാഹു പരേതയോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മകളിൽ ചരിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ.

അടുത്ത അനുസ്മരണം ചൗദ്രരി കറാമത്തുല്ലാഹ് സാഹിബിന്റേതാണ്. ഇദ്ദേഹം ഡിസംബർ 26 ന് 95–ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. മർഹൂം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് ചൗദ്രരി ശാഹ്ദീൻ സാഹിബ് ഓഫ് ഘട്ടിയാലിയാന്റെ പൗത്രനാകുന്നു. അദ്ദേഹത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ പോയപ്പോൾ ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. ഇദ്ദേഹം ശുദ്ധമനസ്കനും .സാധുക്കൾക്ക് സേവനം ചെയ്യുന്നയാളും ആവശ്യക്കാരെ പരിഗണിക്കുന്നയാളും എല്ലാ അവസ്ഥയിലും അല്ലാഹുവിനോട് നന്ദി പ്രകടിപ്പിക്കുന്ന വ്യക്തിയും ആത്മാർഥതയുള്ള ആളുമായിരുന്നു.

അദ്ദേഹത്തിന്റെ മകൻ സുഹയ്ൽ എഴുതുന്നു: അദ്ദേഹത്തിൽ അതിഥി സൽക്കാരതാൽപര്യം പ്രകടമായിരുന്നു. അത് പ്രത്യേകമായും വെളിപ്പെടുക, വാഖ്ഫീനെ സിന്ദഗി ജമാഅത്തീ പര്യടനത്തിന്റെ ഭാഗമായി സിന്ധിൽ വരുമ്പോഴാണ്. ഇദ്ദേഹത്തിന് ഫുർഖാൻ ഫോഴ്സിലും സേവനത്തിന് അവസരം ലഭിച്ചിരുന്നു. 1983 മുതൽ 2018 വരെ അൽ ഫള്ൽ ഇന്റർനാഷണലിന്റെ ഓഫീസിൽ വാളണ്ടിയറായി സേവനം ചെയ്തിരുന്നു. തന്റെ വീട് നേരത്തെ തന്നെ ജമാഅത്തീ പരിപാടികൾക്കുവേണ്ടി സമർപ്പിച്ചിരുന്നു. ഇപ്പോഴുള്ള വീട്ടിലും ഒരു ഭാഗം നമസ്കാര സെന്ററാക്കി നിർമിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പെൺമക്കളും മകനും ജമാഅത്തിസേവനത്തിൽ കർമനിരതരാണ്. അദ്ദേഹത്തിന്റെ ദൗഹിത്രന്മാരിൽ ഒരാൾ ഹർഹാദ് അഹ്മദ് മുറബ്ബിയാണ്. ഇവിടെ യു.കെയിൽ പ്രസ് ആൻഡ് മീഡിയയിലാണ്. അല്ലാഹു അദ്ദേഹത്തോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും തലമുറയ്ക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകുവാൻ സൗഭാഗ്യം നൽകുമാറാകട്ടെ.

അടുത്ത ജനാസ ചൗദ്രരി മുനവർ അഹ്മദ് ഖാലിദ് സാഹിബ് (ജർമനി)യുടേതാണ്. ആഗസ്റ്റ് 20 ന് 85–ാമത്തെ വയസിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.

മർഹൂമിന് ജമാഅത്തീ വ്യവസ്ഥിതിയുമായി നല്ല ബന്ധമായിരുന്നു. തബ്‌ലീഗ്–തർബിയ്യത്ത് പരിപാടികളിൽ നിറസാന്നിധ്യമായിരുന്നു. ജർമനിയിൽ വിവിധ സന്ദർഭങ്ങളിൽ സ്വദ്ർ, ജനറൽ സെക്രട്ടറി തുടങ്ങിയ സ്ഥാനങ്ങളിൽ സേവനത്തിന് അവസരം കിട്ടിയിട്ടുണ്ട്. കൂടാതെ പാക്കിസ്താനിൽ ഉണ്ടായിരുന്നപ്പോൾ അവിടെ തഹ്‌രീക്കെ ജദീദ് സ്ഥലത്തിന്റേമേൽ മാനേജർ എന്ന നിലയ്ക്ക് സേവനത്തിന് സന്ദർഭം ലഭിച്ചിരുന്നു. ഖിലാഫത്തുമായി ആഴത്തിൽ ആത്മാർഥ ബന്ധമുണ്ടായിരുന്നു. മർഹൂം മൂസ്വിയായിരുന്നു. സന്തപ്തകുടുംബത്തിൽ ഭാര്യയെക്കൂടാതെ 5 ആൺമക്കളും 6 പെൺമക്കളുമുണ്ട്.

അടുത്ത ജനാസ നസ്വീറ ബേഗം സാഹിബയുടേതാണ്. ഇവർ ബംഗ്ലാദേശിലെ റിട്ടയേർഡ് മുറബ്ബി സിൽസില അഹ്മദ് സ്വാദിഖ് ത്വാഹി ർ മഹ്മൂദ് സാഹിബിന്റെ ഭാര്യയാണ്. നവംബർ 27 നും 28 നും ഇടയ്ക്കുള്ള രാത്രി വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേത മുൻ നാഷണൽ അമീർ മൗലവി മുഹമ്മദ് സാഹിബിന്റെ മകളായിരുന്നു. ഇവർ നമസ്കാരം, നോമ്പ് തുടങ്ങിയ കാര്യങ്ങളിൽ കൃത്യനിഷ്ഠയുള്ള, ദു:ആ ചെയ്യുന്ന, അതിഥിസൽക്കാര പ്രിയയായ, സഹനവും കൃതജ്ഞതയുമുള്ള ഒരു സ്ത്രീയായിരുന്നു. റമളാനിൽ കൃത്യമായി വിശുദ്ധ ഖുർആൻ ഓതിപൂർത്തിയാക്കുമായിരുന്നു. ഇതുകൂടാതെ നിരവധി നന്മകളും സേവനസ്വഭാവങ്ങളുമുള്ളവരുമായിരുന്നു. അല്ലാഹു അവരോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.

അടുത്ത ജനാസ റഫീഉദ്ദീൻ സാഹിബ് ബട്ടിന്റേതാണ്. അദ്ദേഹം ഡിസംബർ 6 ന് 92–മത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹം ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ സ്വഹാബി ഖയ്റുദ്ദീൻ സാഹിബിന്റെ മകനായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ യുവത്വത്തിൽതന്നെ വസ്വിയ്യത്ത് പദ്ധതിയിൽ ഭാഗഭാക്കാൻ സൗഭാഗ്യം ലഭിച്ചിരുന്നു. വിവിധ സ്ഥലങ്ങളിൽ ജമാഅത്തീ സേവനത്തിന് അവസരം കിട്ടിയിട്ടുണ്ട്. നാരോവാൾ ജില്ലയിൽ മധുമൽഹി ജമാഅത്ത് സ്വദ്ർവാഹ് കേന്റ് ഏരിയ അമീറുമായിരുന്നു. ഹൽഖ അമീറും വാഹ്കേന്റ് ജമാഅത്ത് സ്വദ്റുമായിരുന്നു. ദൈവമാർഗത്തിലെ തടവുകാരനാകാനും സൗഭാഗ്യം ലഭിച്ചിട്ടുണ്ട്. സന്തപ്ത കുടുംബത്തിൽ നാല് പെൺമക്കളും ഒരു മകനുമുണ്ട്. ഒരു ജാമാതാവ് നസീം അഹ്മദ് സാഹിബ് നൈജീരിയായിൽ മുബല്ലിഗായി സേവനം ചെയ്യുന്നു. അല്ലാഹു പരേതനോട് പൊറുമയോടും കരുണയോടും വർത്തിക്കുമാറാകട്ടെ.

ഈ എല്ലാ പരേതാത്മാക്കളുടേയും പദവികൾ ഉയർത്തുകയും തന്റെ പ്രിയപ്പെട്ടവർക്കിടയിൽ ഇടം നൽകുകയും ചെയ്യുമാറാകട്ടെ. ഞാൻ നേരത്തെ പറഞ്ഞതുപോലെ നമസ്കാരത്തിനു ശേഷം ഇവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. (വിവർത്തനം:എച്ച്. ശംസുദ്ദീൻ, കാവശ്ശേരി, ടൈപ്പിസെറ്റിംഗ്: ഹാശിം അശ്റഫ്, ആലപ്പുഴ)

---

**(പേജ് 1ൽനിന്ന്)**

കൾ നടത്തുന്നു, ഇല്ലെങ്കിൽ നമസ്കാരം ഉപേക്ഷിച്ചിരിക്കുന്നു, അതുമുഖേന മുഴുവൻ ജമാഅത്തിനും ചീത്തപ്പേരുണ്ടാകുന്നതുകൊണ്ട് അയാളുടെ പരിഷ്കരണത്തിന് അയാളുമേൽ നിർബന്ധം ചെലുത്തുക എന്നത് നമ്മുടെ അവകാശമാണ്. എന്നാൽ, അയാൾ അഹ്മദിയ്യത്തിനെ നിഷേധിച്ച് പുറത്തുപോയാൽ അല്ലെങ്കിൽ തന്റേതായ പുതിയ സംഘടനയുണ്ടാക്കിയാൽ നമുക്ക് അയാളുടെമേൽ ഒരു അവകാശവുമില്ല തന്നെ. ചുരുക്കത്തിൽ **അൻതും ബരീഊന മ്മിമ്മാ അഅ്മലു** എന്നതിൽ പറഞ്ഞിട്ടുള്ളത് എന്റേയും നിങ്ങളുടേയും സംഘങ്ങൾ വേറെ വേറെയുള്ളതാണ്. എന്റെ പ്രവൃത്തികൾ കാരണത്താൽ നിങ്ങളുടെമേൽ ഒരു ആരോപണവുമുണ്ടാകുകയില്ല. അതുകൊണ്ട് നിർബന്ധം ചെലുത്തുന്നതിനും കുഴപ്പത്തിനും ഒരു കാരണവുമില്ല.

ഈ ആയത്തിന് മറ്റൊരു അർഥം ഇങ്ങനേയുമുണ്ട്. എന്റേയും നിങ്ങളുടേയും കർമം തികച്ചും വ്യത്യസ്തമാണ്. അതിന് ഒരു സാദൃശവുമില്ല. ആരുടെ കർമമാണ് ശരിയെന്നും അല്ലാഹുവിന്റെ പക്കൽ സ്വീകാരമെന്നും അതിന്റെ ഫലം പറയുന്നതായിരിക്കും. കർമങ്ങൾ സദൃശമായി വരുന്ന അവസ്ഥയിൽ താഴ്ച അല്ലെങ്കിൽ ഉയർച്ച എന്തു കാരണത്താലാണ് ഉണ്ടായതെന്ന് ശരിയായ നിലയിൽ പറയാൻ പറ്റുകയില്ല. പക്ഷേ, സാദൃശമൊന്നുമില്ലെങ്കിൽ ആ ജനതയുടെ പ്രത്യേക കർമങ്ങളുടെ ഫലമാണെന്ന് പെട്ടെന്ന് അറിയാൻ കഴിയും.'(തഫ്സീറെ കബീർ, വാല്യം 3, പേജ് 82, ഖാദിയാൻ 2010)

★★★★

## കലാമുൽ ഇമാം

**'ഇസ്തിഖാമത്ത് അഥവാ സ്ഥൈര്യം കൈവരിക്കാൻ സ്വലാത്ത് ഒരു ഉഗ്രമായ മാർഗമാണ്. ധാരാളമായി ചൊല്ലുക. ആചാരവും ശീലവുമെന്ന നിലയിലല്ല; പ്രത്യുത നബി(സ)തിരുമേനിയുടെ സൗന്ദര്യവും ഔദാര്യവും പരിഗണിച്ചുകൊണ്ട്. അവിടത്തെ പദവികളുടേയും നിലകളുടേയും അഭിവൃദ്ധിക്കുവേണ്ടി. അവിടത്തെ വിജയത്തിനുവേണ്ടി.'(മൽഫൂദാത്ത് വാല്യം 3, പേജ് 38)**

ത്വാലിബെ ദുആ
K.Muhammad Safwan & Family. Ahmadiyya Jama-ath Kakkanad, Kerala

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin